# വിഷയവിവരം.

1. മൂക്കോത്തു കുമാരൻ

2. പുലിക്കോട്ടിൽ യൌസേപ്പ റമ്പാൻ

— കൈരളീദാസൻ

3. സംസ്കൃതകവികളുടെ ബിരുദങ്ങൾ

— കെ. കെ. കുഞ്ഞുണ്ണിരാജാ ബി. എ.

4. പ്രാചീന ആര്യാവർത്തത്തിലെ വിദ്യാർത്ഥിജീവിതം

— വിദ്വാൻ തേറമ്പിൽ ശങ്കുണ്ണിമേനോൻ.

5. തിരുവോണം

— കെ. ജെ. അലക്സാണ്ടർ.

6. പെരുവഴിയിൽവെച്ച്

— സി. ഗോവിന്ദക്കുറുപ്പ്.

7. ഈജിപ്തിലെ പ്രാചീനകാലത്തെ ജീവിതരീതി

— സി. എൻ. രാമൻമൂസ്സത്.

8. രാഷ്ട്രീയവും രാഷ്ട്രീയവും

— ബിരുദമില്ലാത്ത ഒരു സാധു വൈയാകരണൻ.

9. ഭാഷാവിഷയം

— മല്ലിനാഥൻ.

10. സമ്പൂർണ്ണ ജീവചരിത്രങ്ങൾ

— എ. അച്യുതവാരിയർ ബി. എ.

11. ഉപഹാരശ്ലോകങ്ങൾ

— വള്ളത്തോൾ.

12. പത്രങ്ങളും രാഷ്ട്രീയ സാമുദായികപ്രശ്നങ്ങളും

— സി. പ്രഭാകരൻ ബി. എ.

13. കൃഷ്ണമേനോൻ സാർ

— അനന്തകൃഷ്ണൻ.

14. തമസോ മാ ജ്യോതിർഗ്ഗമയ

— പരമേശ്വരൻ.

15. നിരൂപണപംക്തി

# കൈരളി

| പുസ്തകം ൨൬. | ൧൧൧൬ മിഥുനം | ലക്കം ൯. |
|---|---|---|

കൈരളീഭാഷണം.

M. 958

## മൂക്കോത്തു കുമാരൻ.

ഈയിടെ വെർജീനിയ വൂൾഫിന്റെ അകാലനിൎയ്യാണം സംബന്ധിച്ചു ലണ്ടൻ ടൈംസ് ഇങ്ങിനെ എഴുതിയിരുന്നു:— The untimely death of Virijnia Woolf marks the end of a period in English literature— one of the strangest in our annals. ശ്രീ. മൂക്കോത്തുകുമാരന്റെ നിൎയ്യാണത്തെക്കുറിച്ചും ഏതാണ്ടങ്ങിനെ പറയാം. സൎവ്വകലാവല്ലഭനായ കേരളവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ പാഠ്യപുസ്തകസമിതിയും ഭാഷാപോഷണമാത്രകൃതാൎത്ഥനായ വറുഗീസുമാപ്പിള അവർകളുടെ 'മനോരമ'യും മലയാളസാഹിത്യത്തിൽ ഏതൊരു സുവൎണ്ണദശയുടെ നാന്ദികളായിരുന്നുവോ ആ ദശയിലെ—പത്രലേഖകരായിറങ്ങിയ രസികന്മാരെക്കൊണ്ടു സാഹിത്യത്തിന്റെ സകല വശങ്ങളിലും കൈവെപ്പിക്കാൻ മതിയായ ആ അവിസ്മരണീയ ദശയിലെ—സഹൃദയസംഭാവിതരായ നടന്മാരിൽ വല്ലവരും ശേഷിച്ചിട്ടുണ്ടെങ്കിൽ അവരിൽ ഒരാളായിരുന്നു കുമാരനവർകൾ. അരങ്ങത്തുനിന്നു പിന്മാറാതെ അവസാനംവരെ പലമാതിരി നടനങ്ങളിലുമേൎപ്പെട്ടു് അതീതദശയെ ആരെക്കൊണ്ടും അനുസ്മരിപ്പിച്ചുപോന്നതോൎക്കുമ്പോൾ അദ്ദേഹമായിരുന്നു അക്കൂട്ടത്തിൽ അന്തിമനെന്നു പറയേണ്ടിയിരിക്കുന്നു. ഷഷ്ടിപൂൎത്തി കഴിഞ്ഞിരിക്കുന്ന മററു സാഹിത്യനായകന്മാർ യഥാൎത്ഥത്തിൽ കുമാരനവർകളെപ്പോലെ പത്രസാഹിത്യത്തിൽനിന്നുദിച്ചുയൎന്നവരോ വാർദ്ധക്യം വകവെക്കാത്ത സന്തതവ്യവസായികളോ അല്ലാത്തതിനാൽ അവരെ ഒഴിച്ചുനിൎത്തുന്നതിൽ അബദ്ധമില്ല.

ആവശ്യത്തിനുവേണ്ട ഇംഗ്ലീഷും സംസ്കൃതവും സ്വാധീനമായിരുന്നതിനാൽ സ്വന്തമായൊരു രീതി ഉറച്ചുംവരെ ഏതു വിഷയത്തേയും കുറിച്ചെഴുതി, മലയാളത്തിൽ പദ്യത്തിൽ മാത്രമല്ല ഗദ്യത്തിലും സാഹിത്യമാകാമെന്നു വരുത്തത്തക്കവിധം കഷ്ടിച്ചരശ്ശതാബ്ദമായിട്ട് ഇടവിടാതെ പ്രവൎത്തിച്ച് യശോഭൂഷണനായന്തരിച്ച ശ്രീമാൻ മൂക്കോത്തിനെ മലയാളികളിലാൎക്കും മറക്കുവാൻ കഴിയുകയില്ല.

ഒരിക്കലെങ്കിലും ശ്രീമാൻ കുമാരനുമായി കണ്ടു സംസാരിച്ചിട്ടുള്ളവരിൽ അദ്ദേഹത്തിന്റെ മട്ടും മാതിരിയും മായാത്തവണ്ണം പതിഞ്ഞിട്ടുണ്ടാവും. കനകശ്രീ വിതറുന്ന കോമളവദനം, അതിൽ വാൎദ്ധക്യവുമായി പൊരുതി ജയിച്ച സൌഭാഗ്യലക്ഷ്മിയുടെ വിലാസം, ഉത്സാഹവും ഉപാലംഭവും ഒന്നിച്ചിണങ്ങിയ മന്ദഹാസം, ഭംഗിയിൽ ചീകിമിനുക്കിയ തലമുടി, പൊന്നിൻകണ്ണട, സ്വച്ഛനിൎമ്മലമായ വേഷം, നല്ലൊരു നടവടി, പിന്നാലെ കുറെ സഹകാരികൾ—കുമാരൻ മാസ്റ്റർ തലശ്ശേരി നഗരത്തിൽ സായാഹ്നവിഹാരത്തിനിറങ്ങുമ്പോൾ കണ്ടിട്ടുള്ളവർ ഇതൊക്കെയായിരിക്കും മറക്കാതെ മനസ്സിൽ പിടിച്ചിരിക്കുക. മഹായോഗമണ്ഡപങ്ങളിൽവെച്ചാണ് അദ്ദേഹത്തെ കാണ്മാനിടയായിട്ടുള്ളതെങ്കിൽ ആ തനിയൂറോപ്യൻ ഡ്രസ്സും കസവണിപ്പട്ടുതലപ്പാവും കൂടിയായാലേ ഓൎമ്മ മുഴുവനാകയുള്ളൂ. ആകെക്കൂടി ആളൊരു മഹാരസികൻതന്നെ. വിഷാദം എന്നൊന്നു അദ്ദേഹം അറിഞ്ഞിരുന്നുവോ ആവോ. എത്ര പണിപ്പെട്ടാലും കിട്ടാത്ത ആ മനോഭാവം അദ്ദേഹത്തെ, അറുപതിനപ്പുറവും അനുത്തീൎണ്ണയൌവനനാക്കിച്ചെയ്തു. പ്രായം കവിഞ്ഞിട്ടും പ്രൌഢാശയനായിട്ടും പ്രസരിപ്പിലോരു കുറവും അദ്ദേഹത്തിന്നുണ്ടായില്ല. സരസമതികളായ ചെറുപ്പക്കാരുമായി സല്ലപിക്കുന്ന വേളകളിൽ അദ്ദേഹമല്ലേ അവരെക്കാൾ ചെറുപ്പക്കാരനെന്ന് അസ്മാദൃശന്മാൎക്കു തോന്നിയിട്ടുണ്ട്.

ശ്രീമാൻ മൂക്കോത്തിന്റെ സാഹിത്യസേവനം ദീൎഘകാലികമായിരുന്നു, സംഭവനിബിഡവുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ യശഃപതാകകൾപോലെ എന്നന്നേക്കുമായി പൊന്തിനില്ക്കുന്ന കൃതികൾ ഏതെല്ലാം എന്നു ചോദിച്ചാൽ സമാധാനം പറയുക എളുപ്പമല്ല. കുമാരനവർകൾ തൊട്ടിട്ടില്ലാത്ത വിഷയങ്ങൾ ഉണ്ടാകാൻ പ്രയാസം. സാഹിത്യസമ്പ്രദായങ്ങളും തഥൈവ. കഥ, നോവൽ, ജീവചരിത്രം, ഉപന്യാസം, നിരൂപണം, കവിത, എന്നിങ്ങനെ ഏതു വകുപ്പിലും കാണാം അദ്ദേഹത്തിന്റെ കൃതികൾ. പക്ഷേ ഒന്നെങ്കി

ലും അഭൂതപൂർവ്വമെന്നോ അക്ഷയകീർത്തികരമെന്നോ വർണ്ണിക്കപ്പെടാവുന്നതല്ല. 'ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രം' അദ്ദേഹം എഴുതിയിട്ടുള്ളതു് സർവ്വകലാശാലയുടെ സമ്മാനത്തിനർഹമായെന്നിരുന്നാലും അതാണു് അദ്ദേഹത്തിൻെറ അത്യുത്തമനിബന്ധമെന്നു പറഞ്ഞാൽ ശരിയായിരിക്കയില്ല. പിന്നെ എന്തിലിരിക്കുന്നു അദ്ദേഹത്തിൻെറ വിജയരഹസ്യം? ഞങ്ങൾ പറയും, അദ്ദേഹത്തിൻെറ ഗദ്യശൈലിയിലെന്നു്. അധികവും കാര്യകഥനത്തിനുവേണ്ടി ഗദ്യം ഉപയോഗപ്പെടുത്തി, പ്രഥിതയശസ്കരായ നമ്മുടെ സാഹിത്യകാരന്മാർ അവരുടെ കൃതിതല്ലജങ്ങളെക്കൊണ്ടെന്നതിനെക്കാളധികം അനവദ്യവും സ്വതന്ത്രവുമായ ശൈലീവിശേഷം കൊണ്ടാണു് വിജയം കൈക്കലാക്കിയിട്ടുള്ളതു്. കേ. രാമകൃഷ്ണപിള്ള, സി. പി. അച്യുതമേനോൻ, സി. അന്തപ്പായി, കുഞ്ഞിരാമൻനായനാർ, മുതലായവർ അനിതരസാധാരണമായി എന്തെഴുതിയിട്ടുണ്ടു്? ഒന്നുമില്ലെങ്കിൽതന്നേയും അവരുടെ ഗദ്യശൈലികൾ എന്നും അവികലശോഭങ്ങളായിരിക്കും. അവരുടെ ഗണത്തിലാണു് ശ്രീമാൻ മൂക്കോത്തിനും സ്ഥാനം. പക്ഷേ ഒരു വിശേഷം. അദ്ദേഹം പൂർവ്വഗാമികളെ അപേക്ഷിച്ചു് വളരെക്കൂടുതൽ എഴുതുകയും പറയുകയും ചെയ്യിട്ടുണ്ടു്. അദ്ദേഹത്തെപ്പോലെ, സ്വതസ്വവിലസിതമായ ശൈലിയിൽ എത്രയെങ്കിലും എഴുതാവുന്ന പ്രതിഭാശാലികൾ ഒട്ടേറെ അവതരിച്ചന്തർദ്ധാനം ചെയ്യിട്ടുവേണം മലയാളത്തിൽ മഹാനിബന്ധകർത്താക്കളാകാൻ മതിയാകുന്ന ഗദ്യകാരന്മാർ ഉദയം കൊള്ളുവാൻ. അഡിസണും സ്റ്റീലും ഡ്രൈഡനും മററും ഉണ്ടായിപ്പോയതിനുശേഷമേ, ജോൺസനും, വാർട്ടർ പേയ്ററും, റസ്കിനും, ന്യൂമാനും, ലാമ്പും, ഹസ്ലിററും കാർലൈലും അവതരിച്ചുള്ളു.

കുമാരനവർകൾ പത്രങ്ങളിലും മാസികകളിലും എഴുതാനാരംഭിച്ച കാലത്തു് മലയാളത്തിൽ കൊള്ളാവുന്ന ഗദ്യകാരന്മാർ വളരെ ഉണ്ടായിരുന്നില്ല. കൊള്ളാവുന്നവരായിക്കണ്ട ഏതാനും ലേഖകന്മാർ എന്തെഴുതിയാലും അന്നത്തെ വായനക്കാർക്കു് രസാവഹമായിരുന്നു. ശ്രീ. മൂക്കോത്തിൻെറ നോവലുകളും കഥകളും ലേഖനങ്ങളും അക്കൂട്ടത്തിൽ സഹൃദയാഹ്ലാദകങ്ങളായി, കേരളമൊട്ടുക്കു് പ്രസിദ്ധങ്ങളായി. കാലാന്തരത്തിൽ മഹത്തരങ്ങളായ മററു നോവലുകളുടേയും കഥകളുടേയും അധ്യാസത്തിൽ അദ്ദേഹത്തിൻെറ കൃതികളിൽ പലതും അമന്ദപ്രായമെന്നുള്ളതു് വാസ്തവമാണു്. എന്നിരുന്നാലും അദ്ദേ

ഹത്തിന്റെ ഗദ്യശൈലി അനുപദം ആകൎഷകമാവുകയേ ചെയ്തിട്ടുള്ളു. ഏതു വിഷയത്തിൽ കടന്നാലും മൂൎക്കോത്തിന്റെ പദവിന്യാസലാഘവം ഒന്നു വേറെയാണു്. വാക്യം എത്ര കെട്ടുപിണഞ്ഞതായാലും വേണ്ടില്ല, അക്ലിഷ്ടമായിരിക്കും അതിന്റെ രചന. പദങ്ങൾ പരക്കേ പരിചിതങ്ങളായിട്ടേ കണ്ടിട്ടുള്ളു. ശബ്ദസമ്പത്തുകൊണ്ടു ധൂൎത്തടിക്കുന്ന സ്വഭാവം അദ്ദേഹത്തിനില്ല. താൻ പറയുന്ന കാൎയ്യങ്ങൾ അന്യർ അനായാസേന ഗ്രഹിക്കുവാനും അവരുടെ മനസ്സിൽ പതിയുവാനും ഉപകരിക്കുന്ന കുറെ 'പൊടിക്കൈകൾ' അദ്ദേഹത്തിന്റെ ഏതു കൃതിയിലും കാണും. അവ തേടിപ്പിടിക്കുന്നവയല്ല, ഓടിവന്നിരിക്കുന്നവയാണു്. തന്നിമിത്തം അവയുടെ സന്ദൎഭാനുരൂപത കുറച്ചൊന്നുമല്ല. കൈരളിയുടെ പഴയൊരു ലക്കത്തിൽ 'കേരളസംസ്കാരം' എന്ന പേരിൽ മൂൎക്കോത്തവർകൾ എഴുതിയിരുന്ന പ്രബന്ധം നോക്കിയാൽ മതി ഈ ശൈലീവിശേഷം മനസ്സിലാക്കുവാൻ. പലരും പ്രതിപാദിച്ചുകഴിഞ്ഞൊരു വിഷയം തന്നെ മൂൎക്കോത്തിന്റെ കയ്യിൽ കിട്ടിയാൽ അതിന്റെ പോക്കൊന്നു വേറെയായിരിക്കും. യാതൊരാളും പ്രതീക്ഷിക്കാത്ത മട്ടിൽ ആരംഭിച്ചു് വിഷയത്തിന്റെ പ്രധാനവശങ്ങളോരോന്നും സരളമോഹനമായ രീതിയിൽ പറഞ്ഞു ഫലിപ്പിക്കുവാൻ അദ്ദേഹത്തിനു വിശേഷിച്ചൊരുമിടുക്കുണ്ടു്. കുട്ടികൾക്കു വേണ്ടി അദ്ദേഹം എഴുതിയ 'ആകാശവാണി' എന്ന ലേഖനംതന്നെ സൂക്ഷിച്ചു വായിക്കുക. ക്ലേശംവിനാ 'റേഡിയോ'വിന്റെ മൌലികതത്വങ്ങൾ ഏതു കുട്ടിക്കും അതുകൊണ്ടു മനസ്സിലാകും.

വിഷയത്തേയും വാചയിതാവിനേയും അനുസരിച്ചു് ഭാഷയും ആഖ്യാനസമ്പ്രദായവും ഭേദപ്പെടുത്താൻ ശ്രീ. കുമാരനറിയാമെങ്കിലും അദ്ദേഹം സി. വി. യുടേയും പി. കെ.യുടേയും മാതിരി പ്രൌഢരീതി ഇഷ്ടപ്പെടുന്ന കൂട്ടത്തിലല്ല. പ്രൌഢത കൂടിപ്പോയതിനു് അദ്ദേഹം പലതവണ സി. വി.യെ ആക്ഷേപിക്കുകതന്നെ ചെയ്തിട്ടുണ്ടു്. വ്യംഗ്യചമൽകാരം നിറഞ്ഞ ഹാസ്യമാണു കുമാരൻമാസ്റ്ററുടെ ഗദ്യത്തിനു ജീവൻ. ചന്തുമേനോന്റേയും നായനാരുടേയും ഫലിതത്തിൽനിന്നല്ലേ അതിന്റെ പുറപ്പാടെന്നു സംശയിക്കണം. ഇംഗ്ലീഷിൽ അഡീസൺതൊട്ടു് ജോസഫ്പ്രീസ്റ്റ്ലിവരെയുള്ള ഒന്നാംകിടക്കാരായ ഉപന്യാസകാരന്മാരെല്ലാം ഹാസ്യകലാകുതുകികളാണെന്നറിയുമ്പോൾ ഒരു ഗദ്യകാരനെന്ന നിലയിൽ ശ്രീ. മൂൎക്കോത്തിനുള്ള സ്ഥാനം എത്ര ഉയൎന്നതാണെന്നു് ഊഹിക്കാം. വിവാദ

ങ്ങളിലേപ്പെട്ടമ്പോഴാണു അദ്ദേഹത്തിന്റെ ഹാസ്യപ്രയോഗവൈദഗ്ദ്ധ്യം പ്രകടമായിക്കണ്ടിട്ടുള്ളതു്. ആരേയും ക്ഷോഭിക്കാതെ കളിയാക്കുവാനും കളിയാക്കിയാൽ ആരോടും ക്ഷോഭിക്കാതിരിപ്പാനും അദ്ദേഹത്തിനറിയാം. 'മലയാള മനോരമ' തൊട്ടു് 'മാതൃഭൂമി'വരെയുള്ള പത്രങ്ങളിലും മാസികകളിലുമായി എത്ര വാദങ്ങളാണു് അദ്ദേഹം നടത്തിയിട്ടുള്ളതു്! അവയിലധികവും സാഹിത്യവിഷയകങ്ങളാണു്. വിവാദങ്ങളിലും ലേഖനങ്ങളിലുമെന്നപോലെ പ്രസംഗങ്ങളിലും അദ്ദേഹത്തിന്റെ ഫലിതം കളിയാടിയിരുന്നു. സാഹിത്യപരിഷത്സമ്മേളനങ്ങളിലോ ഈഴവമഹാജനസഭകളിലോ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ടുള്ളവർ ആ അകൃത്രിമമധുരമായ ഫലിതം മറന്നിരിക്കയില്ല.

ശ്രീ. മൂക്കോത്തിന്റെ പുസ്തകരൂപത്തിലുള്ള കൃതികൾ പലതുണ്ടെന്നിരുന്നാലും അദ്ദേഹം എഴുതിയിട്ടുള്ള പലതരം ലേഖനങ്ങൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും സാഹിത്യത്തിനേററവും ഉപകരിക്കുക. അദ്ദേഹത്തിന്റെ ചൈതന്യം അവയിലാണു നിക്ഷിപ്തമായിട്ടുള്ളതു്. പല കവികളുടേയും മംഗളപദ്യങ്ങൾ, മുറിക്കവിതകൾ, കത്തെടപാട്ടുകൾ മുതലായവ അന്വേഷിച്ചു പിടിച്ചു ചുടികുന്നവർ നമ്മുടെ പ്രഥമഗണനീയരായ ഗദ്യകാരന്മാരുടെ ഉപന്യാസങ്ങൾ വിവേകപൂർവ്വം തിരഞ്ഞെടുത്തു പുസ്തകരൂപത്തിലാക്കിയാലുള്ള വില മനസ്സിലാക്കേണ്ടതാണു്. ഇന്നു ഏററവും പുഷ്ടിപ്പെട്ട ഇംഗ്ലീഷുസാഹിത്യത്തിൽ പ്രാമാണികരായ ഗദ്യകാരന്മാരെല്ലാം ഉപന്യാസങ്ങൾവഴിക്കാണു് അറിയപ്പെടുന്നതു്.

കുമാരനവർകളുടെ നിരൂപണാത്മകങ്ങളായ ലേഖനങ്ങളിലധികവും സാഹിത്യത്തിൽനിന്നു് ജാതിഭവങ്ങളായ അവലേപങ്ങളും അവശതകളും ഉച്ചാടനം ചെയ്യുവാൻ പ്രയോജനപ്പെട്ടവയാകുന്നു. കുമാരനാശാനെക്കുറിച്ചു് അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ ആ വകക്കുദാഹരണങ്ങളാണു്. അപ്പപ്പോഴത്തെ നിലക്കുവേണ്ടി പറഞ്ഞുപോയിട്ടുള്ള പൊള്ളത്തരങ്ങൾ അവയിൽ അങ്ങുമിങ്ങും കണ്ടേക്കാം. എങ്കിലും അവകൊണ്ടു സാഹിത്യത്തിൽ സാധിതമായ 'സമഭാവന' എത്രയോ വലുതാണു്. മൌനംകൊണ്ടോ മര്യാദയററ ശകാരംകൊണ്ടോ സാഹിത്യകാരന്മാരുടെ തേജോവധം ചെയ്യുന്ന സമ്പ്രദായം ഇന്നു കുറഞ്ഞിട്ടുണ്ടെങ്കിൽ അതിനുത്തരവാ

ദപ്പെട്ട മഹാരഥന്മാരിലൊരാൾ ശ്രീ. മൂക്കോത്താകുന്നു. അദ്ദേഹത്തെപ്പോലെയുള്ള 'ഗജകേസരി'കളുടെ സേവനംകൊണ്ടു ജാതിസമുദായഭിത്തികൾ തകൎന്നിട്ടുവേണം സാഹിത്യത്തിലെ രാജവീഥികൾ സ്വച്ഛന്ദസഞ്ചാരയോഗ്യങ്ങളാകുവാൻ.

നല്ലൊരദ്ധ്യാപകൻ, സുജനസമ്മതനായൊരു സമുദായനായകൻ, ഉത്സാഹഭരിതനായൊരു 'തദ്ദേശസ്വയംഭരണപ്രവൎത്തകൻ' ഓജസ്സേറിയൊരു പത്രാധിപർ, ഇങ്ങനെ മററു പല നിലകളിലും ശ്രീ. മൂക്കോത്ത് പ്രവൎത്തിച്ചിട്ടുണ്ടു്. ആ തുറകളിലുള്ള അദ്ദേഹത്തിന്റെ വിജയങ്ങൾ സാഹിത്യത്തോടു് അത്ര ബന്ധപ്പെട്ടവയല്ലായ്കയാൽ ഇവിടെ വിസ്തരിക്കുന്നില്ല. പക്ഷേ ഒരു സംഗതി വിസ്മരിച്ചുകൂടാ. ഏതു കൎമ്മസീമയിലും അദ്ദേഹം ആഫലോദയകൎമ്മാവായിരുന്നു. എത്രതന്നെ പ്രതിബന്ധങ്ങൾ ഉണ്ടായിക്കൊള്ളട്ടെ, അവയെല്ലാം മീതെ കയറി കാലുറപ്പിച്ചുനിന്നു് ഉദ്ദിഷ്ടകാൎയ്യം നിറവേററത്തക്ക നെഞ്ഞൂക്കും നെറിവും അദ്ദേഹത്തിനുണ്ടായിരുന്നുവെന്നാണറിവു്. പരാജയങ്ങൾ അദ്ദേഹത്തെ കുണ്ഠമതിയാക്കിയിരുന്നില്ല. ഏതപകടവും ഒരു മന്ദഹാസത്തോടുകൂടി ഏററുകൊള്ളാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

തന്റെ ജീവിതകാലത്തുതന്നെ കൎമ്മഫലമനുഭവിച്ചു പ്രിയസന്താനങ്ങളുടെ വിജയം കണ്ടു് കണ്ണു കുളിൎത്തു് യശോമാത്രശരീരനായിത്തീൎന്ന ശ്രീമാൻ മൂക്കോത്തു കുമാരനവർകളുടെ ആത്മാവിനു് ശാന്തി ലഭിക്കുമാറാകട്ടെ.

# പുലിക്കോട്ടിൽ യൌസേപ്പു റമ്പാൻ.

അച്ചടിവിദ്യ നടപ്പിലാകുംവരെ പ്രഭുക്കന്മാരായിരുന്നു അണിയറയിൽനിന്നുകൊണ്ടു സാഹിത്യകാരന്മാരെ അരങ്ങത്തിറക്കുവാൻ ഉത്സാഹിച്ചിരുന്നതു്. കാലാന്തരത്തിൽ അവരുടെ സ്ഥാനം അച്ചുക്കൂടക്കാർ കരസ്ഥമാക്കി. എന്നാൽ എല്ലാ മുദ്രാലയപ്രവൎത്തകന്മാരും സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നവരല്ല. അധികംപേരും പുസ്തകക്കച്ചവടത്തിൽ ശ്രദ്ധിക്കാറുണ്ടെന്നേയുള്ളു. ചുരുക്കം ചിലർ മാത്രം വാസ്തവത്തിൽ ഭാഷാഭിമാനികളായി സാഹിത്യകാരന്മാരെ അനേകധാ സഹായിച്ചു് അവരെക്കൊണ്ടു നല്ല നല്ല കൃതികൾ രചിപ്പിക്കുവാൻ യത്നിച്ചു കണ്ടിട്ടുണ്ടു്. പരേതന്മാരായ കണ്ടത്തിൽ വൎഗ്ഗീസ്സുമാപ്പിള, മാളിയമ്മാവു കുഞ്ഞുവറിയതു്, ടി. എസ്സ്. വിശ്വനാഥയ്യർ മുതലായവർ അവരിൽ അഗ്രേസരന്മാരാണു്. അവർ സാഹിത്യകാരന്മാരെ ഒന്നിച്ചുകൂട്ടി പ്രവൎത്തിപ്പിക്കുവാൻ പത്രങ്ങളും മാസികകളും കരുക്കളായി ഉപയോഗിച്ചിട്ടുണ്ടു്. പ്രസ്തുതോപകരണങ്ങൾ വഴിയായി മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള ഉൽക്കൎഷം ഇതിനകം സഹൃദയവിദിതമായിക്കഴിഞ്ഞിട്ടുള്ളതിനാൽ വിവരിക്കുന്നില്ല. കുറച്ചുകാലം വളരെ പ്രശസ്തമായ മട്ടിൽ കുന്നംകുളത്തുനിന്നു പ്രസാധനം ചെയ്യപ്പെട്ടിരുന്ന ആത്മപോഷിണി, കഥാകൌമുദി എന്നീ മാസികകളും മേൽപ്പറഞ്ഞ ഉപകരണങ്ങളുടെ വകുപ്പിൽ ഉയൎന്നസ്ഥാനം അൎഹിക്കുന്നവയാണു്. ഒരു കാലത്തു 'വള്ളത്തോൾക്കമ്പനിയെന്നു കേരളമൊട്ടുക്കു പ്രസിദ്ധമായിരുന്ന കവിസംഘത്തിന്റെ നായകനായ മഹാകവി വള്ളത്തോളും അദ്ദേഹത്തിന്റെ അനുയായികളായ മററു കവികളും നിരൂപകന്മാരും സാഹിത്യനായകൻ കെ. രാമകൃഷ്ണപ്പിള്ള അവർകളും കേ. എം. പണിക്കരാദിയായ വേറെ സാഹിത്യകാരന്മാരും വളരെക്കാലം രസവൈചിത്ര്യത്തോടുകൂടി അഭിനയിച്ചു് പ്രേക്ഷകന്മാരുടെ ആശിസ്സുകൾ വാങ്ങിയിട്ടുള്ള കലാവേദിയാണു് ആത്മപോഷിണി. കോട്ടയത്തുനിന്നിറങ്ങിയിരുന്ന ഭാഷാപോഷിണിക്കു സാഹിത്യവിഷയകമായി എന്തൊക്കെച്ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ, ഏകദേശം അത്രയൊ

കെത്തന്നെ ആത്മപോഷിണിയും ചെയ്തിട്ടുണ്ടെന്നു പറയാം. സാഹിത്യനിരൂപണവിഷയത്തിൽ ആത്മപോഷിണി ഒരടി മുന്നോട്ടുവെച്ചിട്ടുണ്ടെന്നു് പറഞ്ഞാൽ പരമാൎത്ഥം മാത്രമായിരിക്കും. കഥാകൌമുദി മലയാളത്തിൽ സ്വതന്ത്രകഥകൾ എഴുതുവാൻ സഹൃദയന്മാരെ ആഹ്വാനം ചെയ്ത ആദ്യത്തെ കാഹളധ്വനിയായിരുന്നു. പ്രസിദ്ധമായ അക്ഷരരത്നപ്രഭാപ്രസ്സിൽനിന്നു് ഇറങ്ങിക്കൊണ്ടിരുന്ന ഈ വിശിഷ്ടമാസികകൾ രണ്ടിൻെറയും സൂത്രധാരൻ ആരായിരുന്നു? കേരളീയർ പലരും അദ്ദേഹത്തെപ്പററി അറിഞ്ഞിരിക്കയില്ല. അടുത്ത കാലത്തു റമ്പാച്ചൻ എന്ന പേരിൽ അറിയപ്പെട്ടുപോന്ന ദിവ്യശ്രീ. പുലിക്കോട്ടിൽ യൌസേപ്പു ശെമ്മാശൻ അവർകളായിരുന്നു ആ മാസികകളുടെ പ്രവൎത്തകൻ. ഏറെക്കാലം ഒരു പുസ്തകക്കച്ചവടക്കാരൻെറ ലാഭേച്ഛയാൽ പ്രേരിതനാകാതെ സാഹിത്യത്തിൻെറ ഉൽഗതിയെമാത്രം ഉദ്ദേശിച്ചു മാസികകളും പത്രങ്ങളും നടത്തുകയും ഉൽകൃഷ്ടങ്ങളായ കൃതികൾ എഴുതിച്ചു പ്രസാധനം ചെയ്കയുംചെയ്ത ആ സഹൃദയോത്തമൻ ഈയിടെ കഥാശേഷനായിരിക്കുന്നു. അദ്ദേഹത്തിന്നു് ആത്മശാന്തി കൈവരുമാറാകട്ടെ.

കൈരളീദാസൻ.

# സംസ്കൃതകവികളുടെ ബിരുദങ്ങൾ.

കവികൾക്കും പണ്ഡിതന്മാക്കും രാജാക്കന്മാരിൽനിന്നും വിദ്വൽസദസ്സുകളിൽനിന്നും മററും 'കവിതിലകൻ' 'വാചസ്പതി', എന്നു തുടങ്ങിയ ബിരുദങ്ങൾ ലഭിക്കുക എന്നുള്ളതു് ആധുനികകാലങ്ങളിൽ നടന്നുവരുന്ന ഒരു സമ്പ്രദായമാണല്ലോ. സംസ്കൃതസാഹിത്യത്തിലെ പല മഹാകവികൾക്കും ഇത്തരത്തിൽ ബിരുദങ്ങൾ ലഭിക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ അതു രാജാക്കന്മാരിൽനിന്നോ വിദ്വൽസദസ്സുകളിൽനിന്നോ അല്ല, പ്രത്യുത അവരുടെ കാവ്യങ്ങളിലെ ചില പ്രത്യേകമായ പ്രയോഗങ്ങളുടെ സ്വാരസ്യവിശേഷത്തെ നല്ലവണ്ണം ആസ്വദിച്ച സഹൃദയന്മാരിൽനിന്നാണു്. ബിരുദനാമംതന്നെ അവർ പ്രയോഗിച്ച പദത്തോടു ഘടിപ്പിച്ചുളളമായിരുന്നു. കവിക്കു് ഏററവും ഉചിതമായ ബിരുദം ലഭിക്കുവാൻ ഈ സമ്പ്രദായം നല്ലതുതന്നെ.

കാളിദാസനു സഹൃദയന്മാരിൽനിന്നു ലഭിച്ച ബിരുദനാമം 'ദീപശിഖാകാളിദാസൻ' എന്നാണു്. രഘുവംശം ആറാംസർഗ്ഗത്തിൽ ഇന്ദുമതീസ്വയംവരഘട്ടത്തിലെ

സഞ്ചാരിണീ ദീപ ശിഖേവ രാത്രൗ
യം യം വ്യതീയായ പതിംവരാസാ
നരേന്ദ്രമാർഗ്ഗാട്ട ഇവ പ്രപേദേ
വിവർണ്ണഭാവം സസഭൂമിപാലഃ

എന്ന ശ്ലോകത്തിൽ വരണമാല്യവുംകൊണ്ടു രാജാക്കന്മാരുടെ മുമ്പിൽക്കൂടി നടന്നുപോകുന്ന ഇന്ദുമതീരാജകുമാരിയെ ദീപശിഖയോടുപമിച്ചിട്ടുള്ളതിൻെറ വ്യംഗ്യചമൽക്കാരത്തെ ആസ്പദമാക്കിയാണു് അദ്ദേഹത്തിന്നു് ഈ ബിരുദം ലഭിച്ചിട്ടുള്ളതു്.

ഭവഭൂതിയെന്ന നാമത്തിൽ നാം ഇന്നറിയുന്ന ആ സുപ്രസിദ്ധ മഹാകവിയുടെ ശരിയായ നാമം ശ്രീകണ്ഠൻ എന്നാണു്.

തവ സ്വീകാംഗതോഽവസ്ഥാ-
മിതി സ്മേരാനനാവിവ
ഗിരിജായാഃ സ്തനൌ വന്ദേ
ഭവഭൂതി സിതാനനൌ

എന്നൊരു ശ്ലോകം അദ്ദേഹം രചിച്ചതായും അതിലെ ഭവഭൂതിപദത്തിൻെറ സ്വാരസ്യത്താൽ ആകൃഷ്ടരായ സഹൃദയന്മാർ അദ്ദേഹ

ത്തിന്നു ഭവഭൂതിയെന്ന ബിരുദനാമം നല്കിയതായുമാണ് ഐതിഹ്യം. മാറിൽ ഭസ്മമണിയുന്ന പരമേശ്വരൻെറ ആലിംഗനത്താൽ പാൎവ്വതിയുടെ കുചാഗ്രം വെളുത്തിരിക്കുന്നതിനെ 'കാലാരിയായ ആ തപസ്വി ഇപ്പോഴും എത്ര വ്യത്യസ്തമായൊരു നിലയിലാണെത്തിയിരിക്കുന്നതു'' എന്നു വിചാരിക്കുന്ന കുചങ്ങളുടെ പുഞ്ചിരിയായി ഉൽപ്രേക്ഷിച്ചിരിക്കുന്നതിൻെറ ചമൽക്കാരം പ്രസ്താവയോഗ്യമാണുതാനും. മറെറാരു സന്ദൎഭത്തിൽ "കുലാചലേന്ദ്രാദപികോടിസാരഃ" എന്നു ഒരു യുവതിയുടെ സ്തനമണ്ഡലത്തെ വൎണ്ണിച്ചതുകൊണ്ടു "കോടിസാരൻ" എന്ന മറെറാരു ബിരുദവും ഭവഭൂതിക്കു ലഭിച്ചതായിപ്പറഞ്ഞു കേട്ടിട്ടുണ്ടു്.

കിരാതാൎജ്ജുനീയം മഹാകാവ്യത്തിൻെറ കൎത്താവായ ഭാരവിക്കു 'ഛത്രഭാരവി' എന്ന ബിരുദനാമം ലഭിക്കുവാൻ കാരണം ആ കാവ്യത്തിൽ താമരപ്പൊയ്കയെ വൎണ്ണിക്കുന്ന ഘട്ടത്തിലെ

ഉൽഫുല്ല സ്ഥലനളിനീവനാദമുഷ്മാ-
ദുൽഭൂതഃ സരസിജ സംഭവഃ പരാഗഃ
വാത്യാഭിൎവ്വിയതി വിവൎത്തിതഃ സമന്താ-
ദാധത്തേ കനകമയാതപത്രലക്ഷ്മീം.

(താമരപ്പൂമ്പൊടി കാററത്തു് ആകാശമെത്തങ്ങും വ്യാപിച്ച സ്വൎണ്ണമയമായ കുടപോലെ ശോഭിച്ചു) എന്ന ശ്ലോകമാണ്.

അതിപ്രസിദ്ധമായ അനൎഘരാഘവം നാടകം രചിച്ച മുരാരിക്കു കിട്ടിയിട്ടുള്ള ബിരുദനാമം ഇന്ദുമുരാരി എന്നാണ്. ശുക്ലപക്ഷത്തിൽ ദിവസംതോറും ആകാശമൂശയിൽ സന്ധ്യാനലൻകൊണ്ടുരുക്കുന്ന നക്ഷത്രങ്ങൾ കൊണ്ടാണു പൂൎണ്ണചന്ദ്രൻ ഉണ്ടാക്കപ്പെടുന്നതെന്ന അൎത്ഥത്തിലുള്ള

ഭൂയസ്തരാണി യദുസ്തനിതമസ്വിനീഷു
ജ്യോത്സ്നീഷ്യചപ്ര വിരളാനി തതഃ പ്രതീമഃ
സന്ധ്യാനലേന ഭൃശ മംബര മൂഷകായാം
ആവൎത്തി തൈരുഡുഭി രേവകൃതോയമിന്ദുഃ

എന്ന ശ്ലോകമാണ്. അദ്ദേഹത്തിന്നു മുരാരിയെന്ന പേർ ലഭിച്ചതു തന്നെ.

ഏകാ ജായാ പ്രകൃതിരചലാ ചഞ്ചലാ ച ദ്വിതീയാ
പുത്രോഽനംഗ സ്ത്രിഭുവനജയീ മന്മഥോദ്ധന്നിവാരഃ

ശേഷ: ശയ്യാ, വസതി രുദധി,ർവ്വാഹനം പന്നഗാരി:
സ്മാരം സ്മാരം സ്വഗൃഹചരിതം ദാരുഭൂതോ മുരാരി:

എന്ന ശ്ലോകം നിർമ്മിച്ചതുകൊണ്ടാണെന്നു പറയുന്നവരും ഇല്ലെന്നില്ല; എന്നാൽ ഈ ശ്ലോകത്തിന്റെ ഉല്പത്തിയെപ്പററി മററവിധത്തിലും ഐതിഹ്യമുള്ളതിനാൽ ഇതത്രതന്നെ വിശ്വാസയോഗ്യമല്ലായിരിക്കാം.

മാഘകാവ്യമെന്ന അപരനാമത്താൽ സാഹിത്യലോകത്തിൽ സുവിദിതമായിട്ടുള്ള ശിശുപാലവധം മഹാകാവ്യത്തിന്റെ കൎത്താവായ മാഘന്നു 'ഘണ്ടാമാഘൻ' എന്ന ബിരുദം ലഭിച്ചതു് രൈവതകപൎവ്വതത്തെ വൎണ്ണിക്കുന്ന സന്ദൎഭത്തിൽ പ്രഭാതസമയത്തു് ഒരു വശത്തു സൂൎയ്യനുദിക്കുന്നതും മറവശത്തു ചന്ദ്രനസ്തമിക്കുന്നതും കണ്ടാൽ പൎവ്വതം രണ്ടു മണികൾ കെട്ടിയ ഒരാനയാണെന്നു തോന്നുമെന്ന അൎത്ഥത്തിലുള്ള

ഉദയതി വിതതോൎദ്ധ്വരശ്മിരജ്ജാ-
വഹിമകരേഹിമധാമ്നി യാതിമാസ്തം
വഹതിഗിരിരയം വിലംബിഘണ്ടാ-
ദ്വയപരിവാരിത വാരണേന്ദ്രലീലാം.

എന്ന ശ്ലോകമാണു്.

അമ്പതു സൎഗ്ഗങ്ങളോടുകൂടിയ സുദീൎഘമഹാകാവ്യമായ 'ഹരവിജയ'ത്തിന്റെ കൎത്താവാണു് രത്നാകരൻ. അദ്ദേഹത്തിന്നു ലഭിച്ചിട്ടുള്ള ബിരുദം "താലരത്നാകരൻ" എന്നാണു്. സന്ധ്യാവൎണ്ണനയിൽ പടിഞ്ഞാറുഭാഗത്തു സൂൎയ്യനും കിഴക്കുഭാഗത്തു ചന്ദ്രനും നില്ക്കുന്നതിനെ പരമേശ്വരന്റെ സന്ധ്യാനൃത്തത്തിൽ ആകാശലക്ഷ്മി പിടിച്ചിരിക്കുന്ന താലങ്ങളായി ഉൽപ്രേക്ഷിച്ചിട്ടുള്ളതുകൊണ്ടാണു് ഈ പേർ അദ്ദേഹത്തിന്നു ലഭിച്ചതു്.

അസ്താവലംബിരവിബിംബതയോദയാദ്രി-
ചൂഡോന്മിഷൽ സകലചന്ദ്രതയാപസായം
സന്ധ്യാപ്രനൃത്തഹരവാദ്യഗൃഹീതകാംസ്യ-
താലദ്വയേനസമലക്ഷ്യതനാകലക്ഷ്മീ!

എന്നതാണു് ആ ശ്ലോകം.

നളചമ്പൂകാവ്യത്തിന്റെ കൎത്താവിന്റെ പേർ ത്രിവിക്രമഭട്ടൻ എന്നായിരുന്നു. ഇന്നദ്ദേഹത്തെ സാമാന്യജനങ്ങൾ "യമുനാത്രിവിക്രമൻ എന്ന പേരിലാണറിഞ്ഞുവരുന്നതു്.

ഉദയഗിരിഗതായാം പ്രാക്പ്രഭാപാണ്ഡുതായാം
അനുസരതിനിശീഥേ ശൃംഗമസ്താചലസ്യ
ജയതി കിമപിതേജഃ സാമ്പ്രതം വ്യോമമദ്ധ്യേ
സലിലമിവവിഭിന്നം ജാഹ്നവം യാമുനം ച.

എന്ന പ്രഭാതവൎണ്ണനപരമായ പദ്യം നിൎമ്മിച്ചതുകൊണ്ടാണ് അദ്ദേഹത്തിന്നു ഈ ബിരുദം ലഭിച്ചതു്. പ്രഭാതാരംഭത്തിൽ കിഴക്കുഭാഗത്തു വെളിച്ചവും പടിഞ്ഞാറുഭാഗത്തു് ഇരുട്ടും ഒരേസമയത്തു തന്നെ ഉള്ളതുകൊണ്ടു് ആകാശമദ്ധ്യത്തിൽ ഗംഗാജലവും യമുനാജലവും വിഭിന്നമായതുപോലെ ഒരു തേജസ്സു വിളങ്ങുന്നുണ്ടു് എന്ന അതിലെ ആശയത്തിന്റെ ചമൽകാരമാണ് ത്രിവിക്രമഭട്ടന്നു ഈ ബിരുദനാമം ലഭിക്കുവാൻ കാരണം.

വിക്രമാദിത്യന്റെ സദസ്സിലെ നവരത്നങ്ങളിൽ ഒരു സ്ഥാനം ലഭിച്ചിട്ടുള്ള ഘടകൎപ്പരന്നു് ആ പേർ ബിരുദമായി സിദ്ധിച്ചതാണത്രേ. മേഘസന്ദേശത്തിലെ കഥയുടെ ഒരു മറിച്ചടിയെന്നോണം, വൎഷാരംഭത്തിൽ വിരഹിണിയായ നായിക മേഘം വഴിയായി നായകനു സന്ദേശമയയ്ക്കുന്നതാണ് ഘടകൎപ്പരകാവ്യത്തിലെ കഥ. പത്തിരുപത്തിരണ്ടു ശ്ലോകങ്ങൾ മാത്രമുള്ള ഈ കാവ്യത്തിന്റെ അവസാനത്തിൽ അദ്ദേഹം തന്റെ യമകപ്രയോഗസാമൎത്ഥ്യത്തെപ്പുകഴ്ത്തിക്കൊണ്ടു് 'യമകപ്രയോഗത്തിൽ തന്നെ തോല്പിക്കുന്ന ആൾക്കു ഉടഞ്ഞ കുടത്തിന്റെ കഷണത്തിൽ ജലം ചുമന്നുകൊണ്ടു കൊടുക്കുന്നതാണെന്നു ശപഥം ചെയ്തിരിക്കുന്നു.

ആലംബ്യവാംബുതൃഷിതഃ കരകോശപേയം
ഭാവാനുബദ്ധവനിതാസുരതൈഃ ശപേയം
ജീയേത യേന കവിനാ യമകൈഃ പരേണ
തസ്മൈ വഹേയമുദകം ഘടകൎപ്പരേണ

എന്ന ഈ ശപഥത്താലാണത്രേ അദ്ദേഹത്തിന്നു ഘടകൎപ്പരനെന്ന നാമം ലഭിച്ചതു്.

ദശകുമാരചരിതത്തിന്റെ കൎത്താവായ ദണ്ഡിയുടെ ശരിയായ നാമമതല്ലെന്നും ദണ്ഡിയെന്ന നാമം ലഭിച്ചതു് അദ്ദേഹമുണ്ടാക്കിയ ഒരു ശ്ലോകത്തിന്റെ ദണ്ഡിശബ്ദബാഹുല്യത്താലാണെന്നും പറയപ്പെടുന്നു.

ബ്രഹ്മാണ്ഡച്ഛത്രദണ്ഡഃ ശതധൃതി ഭവനാം
ഭോരുഹോനാളദണ്ഡഃ

ക്ഷോണീനൌകൂപദണ്ഡഃ ക്ഷരദമരസരിൽ
പട്ടികാകേതുദണ്ഡഃ
ജ്യോതിശ്ചക്രാക്ഷദണ്ഡസ്ത്രിഭുവനവിജയ
സ്തംഭദണ്ഡോഽംഘ്രിദണ്ഡഃ
ശ്രേയസ്ത്രൈവിക്രമസ്തേ വിതരതു വിബുധ
ദ്വേഷിണാം കാലദണ്ഡഃ

എന്നതാണു് ആ ശ്ലോകം.

കാദംബരിയുടേയും ഹർഷചരിതത്തിന്റേയും കർത്താവായ ബാണഭട്ടനു ലഭിച്ചിട്ടുള്ള ബിരുദം തുരംഗബാണൻ എന്നാണു്. ഹർഷചരിതത്തിൽ പശ്ചാദംഘ്രിം പ്രസാര്യ എന്നിങ്ങനെ കുതിരയെഴുന്നേല്ക്കുന്നതിനെ വർണ്ണിച്ചിട്ടുള്ളതിനാലാണത്രേ ഈ ബിരുദം അദ്ദേഹത്തിന്നു സിദ്ധിച്ചതു്. പണ്ഡിതകവിയായ ഉദ്ദണ്ഡശാസ്ത്രികൾക്കു് ഉദ്ദണ്ഡൻ എന്ന ബിരുദം ലഭിച്ചതു് അദ്ദേഹം സാമൂതിരിപ്പാട്ടിലേക്കു് അടിയറ വെച്ച

ഉദ്ദണ്ഡഃ പരദണ്ഡഭൈരവ ഭവ
ദ്യാത്രാസു ജൈത്രശ്രിയോ
ഹേതുഃ കേതുരധീത്യ സൂര്യസരണീം
ഗച്ഛൻ നിവാര്യസ്ത്വയാ
നോചേൽ, തൽപുടസംപുടോദരലസൽ
ശാർദ്ദൂലമുദ്രാദ്രവൽ-
സാരംഗം ശശിബിംബമേഷ്യതി തുലാം.
ത്വൽ പ്രേയസീനാം മുഖൈഃ.

(ഹേ ഉദ്ദണ്ഡാ അങ്ങയുടെ ജയക്കൊടിക്കൂറകൾ അധികം ഉയൎന്നുപോയാൽ അതിലെ പുലിയുടെ മുദ്രകണ്ടു ചന്ദ്രനിലെ മാനുകൾ പേടിച്ചോടുവാനും അങ്ങിനെ ചന്ദ്രൻ അങ്ങയുടെ പ്രേയസിമാരുടെ മുഖങ്ങളോടു സദൃശമായിത്തീരുവാനും ഇടയുണ്ടു്.)

എന്ന പദ്യം മൂലമാണെന്നു സുപ്രസിദ്ധമാണല്ലോ.

ഇങ്ങിനെ സംസ്കൃതത്തിലെ മഹാകവികൾക്കു സഹൃദയന്മാർ ഉചിതമായ ബിരുദനാമങ്ങൾ കൊടുത്തുപോന്നിട്ടുണ്ടെന്നു കാണാവുന്നതാണു്.

കെ. കെ. കുഞ്ഞുണ്ണിരാജാ ബി. എ.

# * പ്രാചീന ആൎയ്യാവൎത്തത്തിലെ വിദ്യാൎത്ഥിജീവിതം.

അന്നത്തെ വിദ്യാൎത്ഥിജീവിതം വളരെ പ്രയാസമേറിയ ഒന്നായിരുന്നു. ആദ്ധ്യാത്മികമായ അഭ്യുന്നതിക്കാണു് അന്നു വിദ്യാൎത്ഥികളെ പരിശീലിപ്പിച്ചിരുന്നതു്. ജീവിതം നയിക്കുവാൻ ഒരു വഴി ഉണ്ടാക്കിക്കൊടുക്കുന്നതിനല്ല, ആദ്ധ്യാത്മികമായ ഉന്നമനത്തിന്നാണു് അന്നു ഗുരുക്കന്മാർ വിദ്യ പ്രദാനം ചെയ്തിരുന്നതു്. ഉപനയനം ഒരു ദ്വിജകുമാരന്റെ രണ്ടാമത്തെ അല്ലെങ്കിൽ ആദ്ധ്യാത്മികമായ ജനനമാണു്. ഉപനയനം കഴിഞ്ഞാൽ ഒരു പുതിയ ജീവിതം തുടങ്ങുകയായി. അതായിരുന്നു വിദ്യാൎത്ഥിജീവിതത്തിലേയ്ക്കുള്ള 'പാസ്പോൎട്ടു്'. അതു കുട്ടിക്കു തപസ്സു ചെയ്യുവാനുള്ള അവകാശവും അധികാരവും കൊടുക്കുന്നു. അതു കുട്ടിയെ ഒരു പുതിയ വേഷം കെട്ടിക്കുന്നു. ഗായത്രി അമ്മയുടേയും ആചാൎയ്യൻ അച്ഛന്റേയും സ്ഥാനം പിടിക്കുന്നു. ഈ ജീവിതം ഓരോ കുട്ടിക്കും തുടങ്ങുന്ന കാലം, ആ കുട്ടിക്കു് ആദ്ധ്യാത്മികമായ മഹിമയുടെ തോതനുസരിച്ചായിരിക്കും. 'ഗൃഹ്യസൂത്രത്തിലും' 'ധൎമ്മസൂത്രത്തിലും' ഇതിനുള്ള പ്രായം എട്ടു വയസ്സായിട്ടാണു കണക്കാക്കിയിരിക്കുന്നതു്. എന്നാൽ 'ബ്രഹ്മവൎച്ചസ്സാ'യി പ്രശോഭിക്കുന്നവന്നു് ഇതു് അഞ്ചു വയസ്സിൽതന്നെയാകാം. പതിനാറു വയസ്സിന്നുശേഷം ഉപനയനം ഒരിക്കലും പാടില്ലെന്നാണു മനു പറയുന്നതു്. പതിനാറു വയസ്സു കഴിഞ്ഞിട്ടും ഉപനയനം കഴിയാത്ത ആൾ വ്രാത്യനാണു് — സമുദായഭ്രഷ്ടനാണു്. അവനെ ആൎയ്യന്മാർ കൂട്ടത്തിൽ കൂട്ടുകയില്ല. അവനെ ആരും പഠിപ്പിക്കുകയുമില്ല. വൈഖാനസനും ആപസ്തംബനും വസന്തകാലമാണു ബ്രാഹ്മണകുമാരന്നു ഉപനയനത്തിനുള്ള കാലം എന്നു വിധിച്ചിരിക്കുന്നു. ഒരു ക്ഷത്രിയകുമാരനെ പതിനൊന്നു വയസ്സിൽ ഉപനയിക്കാം, വൈഖാനസനു് അതിനു ശരിയായിട്ടുള്ള സമയം ഗ്രീഷ്മമാണെന്നു വിധിച്ചിരിക്കുന്നു. വൈശ്യനാണെങ്കിൽ പന്ത്രണ്ടു വയസ്സും സമയം ശിശിരവുമാണു്.

ക്ഷത്രിയന്നു് ഉപനയനം ഇരുപത്തിരണ്ടു വയസ്സുവരേയും വൈശ്യന്നു് ഇരുപത്തിനാലു വയസ്സുവരേയുമാകാം. കൌടില്യന്റെ

---

* പ്രബുദ്ധഭാരതത്തിൽനിന്നു്.

അൎത്ഥശാസ്ത്രപ്രകാരം ഒരു വിദ്യാൎത്ഥിയുടെ—ബ്രഹ്മചാരിയുടെ—ചുമതല, വേദം അഭ്യസിക്കുക, അഗ്നിയെ പൂജിക്കുക, പരിശുദ്ധനാകുക, ഭിക്ഷ യാചിച്ചു ജീവിക്കുക, ഗുരുവിനേയും ഗുരുപുത്രനേയും, തന്നേക്കാൾ മുതിൎന്നവരേയും വന്ദിക്കുക, മുതലായതാകുന്നു. അൎത്ഥശാസ്ത്രപ്രകാരം ഒരു ബ്രാഹ്മണന്റെ ചുമതല പഠിക്കുക, പഠിപ്പിക്കുക, യാഗം ചെയ്യുക, പൌരോഹിത്യം നടത്തുക, ധൎമ്മം കൊടുക്കുക—സ്വീകരിക്കുക എന്നിവയുമാകുന്നു. ക്ഷത്രിയന്നു പഠിക്കുക, യാഗംചെയ്യുക, ധൎമ്മംകൊടുക്കുക, യുദ്ധംചെയ്യുക, ജീവികളെ രക്ഷിക്കുക മുതലായതാണു ചുമതല. വൈശ്യന്നാണെങ്കിൽ പഠിക്കുക, യാഗംചെയ്യുക, ധൎമ്മം കൊടുക്കുക, കൃഷിചെയ്യുക, കച്ചവടം നടത്തുക, കന്നുകാലികളെ വളൎത്തുക മുതലായവയാണു ചുമതല. ഇതിൽനിന്നു വിദ്യാഭ്യാസം ഒരു ദ്വിജകുമാരനു്—ആൎയ്യയുവാവിന്നു്—ഒഴിച്ചുകൂടാത്ത ഒന്നാണെന്നു സ്പഷ്ടമായി. വിദ്യ അഭ്യസിക്കാതെ അവന്നു സമുദായത്തിൽ യാതൊരു സ്ഥാനവുമില്ല. അവന്നു് ഒരു വധുവിനേപ്പോലും കിട്ടുകയില്ല. വിദ്യാഭ്യാസം കഴിഞ്ഞല്ലാതെ അവന്നു വിവാഹം ചെയ്യുകൂടാ. ബ്രാഹ്മണകുമാരനേയും ക്ഷത്രിയകുമാരനേയും പതിനാറു വയസ്സിലാണു ഗുരുവിന്റെ അടുക്കലേക്കു വിദ്യ അഭ്യസിക്കുവാൻ അയയ്ക്കുക എന്നാണു ജാതകങ്ങളിൽ കാണുന്നതു്. അനവധി വിദ്യാൎത്ഥികൾ ഗൃഹസ്ഥാശ്രമത്തിലേക്കു തിരിഞ്ഞുനോക്കുകപോലുമില്ല. അവരുടെ മനസ്സ് ആദ്ധ്യാത്മികത്തിലേക്കു തിരിഞ്ഞുകഴിഞ്ഞാൽ, അവർ പിന്നെ ബ്രഹ്മചാരികളായിത്തന്നെ കാലം കഴിച്ചുകൂട്ടും; കാട്ടിൽ താമസിച്ചു തപസ്സുചെയ്യും. ജാതകങ്ങളിൽ അനേകം യുവാക്കന്മാർ വിദ്യാഭ്യാസത്തിന്നുശേഷം ഹിമാലയത്തിലേക്കു തപസ്സുചെയ്യാൻ പോയതായി കാണുന്നുണ്ടു്. പെൺകുട്ടികളേയും അന്നു പഠിപ്പിച്ചിരുന്നു. ചിലർ ഉപനയനം കഴിച്ചു പൂണുനൂൽ ധരിക്കാറുണ്ടു്. അവർ ആദ്ധ്യാത്മികമായ വാദപ്രതിവാദങ്ങളിൽ ഒരു പ്രധാന സ്ഥാനം വഹിക്കാറുണ്ടു്. (ഉദാഹരണമായി യാജ്ഞവൽക്യന്റെ പത്നിയായ മൈത്രേയിയും—ഗാൎഗ്ഗിയും) ബ്രഹ്മവൈദ്യനാകുവാൻ—ആദ്ധ്യാത്മികവിദ്യാഭ്യാസത്തിന്റെ ഉയൎന്ന പടിയിലേക്കെത്തുവാൻ—ആദ്യകാലത്തു ബ്രാഹ്മണൎക്കു മാത്രമേ അധികാരമുണ്ടായിരുന്നുള്ളു. അവൎക്കു മാത്രമേ അന്നു് ആദ്ധ്യാത്മികഗുരുക്കന്മാരാകുവാനും പാടുള്ളു. എന്നാൽ ഉത്സാഹികളായ സത്യാന്വേഷികൾക്കും ഉന്നതവിദ്യാഭ്യാസത്തിന്നു് അഭിരുചിയുള്ളവൎക്കും—

താഴ്ന്ന ജാതിക്കാരായാലും വേണ്ടില്ല—ഉദാരമനസ്കനായ ഒരു ഗുരുവിന്റെ കീഴിൽ വിദ്യ അഭ്യസിക്കുവാൻ സാധിക്കും. സത്യകാമന്റെ മകനായ ജാബാലന്റെ കഥതന്നെ ഉദാഹരണം.

തോല്, കോല്, കാട്ട്, പൂണനൂൽ ഇതൊക്കെയാണ് ഒരു വിദ്യാൎത്ഥിയുടെ അടയാളങ്ങൾ—ഓരോ ജാതിയിലുള്ള വിദ്യാൎത്ഥികളും ഓരോ തരത്തിലുള്ള അടയാളങ്ങളുണ്ടായിരിക്കും. വിദ്യാൎത്ഥികളുടെ കഷ്ടപ്പാടും ബുദ്ധിമുട്ടും മനസ്സിലാക്കി, സമുദായം അവരിൽ അനുഭാവം കാണിച്ചിരുന്നു. ഭിക്ഷ കിട്ടുന്നതിന്നു പുറമെ വേറെയും ചില അവകാശങ്ങൾ അവർ അനുഭവിച്ചുപോന്നു. ഒരു വിദ്യാൎത്ഥിക്കു കടത്തുകൂലി കൊടുക്കേണ്ടതില്ല. അവനെ ഒരു സാക്ഷിയായി വിസ്തരിക്കുകയില്ല. ചത്ത പുലയും പെററ പുലയും അവനെ ബാധിക്കുകയില്ല. കായികാഭ്യാസത്തിന്നു ഇന്നത്തെ രീതിയിലുള്ള വിനോദങ്ങൾ അന്ന് ആവശ്യമുണ്ടായിരുന്നില്ല. വിദ്യാഭ്യാസത്തിന്നു മുമ്പുതന്നെ ദൃഢഗാത്രനാകേണ്ടതു് അത്യാവശ്യമായിരുന്നു. ആദ്ധ്യാത്മികമായ അഭ്യസനത്തിന്ന്—വേണ്ട—ഏതു തരം വിദ്യാഭ്യാസത്തിന്നും ദൃഢശരീരമാണ് ആദ്യമായി വേണ്ടതു്. 'ശരീരമാദ്യം ഖലു ധൎമ്മസാധനം' എന്ന തത്വം അവർ അനുഷ്ഠിച്ചുപോന്നു. കായികാഭ്യാസം മാനസികമായ അഭ്യാസത്തിൽനിന്നു വിഭിന്നമാണെന്ന് അവർ കരുതിയിരുന്നില്ല. എപ്പോഴും ചുണയും ചൊടിയുമുള്ള ജീവിതം; ചെരിപ്പും കുപ്പായവുമില്ലാതെ വെയിലത്തും മഴയത്തും ചൂടിലും തണുപ്പിലും—കുടപോലുമില്ലാതെ നാട്ടു ചുററിനടന്നു ഭിക്ഷയാചിക്കൽ, കാലത്തും വൈകുന്നേരവുമുള്ള നമസ്കാരം, ഗുരുനാഥന്നു യാഗത്തിന്നും ഗൃഹജീവിതത്തിന്നും ആവശ്യമുള്ള വിറകന്വേഷിച്ചുകൊണ്ടുവരൽ, വെറും നിലത്തു കിടന്നുറക്കം, ഗുരുവിന്റെ പശുക്കളെ മേക്കൽ, ഗുരുവിന്ന് ആവശ്യമുള്ള വെള്ളം കൊണ്ടുവരൽ, ഗുരുവിന്റെ കൂടെയുള്ള നടത്തം, തന്റെ ഏതു വിധത്തിലുമുള്ള സുഖജീവിതത്തിൽനിന്നു ഒഴിഞ്ഞുനില്പ്, സ്വല്പം ഭക്ഷണംകൊണ്ടു ജീവിക്കൽ—ഇതെല്ലാം ഒരു വിദ്യാൎത്ഥിയുടെ ശരീരം പോഷിപ്പിക്കുന്നതിന്നു സഹായിക്കുന്നു—അതാണു സംസ്കാരത്തിന്റെ അടിസ്ഥാനവും. ഇന്നത്തെപ്പോലെയുള്ള കായികാഭ്യാസവും വിനോദങ്ങളും അന്നു ശരീരപോഷണത്തിന്ന് ആവശ്യമുണ്ടായിരുന്നതേയില്ല.

വിദ്വാൻ തേറമ്പിൽ ശങ്കുണ്ണിമേനോൻ.

# തിരുവോണം

കേരളമാതാവിൻെറ ആഹ്ലാദമാണ് തിരുവോണം. പരശുരാമക്ഷേത്രത്തിൽ സന്തോഷത്തിൻേറയും സമത്വത്തിൻേറയും സൌവർണ്ണധ്വജം പ്രതിഷ്ഠിക്കുന്ന സുദിനമാണ്—പ്രകൃതീശ്വരി കേരളത്തെ വാരിയെടുത്തു മാറോടണയ്ക്കുന്ന മഹോത്സവമാണ്—ഓണം. പുളകം കൊള്ളുന്ന പ്രേമാശ്രുബിന്ദുവിൽ കേരളം ആറാടുന്ന പുണ്യദിനമാണ് തിരുവോണം.

നിതംബബിംബത്തെ ആച്ഛാദനം ചെയ്യത്തക്കവണ്ണം അഗ്രം കെട്ടി പിന്നിലിട്ടിരിക്കുന്ന നീലമേഘമാകുന്ന കബരീഭരം, വെണ്ണിലാപ്പൂകൊണ്ടു നെയ്യെടുത്ത വെള്ളപ്പട്ടു മുലക്കച്ച; കരിങ്കുവളകുസുമങ്ങളാകുന്ന അഞ്ജനമെഴുതിയ നീണ്ടുവിരിഞ്ഞ നീലക്കണ്ണുകൾ; ഉദയരാഗത്താൽ മുറുക്കിച്ചുവപ്പിച്ച അധരോഷ്ഠങ്ങൾ; ഹാ! കേരളാവനി ഒരു തനിമലയാളസ്ത്രീയായി പ്രത്യക്ഷപ്പെടുന്ന പുണ്യദിവസമാണോണം.

മഹിതയായ കേരളേശ്വരീ, അവിടത്തെ എഴുന്നെള്ളത്തിന്നായിട്ടല്ലേ പുലർവേളകളിൽ കാററ് അന്നു വഴിയെല്ലാം അടിച്ചുവാരുന്നതു്; പൂക്കളും പുൽക്കൊടികളും പനിനീർ തളിക്കുന്നതു്; ചെങ്കതിരോൻ തങ്കപ്പട്ടു വിരിക്കുന്നതു്; വൃക്ഷലതാദികൾ കുസുമാസ്തരണം ചെയ്യുന്നതു്; പക്ഷികൾ മംഗളാശംസകൾ പാടുന്നതു്; മലയാചലം ശീതശീകരസമീരചാമരംകൊണ്ടു വീശുന്നതു്; അറബിക്കടൽ തരംഗപടഹമടിച്ചു് അവിടത്തെ സമഗ്രയശസ്സിനെ പ്രകീർത്തിക്കുന്നതു്?

ഉദയാദ്രിയുടെ വാർനെററിയിൽ കുങ്കുമലേപനം ചെയ്യുന്ന ബാലസൂര്യൻ; അരുണാംബരവിഭൂഷിതയായ പൂർവ്വദിങ്നാരി; കുളിച്ചു ശുദ്ധമായി, നിലാവിൻെറ വെള്ളസ്സാരിയുടുത്തു് ഭസ്മചന്ദനലേപനംചെയ്തു നിൽക്കുന്ന നീലാകാശം; വരമണൽത്തിട്ടിനു വലംവച്ചു കൈകൊട്ടിക്കളിക്കുന്ന കാട്ടരുവികൾ; മഞ്ജരീമകരന്ദംനിറഞ്ഞ ആരാമങ്ങൾ; പ്രാർത്ഥനയ്ക്കു വിരിച്ച പച്ചപ്പട്ടുപോലെ പരന്നുകിടക്കുന്ന മൈതാനങ്ങൾ; നീണ്ടുനിവന്നു കിടന്നു വിശ്രമംകൊള്ളുന്ന സൈകതമണ്ഡലങ്ങൾ; പ്രകൃതിയുടെ പരിശുദ്ധവാത്സല്യംപോലെ പ്രവഹിക്കുന്ന സ്വച്ഛനീലസരിത്തുകൾ; പുലരി സമ്മാനിച്ച ഓണപ്പട്ടുടയാട ചുററി തുള്ളിച്ചാടിക്കളിക്കുന്ന കുസുമചയങ്ങൾ; വട്ടമിട്ടിരിക്കുന്ന

പൈങ്കിളിക്കൂട്ടങ്ങളുടെ ന്യായവാദങ്ങൾ കേട്ടു ചിരിച്ചു തളൎന്നുവീണ മുല്ലലതകൾ; പച്ചപിടിച്ച വയലിന്റെ സ്നിഗ്ദ്ധവക്ഷസ്സിൽ സപ്രേമം തല ചാച്ചുറങ്ങുന്ന പുൽക്കൊടികൾ. ഹാ! പണം വേണ്ട പദവിവേണ്ട; ഒരു മലയാളിയായി ജനിക്കുക; കേരളത്തിൽ ജീവിക്കുക; അതുമതി. അതുതന്നെ സ്ഥാനം; അതുതന്നെ മാനം. ഓണക്കാലത്തു മലനാട്ടിലെ സുഗന്ധസംവാഹിയായ സ്വച്ഛവായു ശ്വസിക്കുക. അതുതന്നെ സ്വൎഗ്ഗം!

ഋതുഭേദമനുസരിച്ചു പൂത്തും തളിൎത്തും നില്ക്കുന്ന ലതാവലികൾ; മലൎക്കാവുതോറും പറന്നു മധുരഗാനം പൊഴിക്കുന്ന പൈങ്കിളിക്കൂട്ടങ്ങൾ; ഫലഭാരത്താൽ നമ്രമായും കമ്രമായും നില്ക്കുന്ന വന്മരങ്ങൾ; താരും തളിരുമണിഞ്ഞു ചിരിച്ചുകൊണ്ടു നിൽക്കുന്ന ലത; തടികളെ കിക്കിളികൂട്ടി കളിച്ചും, ചെന്താമരയും ആമ്പലും നിറഞ്ഞു നിൽക്കുന്ന സരസ്സുകളിൽ കുളിച്ചും, സൌരഭ്യം വാരിപ്പൂശിയും സഞ്ചരിക്കുന്ന ശിശിരമാരുതൻ, പച്ചിലകൊണ്ടു സാന്ദ്രച്ഛായമായ തമാലങ്ങൾ; ലജ്ജാവിവശകളായ ലതാവലികളെ വക്ഷസ്സിൽ ചേൎത്തു പുൽകുന്ന തരുനിരകൾ; അമൃതകലശങ്ങൾ വഹിച്ചുകൊണ്ടു നിൽക്കുന്ന കേരവൃക്ഷങ്ങൾ; വിചിത്രവൎണ്ണോജ്ജ്വലമായ രംഭാകദംബങ്ങൾ; പവനന്റെ തപ്തചുംബനമേററു തളൎന്ന ഇളംതളിരുകൾ; എന്നിവയാൽ എത്ര വിഹനമാണു് ഓണക്കാലം. സഹ്യാദ്രിയുടെ ഔന്നത്യവും അറബിക്കടലിന്റെ ഗാംഭീൎയ്യവും കലൎന്ന ഭാൎഗ്ഗവക്ഷേത്രത്തിന്റെ ദിവ്യതേജസ്സു സമ്പൂൎണ്ണമായി പ്രദൎശിതമാകുന്ന ദിവസമല്ലേ അന്നു്?

മനുഷ്യനു കണ്ണുകൊടുത്തതു് ഓണക്കാലത്തെ മലയാളം കാണാനാണു്, ചെവികൊടുത്തതു് അന്നത്തെ മലനാടിന്റെ ആഹ്ലാദകലവികൾ കേൾക്കാനാണു്, ജീവൻ നൽകിയതു് ഓണക്കാലത്തു മലയാളത്തിൽ ജീവിക്കാനാണു്. ഇതൊക്കെ മൃതപ്രായങ്ങളായി മറന്നും മറഞ്ഞും കഴിഞ്ഞ ഭൂതകാലകഥകൾ മാത്രം. സുദീപ്തങ്ങളായിരുന്ന അന്നത്തെ അന്തിത്തിരികൾ ഇന്നു പടുതിരി കത്തിത്തുടങ്ങിയിരിക്കുന്നു. ആത്മാരാമതയുടെ ദിവ്യവൈഭവം നിറഞ്ഞ ആ ശാന്തിനികേതനത്തിന്റെ—പ്രകൃതിയുടെ പ്രമദവനമായിരുന്ന കേരളക്കരയുടെ—തങ്കം വിളഞ്ഞിരുന്ന മലയാളത്തിന്റെ സൌഭ്രാത്രം, സൌമനസ്യം, സമ്പൽസമൃദ്ധി എന്നിവ ഇങ്ങിനി മടങ്ങിവരാതവണ്ണം എങ്ങോ പാഞ്ഞുപോയിരിക്കുന്നു. അന്നത്തെ രണവീരന്മാരുടെ വീൎയ്യാഭിമാനപ്രകടനങ്ങൾ ഇന്നു കടങ്കഥകളായിത്തീൎന്നിരിക്കുന്നു. ഇന്നു മല

നാടില്ല; ഓണമില്ല; മലയാളിയില്ല. അന്യ സംസ്കാരത്തിന്റെ ചുഴിയിൽ വീർപ്പുമുട്ടിക്കാണുന്ന വെറും വിദേശികൾ മാത്രം. ശക്തിയോടെ അടിച്ച ഏതോ ഒരു പടിഞ്ഞാറൻകാററിൽ മലയാളിയുടെ സഹകരണാദർശം നിലംപരിശായിരിക്കുന്നു. ക്ഷേമൈശ്വര്യങ്ങൾ വിളയിച്ചിരുന്ന കലപ്പകൾ പകരം അവനിന്നു താങ്ങു മലാക്കാക്കെയിൻ. വൈദേശികസംസ്കാരത്തിന്റെ തിരയടിയിൽ ഇന്നീകേരളദേശം മുങ്ങിപ്പോയിരിക്കുന്നു. ഇത്ര വലിയ ഒരു വെള്ളപ്പൊക്കം കേരളത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. സ്വബോധം വിട്ട ഇന്നത്തെ മലയാളി പരിഷ്കാരത്തിനുവേണ്ടി മാനസപരിവർത്തനം ചെയ്തു പാശ്ചാത്യരാജ്യങ്ങളുടെ പടിവാതുക്കൽ പിച്ച ഇരക്കുന്നു.

9848

ഓണപ്പാട്ടു കേൾക്കാൻ ഉത്സാഹപൂർവ്വം ചെവി വട്ടംപിടിച്ചുകൊണ്ടു വന്ന സൂര്യനിന്നു നിരാശനായി അസ്തമിക്കുന്നു. കേരളത്തിന്റെ തുടുത്ത കവിൾത്തടങ്ങൾ ഇന്നൊട്ടിക്കുഴിഞ്ഞിരിക്കുന്നു. കൃഷീശ്വരിയുടെ മുമ്പിൽ കുമ്പിട്ട ദൃഢപുഷ്ടമായ ശരീരം ഇന്നു വളഞ്ഞു മെലിഞ്ഞു് ഒരസ്ഥിപഞ്ജരമായി മാറിയിരിക്കുന്നു.

വിദേശിഭ്രമത്തിന്റെ വെള്ളപ്പൊക്കംകൊണ്ടും അന്ധമായ അനുകരണംകൊണ്ടും എന്തുണ്ടായി? മലയാളിയുടെ പുരയും പറമ്പും പോയി; അവൻ നാടും വീടും വിട്ടവനായി. കേരളശ്രീയുടെ മുമ്പിൽ ഇന്നത്തെ മലയാളി പിപാസാപീഡിതനായി തളർന്നു വീഴുകയായി. തങ്കംവിളയുന്ന ആ ദേവിയുടെ മടിയിൽ അവനിന്നു വിശന്നുവീണു മരിക്കയായി. നാടുവിട്ടുപോയ മലയാളി ഇങ്ങിനി മടങ്ങിവരുമോ? മരിച്ച മലനാടു് ഒരിക്കൽ ഉയിർത്തെഴുന്നേൽക്കുമോ?

അമ്മ വിളമ്പിയ അമൃതം—കേരളത്തിന്റെ ധാരാവാഹിയായ പാരമ്പര്യസംസ്കാരം—ആ ഓണപ്പുടവ ഇനി എന്നെടുത്തുടുക്കുമോ, അന്നേ മലയാളി മലയാളി ആവൂ. അന്നേ മലനാട്ടിൽ ഓണം വരൂ.

കെ. ജെ. അലക്സാണ്ടർ.

# പെരുവഴിയിൽ വെച്ച്.

(തുടൎച്ച)

ബോർട്സോവ്—ഇതെങ്ങിനെയാണ്? എന്താണിതിന്റെ അൎത്ഥം? (ലോക്കറ്റ് എടുക്കുന്നു.) നിങ്ങളതിന്നു് എങ്ങിനെയാണ് ധൈൎയ്യപ്പെടുന്നതു്, പോത്തേ? നിങ്ങൾക്കെന്തൊരവകാശം? (കണ്ണീരോടെ) നിങ്ങളെ എന്നെക്കൊണ്ടു കൊല്ലിക്കണമെന്നുണ്ടോ നിങ്ങൾക്ക്; ഉവ്വോ? അന്തമില്ലാത്ത നാടൻ!

ടിഹോങ്—എജമാനന്നേ, ദേഷ്യപ്പെടരുതു്.........അതു ചില്ലുകൊണ്ടുണ്ടാക്കിയിട്ടുള്ളതല്ല, അതു പൊട്ടിയിട്ടില്ല......ഒരു ഗ്ലാസ്സുകൂടി കുടിച്ച് ഉറങ്ങാൻ പൊയ്ക്കോളു. (മറെറാരു ഗ്ലാസ്സുകൂടി നിറയ്ക്കുന്നു.) ഞാനിവിടെ നിങ്ങൾ പറയുന്നതു ശ്രദ്ധിക്കുകയായിരുന്നു, കട പൂട്ടേണ്ട സമയമായി. (പോയി പുറത്തെ വാതിലടയ്ക്കുന്നു.)

ബോർട്സോവ്—(കുടിക്കുന്നു) അയാളെങ്ങിനെ ധൈൎയ്യപ്പെട്ടു? എന്തൊരു വിഡ്ഢി! (മെറിക്കിനോടു്) നിങ്ങൾ ഒരു വിഡ്ഢി—ഒരു കഴുത—യാണെന്നു നിങ്ങൾക്കറിയാമോ?

സവ്വ—നല്ലവരായ സ്നേഹിതന്മാരെ! നിങ്ങളുടെ നാവുകൾക്ക് ഒരടക്കം വെക്കിൻ! വഴക്കടിച്ചിട്ടെന്താണ് കാൎയ്യം? ആളുകൾ ഉറങ്ങിക്കോട്ടെ.

ടിഹോങ്—കിടക്കിൻ, കിടക്കിൻ......മതി മതി! (മേശയ്ക്കടുത്തു ചെന്നു് വലിപ്പു പൂട്ടുന്നു.) കിടക്കേണ്ട സമയമായി.

ഫെഡ്യ - ശരിയാണ്! (കിടക്കുന്നു) സ്നേഹിതന്മാരെ വന്ദനം!

മെറിക്ക്—(എഴുന്നേററു തന്റെ കുപ്പായം ബെഞ്ചിന്മേൽ വിരിക്കുന്നു.) വരു, എജമാനന്നേ, ഇവിടെ കിടന്നോളു.

ടിഹോങ്—അപ്പോൾ നിങ്ങൾ എവിടെയാണ് കിടക്കുന്നതു്?

മെറിക്ക്—എവിടെയെങ്കിലും......നിലത്തു......(കുറംകുപ്പായം നിലത്തു വിരിക്കുന്നു.) എനിക്കതെല്ലാം ഒന്നുതന്നെയാണ്. (കോടാലി തന്റെ അടുത്തു വെയ്ക്കുന്നു.) അദ്ദേഹത്തിന്നു നിലത്തു കിടന്നുറങ്ങാൻ കഷ്ടപ്പാടുണ്ടാവും...... അദ്ദേഹം പട്ടും മറ്റും ശീലിച്ചിരുന്ന ആളാണ്, എന്നിട്ടു നിലത്തു്......

ടിഹോങ്—(ബോർട്സോവിനോടു്) പ്രഭോ, കിടന്നോളു! അഞ്ചുപടം വളരെപ്രാവശ്യം നോക്കിയിട്ടുണ്ടു്. (മെഴുതിരി കെടുത്തുന്നു) അവളെ ഉപേക്ഷിച്ചേക്കു!

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA...
...YINKIL

ബോർട്സോവ്—(കാലിടറിക്കൊണ്ടു്) ഞാനെവിടെയാണ് കിടക്കേണ്ടതു്?

ടിഹോങ്ങ്—ആ തെണ്ടിയുടെ സ്ഥലത്തു്! അങ്ങു കേട്ടില്ലേ! അയാളും അതങ്ങേയ്ക്കു നൽകിയതാണു്.

ബോർട്സോവ്—(ബെഞ്ചിന്നടുക്കലേയ്ക്കു പോകുന്നു) ഞാൻ....ഞാൻ.... കുടിച്ചിരിക്കുന്നു......ഇതു്.....ഇന്നല്ലേ അതു്? ഞാനിവിടെയാണോ കിടക്കേണ്ടതു്?

ടിഹോങ്ങ്—അതേ, അതേ, പേടിയ്ക്കേണ്ട; കിടന്നോളൂ . . . . (മേശമേൽ നിവന്നു കിടക്കുന്നു.)

ബോർട്സോവ്—(കിടക്കുന്നു.) ഞാൻ കുടിച്ചിരിക്കുന്നു ..!... എല്ലാം വട്ടം തിരിയുന്നു ..... (ലോക്കറ്റ തുറന്നു്) നിങ്ങളുടെ കയ്യിൽ ഒരു കഷ്ണം മെഴുതിരിയില്ലേ? (കുറെ നിൽ്ത്തി) മാഷ, നീ ഒരസാധാരണ സ്ത്രീയാണു് . . . . . . നീ ആ ചട്ടക്കൂട്ടിലിരുന്നു് എന്റെ നേരെ നോക്കി ചിരിക്കുന്നു . . . . . . (ചിരിക്കുന്നു.) കുടിച്ചിരിക്കുന്നു! നീ ഒരു കുടിയന്റെ നേരേനോക്കി ചിരിക്കരുതു്! സ്ക്കാസ്ട്ലിവ്ട്സേവ് പറയുന്നതുപോലെ നീ എല്ലാററിനേയും അവഗണിക്കുന്നു . . . . . . എന്നിട്ടു് ഒരു കുടിയനെ സ്നേഹിക്കുന്നു......

ഫെഡ്യ—എന്തുപോലെയാണു് കാററു മുരളുന്നതു്! അതു ഭയങ്കരമായിരിക്കുന്നു!

ബോർട്സോവ്—(ചിരിക്കുന്നു.) നീ എന്തൊരു പെൺകിടാവാണു്...... നിനക്കു് അങ്ങിനെ തിരിഞ്ഞുപോകാൻ കഴിയുന്നതെങ്ങിനെയാണു്? നിന്നെ പിടിച്ചുനിൽത്താനൊന്നുമില്ല!

മെറിക്ക്—അദ്ദേഹത്തിനു ചിത്തഭ്രമമാണു്. അദ്ദേഹം ആ പടത്തിന്റെ നേരേ നോക്കിക്കൊണ്ടിരിക്കയാണു്. (ചിരിക്കുന്നു.) അനിതരസാധാരണമായ ഇളക്കമാണു്; ഈ പഠിപ്പുള്ള മിടുക്കന്മാർ എല്ലാത്തരം യന്ത്രങ്ങളും മരുന്നുകളും കണ്ടുപിടിച്ചു, എന്നിട്ടും സ്ത്രീജാതിക്കു് ഒരു പ്രതിവിധി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല! . . . . . അവർ ഓരോ രോഗവും എങ്ങിനെയാണു് സുഖപ്പെടുത്തുക, എന്നു കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. എന്നാൽ അധികമാളുകളും സുഖക്കേടു പിടിപെട്ടിട്ടുള്ളതിനേക്കാളധികം സ്ത്രീജാതിയാലാണു്, നശിപ്പിക്കപ്പെടുന്നതെന്നു അവരോർക്കുന്നതേ ഇല്ല. കൌശലക്കാരികൾ, പണക്കൊതിച്ചികൾ, ഒരു ദയയുമില്ല, ഒരു വിവേചനാശക്തിയുമില്ല......പ്രായം ചെന്ന സ്ത്രീകൾ അവരുടെ മക്കളുടെ ഭാര്യമാരെക്കൊണ്ടു ഒരു ഭയങ്കരജീവിതം നയിപ്പിക്കുന്നു; ഭാര്യമാരു തങ്ങ

ളുടെ ഭൎത്താക്കന്മാരെ ചതിയ്ക്കേണ്ടതെങ്ങിനെയെന്നെല്ലാമല്ലാതെ, മററൊന്നിനെക്കുറിച്ചും ചിന്തയുമില്ല!......അത്രമാത്രമോ, യാതൊരവസാനവുമില്ല!

ടിഫോൺ:—പെണ്ണുങ്ങൾ പൂവൻകോഴിയുടെ പൂവു വലിച്ചുകഴിഞ്ഞു, അതു് ഇപ്പോൾ അതിൻെറ തൂവലുകൾ ശരിപ്പെടുത്തുകയാണു്.

മെറിക്ക്:— ഞാൻ മാത്രമല്ല......അനാദികാലം മുതല്ക്കു്, ലോകം ഉണ്ടായ നാൾമുതല്ക്കു്, ആളുകൾ കരഞ്ഞുതുടങ്ങിയിരിയ്ക്കുന്നു......എല്ലാ കെട്ടുകഥകളിലും പാട്ടുകളിലും സ്ത്രീയെ പിശാചായി കണക്കാക്കിയിട്ടുള്ളതു് വെറുതെയല്ല......അതു വെറുതെയല്ല! എന്തായാലും, അതു പകുതിയിലധികം വാസ്തവമാണു് (ഒരു നിശ്ശബ്ദത)... ഈ മാന്യൻ ഇതാ ഇവിടെ കിടന്നു കോമാളിത്തം കാണിയ്ക്കുന്നു; ജ്ഞാനംമൂലമല്ല, ഞാൻ അച്ഛനേയും അമ്മയേയും ഉപേക്ഷിച്ചു്, തെണ്ടിയായിത്തീൎന്നതു്......

ഫെഡ്യ:—അതു സ്ത്രീമൂലമാണോ?

മെറിക്ക്:—ഇതാ, ഇവിടെ കിടക്കുന്ന മാന്യനെപ്പോലെത്തന്നെ. ഞാൻ ഒരു ബാധയേററവനെപ്പോലെ വശീകരിയ്ക്കപ്പെട്ടവനെപ്പോലെ, അങ്ങുമിങ്ങും നടന്നു. എൻെറ സൌഖ്യത്തെക്കുറിച്ചു അഭിമാനംകൊണ്ടു......രാവും പകലും തിയ്യിന്മേലെന്നപോലെ, എന്നാൽ സമയം വന്നപ്പോൾ എൻെറ കണ്ണു തുറന്നു...അതു സ്നേഹമായിരുന്നില്ല, വെറുംചതി!

ഫെഡ്യ:—നിങ്ങൾ അവൾക്കെന്താണു ചെയ്തതു്?

മെറിക്ക്:— അതു നിങ്ങൾക്കറിയേണ്ടതില്ല ... (ഒരു നിശ്ശബ്ദത) അവളെ കൊന്നുവെന്നു നിങ്ങൾ കരുതുന്നുണ്ടോ? എൻെറ കയ്യു പരാജയപ്പെട്ടു......ഒരാളും അവരെ കൊല്ലുന്നില്ല!....ഒരാൾക്കു അവരോടു സഹതാപംകൂടി തോന്നുന്നു...ജീവിയ്ക്കുകയും...സുഖിയ്ക്കുകയും ചെയ്യുക! നിങ്ങൾ കേവലം എൻെറ കണ്ണിന്മുമ്പിലില്ലെങ്കിൽ, എനിയ്ക്കു നിങ്ങളെ കാണാൻ കഴിയും, പുല്ലിലെപ്പാമ്പ്! (വാതില്ക്കൽ ഒരു മുട്ടു കേൾക്കുന്നു).

ടിഹോൺ:— ഏതു ചെകുത്താനാണവിടെ? ആരാണതു്! (ഒരു മുട്ടു്) ആരാണ് മുട്ടുന്നതു്? (എഴുന്നേററു വാതില്ക്കലേയ്ക്കു പോകുന്നു.) ആരാണ് മുട്ടുന്നതു്? നിങ്ങൾ തുടരണം! ഞങ്ങൾ വാതിലടച്ചിരിയ്ക്കുന്നു!

ശബ്ദം:—(വാതില്ക്കൽ) ടിഹോൺ, ഈശ്വരനെ വിചാരിച്ചു്, എന്നെ അകത്തു കടത്തൂ. വണ്ടിയുടെ ഒരു സ്പ്രിങ്ങ് പൊട്ടിയിരിയ്ക്കുന്നു!

എന്നെ ഒന്നു സഹായിക്കു, എനിക്കു് ഒരുപ്പുനാവു! ഞങ്ങൾക്കു് അതു കെട്ടാൻ ഒരു കഷ്ണം ചരടു കിട്ടിയാൽ, വല്ല വിധത്തിലും വീട്ടിൽ എത്തിച്ചേരാം...

ടിഹോണ്ട്:—ആരാണതു്?

ശബ്ദം:—(വാതില്ക്കൽ) എന്റെ എജമാനത്തി പട്ടണത്തിൽനിന്നു വാർസൊണോഫിവോവിലേക്കു പോകയാണ്.....ഞങ്ങൾക്കു നാലു നാഴിക മാത്രമേ പോകാനുള്ളു! ഈശ്വരനെ വിചാരിച്ചു്, എന്നെ സഹായിക്കു!

ടിഹോണ്ട്:—നിങ്ങളുടെ എജമാനത്തിയോടു പറയു, പത്തു റൂബിൾ തരാമെങ്കിൽ ഒരു ചരടുണ്ടാക്കാം—സ്പ്രിങ്ങ് ഞങ്ങൾ നന്നാക്കിത്തരികയും ചെയ്യാം.

ശബ്ദം:—(വാതില്ക്കൽ) നിങ്ങൾക്കു ബോധമുണ്ടോ? പത്തു റൂബിൾ! ഹേ ഭ്രാന്തൻനായേ, നിങ്ങൾക്കു മററുള്ളവർ കഷ്ടപ്പെടുന്നതിൽ രസമാണ്.

ടിഹോണ്ട്:—നിങ്ങൾക്കു് ഏററവും നല്ലതറിയാം....നിങ്ങൾക്കതു വേണമെന്നില്ലെങ്കിൽ, തരികയും വേണ്ട...

ശബ്ദം:—(വാതില്ക്കൽ) ആട്ടെ, എന്നാൽ അങ്ങിനെയാവട്ടെ; ഒരു ക്ഷണനേരം നില്ക്കു. (ഒരു നിമിഷം കഴിഞ്ഞു്) എന്റെ എജമാനത്തി പറയുന്നു, വളരെ നന്നെന്നു്.

ടിഹോണ്ട്:—എന്നാൽ അകത്തേക്കു വരു! (വാതിൽ തുറന്നു് ഡെനിസിനെ അകത്തേക്കു കടത്തുന്നു.)

ഡെനിസ്:—വന്ദനം, നല്ലവരായ കൃസ്ത്യാനികളേ! ഇതാ, എനിക്കു കയറു തരു! വേഗമാവട്ടെ! ചങ്ങാതിമാരെ, ആരാണു പുറത്തേക്കു വന്നു സഹായിക്കുക? അതിന്നെന്തെങ്കിലും കിട്ടും!

ടിഹോണ്ട്:—യാതൊന്നും ആവശ്യമില്ല... അവർ ഉറങ്ങിക്കോട്ടെ. നമുക്കു രണ്ടുപേർക്കും കൂടി ശരിപ്പെടുത്താം.

ഡെനിസ്:—ഫ്രു! ഞാൻ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു! തണുപ്പു്, ചളി, എന്റെ ദേഹത്തിൽ ഉണങ്ങിയ ഒരു നൂലുപോലുമില്ല.....മറെറാരു കാര്യം, എന്റെ നല്ല മനുഷ്യ,.....ഇവിടെ എന്റെ എജമാനത്തിക്കു ചൂടു കിട്ടിക്കാൻ തക്ക ഒരു മുറിയില്ലേ? വണ്ടി എല്ലാം കൂടി ഒരു ഭാഗത്തേക്കായിരിക്കുന്നു, അതിൽ ഇരിപ്പിടമൊന്നുമില്ല...

ടിഹോണ്ട്:—അവക്കു് ഒരു മുറിയും വേണം? അവക്കു തണുപ്പുണ്ടെങ്കിൽ അവർ ഇവിടെ വന്നു ചൂടു പിടിപ്പിച്ചു കൊള്ളട്ടെ...ഞങ്ങൾ അവക്കു് ഒരു മുറിയുണ്ടാക്കാം! (ബോർട്സോവിന്റെ അടുത്തുചെന്നു ഒരു

സ്ഥലം വൃത്തിയാക്കുന്നു.) എഴുന്നേല്ക്കു, എഴുന്നേല്ക്കു! ആ മാന്യസ്ത്രീ തണുപ്പു മാററുന്നതുവരെ നിങ്ങൾ ഒരു മണിക്കൂർ നിലത്തു കിടന്നോളൂ. (ബോർട്‌സോവിനോട്) എജമാനേ, എഴുന്നേല്ക്കു! ഒന്നു എഴുന്നേററിരിക്കു! (ബോർട്‌സോവ് എഴുന്നേററിരിക്കുന്നു.) ഇതാ, നിങ്ങൾക്കൊരു സ്ഥലം!

(ഡെനിസ് പുറത്തേക്കു പോകുന്നു.)

ഫെഡ്യ:—ഇതാ ഒരതിഥി, അവൾ തുലഞ്ഞുപോകട്ടെ! ഇനി പുലരുന്നതുവരെ ഉറങ്ങാൻ പററില്ല.

ടിഹോണ്:—ഞാൻ പതിനഞ്ചു ചോദിക്കാഞ്ഞതു കഷ്ടമായി...അവർ അതു തരുമായിരുന്നു. (പ്രതീക്ഷാഭാവത്തിൽ വാതിലിന്നു മുമ്പിൽ നില്ക്കുന്നു)...നിങ്ങൾ എല്ലാവരും വളരെ നന്നായി പെരുമാറണം... ഇനി, യാതൊരു ഉത്തരവാക്കം...(ഡെനിസ്സിനാൽ അനുഗമിക്കപ്പെട്ടുകൊണ്ടു മേര്യയെഗൊറോവ്ന പ്രവേശിക്കുന്നു. ടിഹോണ് താണു കുമ്പിടുന്നു.)

ടിഹോണ്:—അകത്തേക്കു കടക്കാം. ഞങ്ങളുടെ പാവപ്പെട്ട പാർപ്പിടം, വെറും നാടന്മാക്കും വണ്ടുകൾക്കും മാത്രം പററിയതാണ് . . . അതിനെ നിന്ദിക്കരുതു്.

മേര്യയെഗൊറോവ്ന:—എനിക്കു യാതൊന്നും കാണാനില്ല . . . ഞാൻ എങ്ങോട്ടാണു പോകേണ്ടതു്?

ടിഹോണ്:—ഇതിലേ, തിരുമേനി. (അവളെ ബോർട്‌സോവിന്നടുക്കൽ ഇരുത്താനായിക്കൊണ്ടു പോകുന്നു) ഇതിലേ വരാം! (ഇരിപ്പിടത്തിന്മേൽ തല്ലുന്നു) എനിക്കു മാപ്പുതരണം, ഇവിടെ വേറെ മുറിയൊന്നുമില്ല. എന്നാൽ, മദാം, അസുഖപ്പെടേണ്ടതില്ല. അവർ വളരെ ഒതുങ്ങിയ കൂട്ടരാണ് . . .

മേര്യയെഗൊറോവ്ന:—(ബോർട്‌സോവിന്നടുത്തിരിക്കുന്നു) എന്തു ഭയംകരമായ വീർപ്പുമുട്ടൽ! നിങ്ങൾ ചുരുങ്ങിയതു വാതിലെങ്കിലും തുറന്നിടൂ!

ടിഹോണ്:—അങ്ങിനെത്തന്നെ, മദാം! (ഓടിപ്പോയി വാതിൽ മലക്കെ തുറന്നിടുന്നു.)

മെറിക്ക്:—ആളുകൾക്കെല്ലാം തണുപ്പാണ്, എന്നിട്ടവർ വാതിലുകൾ തുറക്കുന്നു (എഴുന്നേററു വാതിലടക്കുന്നു) കല്പിക്കാൻ അവരാരാണ്? (കിടക്കുന്നു.)

ടിഹോണ്:—അവിടുന്നതു പൊറുക്കണം, തിരുമേനി. അയാൾ ഒരു പോത്തനാണ് . . . . അല്പം നൊസ്സുമുണ്ട് . . . എന്നാൽ പേടി

സ്സേണ്ട . . . അയാഠം ഉപദ്രവിയ്ക്കില്ല . . . . എനിയ്ക്കു മാപ്പു തരണം, ഞാൻ പത്തു റൂബിളിന്നു സമ്മതിച്ചിട്ടില്ല . . . . പതിനഞ്ചിന്നു നിങ്ങഠംക്കു വേണമെങ്കിൽ . . . .

മേര്യയെഗൊറോവ്ന:—ആട്ടെ, വേഗത്തിൽ വേണമെന്നുമാത്രം.

ടിഹോൺ:—ഇതാ, ഈ നിമിഷത്തിൽ. ഞങ്ങഠം അതൊരു ഞൊടിയ്ക്കുള്ളിൽ ചെയ്യാം . . . . (കയർ പണമേശയുടെ ചുവട്ടിൽനിന്നു വലിച്ചെടുക്കുന്നു) ഈ നിമിഷത്തിൽ . . . (ഒരു നിശ്ശബ്ദത.)

ബോട്സോവ്:—(മേര്യയെഗൊറോവ്നയുടെ നേരെ സൂക്ഷിച്ചുനോക്കുന്നു) മേരി . . . . മാഷ . . . .

മെര്യയെഗൊറോവ്ന:—(ബോർട്സോവിന്റെ നേരെ നോക്കിയിട്ട്) ഇനിയെന്താ?

ബോർട്സോവ്:—മേരി . . . . ഇതു നീയാണോ? നീ എവിടെ നിന്നാണ് വരുന്നത്?

(മെര്യയെഗൊറോവ്ന ബോട്സോവിനെ തിരിച്ചറിഞ്ഞ് നിലവിളിയ്ക്കുകയും, അയാളുടെ അടുത്തുനിന്നു മുറിയുടെ മധ്യത്തിലേയ്ക്കു ഓടുകയും ചെയ്യുന്നു.)

ബോർട്സോവ്—(അവളെ പിന്തുടന്ന്) മേരി . . . . . ഇതു ഞാനാണ്. . . . . . ഇതു ഞാനാണ്. . . . . . (ചിരിക്കുന്നു.) എന്റെ ഭാര്യ! മേരി! എന്നാൽ ഞാനെവിടെയാണ്? ആരെങ്കിലും ഒരു മെഴുതിരി കൊളുത്തു!

മേര്യയെഗോറോവ്ന— കടന്നുപോവു! നിങ്ങഠം നുണ പറയുകയാണ്! അതു നിങ്ങളല്ല! അങ്ങനെ വരാൻവയ്യ! (കൈകൊണ്ടു മുഖം പൊത്തുന്നു ) അതു നുണയാണ്! അതു പൊള്ളാണ്!

ബോർട്സോവ്—അവളുടെ ശബ്ദം, അവളുടെ ചലനങ്ങഠം . . . . . . മേരി, ഞാനാണിതു്! ഞാൻ . . . . കുടിക്കില്ല. . . . . ഒരു നിമിഷത്തിനുള്ളിൽ . . . . . എന്റെ തല ചുററുന്നു. . . . . എന്റെ ഈശ്വരാ! ഒരു ക്ഷണനേരം നിൽക്കു . . . . ഒരു ക്ഷണനേരം നില്ക്കു. . . . . എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. (ഉറക്കെ കരയുന്നു.) പ്രിയേ! (അവളുടെ കാല്ക്കൽ വീണു കരയുന്നു.)

(ഭാര്യാഭർത്താക്കന്മാരുടെ ചുററും ഒരു സംഘം കൂടുന്നു )

മേര്യയെഗൊറോവ്ന—കടന്നുപോവൂ! (ഡെനിസിനോട്) ഡെനിസ്, നമുക്കു പോവുക! എനിയ്ക്കിവിടെ നില്ക്കാൻ വയ്യ!

മെറിക്ക്—(ചാടിയെഴുന്നേററ് അവളുടെ മുഖത്തു സൂക്ഷിച്ചു നോ

കുന്നു.) ആ പടം? (അവളുടെ കയ്യു പിടിക്കുന്നു.) അതുതന്നെയാണിതു്! ഹേ ചങ്ങാതിമാരേ! ഈ മാന്യന്റെ ഭാഗ്യ!

മേര്യയെഗൊറോവ്ന— കൈ വിടു്, ഹേ നാടൻ! (കൈ കുതറാൻ ശ്രമിക്കുന്നു.) ഡെനിസ്, നിങ്ങളെന്താണു് കാത്തു നിൽക്കുന്നതു്? (ഡെനിസ്സും ടിഹോങ്ങും അവളുടെ അടുക്കലേക്കു് ഓടിച്ചെന്നു മെറിക്കിനെ ചുററിപ്പിടിക്കുന്നു.) കവൎച്ചക്കാരുടെ ഒരു ഗുഹയാണിതു്! എന്റെ കയ്യുവിടു! എനിക്കു നിങ്ങളെ പേടിയൊന്നുമില്ല! . . . . . കടന്നുപോവു!

മെറിക്ക്—ഒരിത്തിരി നിൽക്കു, ഞാൻ നിങ്ങളെ പറഞ്ഞയക്കാം. ഇതൊന്നു പറഞ്ഞുകൊള്ളട്ടെ . . . . . ഒരൊററ കായ്യം, അങ്ങിനെ നിങ്ങൾ മനസ്സിലാക്കിക്കൊള്ളു . : . . ഒരു ക്ഷണനേരം നിൽക്കു. . . . (ടിഹോങ്ങിനോടും ഡെനിസ്സിനോടും.) മാറിനില്ക്കിൻ, ചേട്ടുകളേ, എന്നെ പിടിക്കരുതു്! അവരോടു ചിലതു പറഞ്ഞല്ലാതെ, ഞാൻ അവരെ പോവാനയക്കില്ല. ഒരുത്തിരിനില്ക്കു . . . . ഒരു നിമിഷത്തിനുള്ളിൽ (കൈമടക്കി തന്റെ നെററിമേലിടിക്കുന്നു.) ഇല്ല, ഈശ്വരൻ എനിക്കു തൻേറടം തന്നിട്ടില്ല! നിങ്ങളോടു പറയാനുള്ള വാക്കിനെക്കുറിച്ചു് ആലോചിക്കാതെ വയ്യ, എനിക്കു്!

മേര്യയെഗൊറോവ്ന—(കൈ കുതറുന്നു.) കടന്നുപോവു! അവർ കുടിച്ചിരിക്കുന്നു . . . . നമുക്കു പോവുക, ഡെനിസ്! (വാതിൽക്കലേക്കു നടക്കാൻ ശ്രമിക്കുന്നു.)

മെറിക്ക്—(വഴി നടന്നിട്ടു്) വരു, നിങ്ങൾ അദ്ദേഹത്തെ ഒന്നു നോക്കിപ്പോകണം! ദയാപൂൎവ്വമായ ഒരു വാക്കുകൊണ്ടു് അദ്ദേഹത്തെ ആശ്വസിപ്പിക്കു; ഈശ്വരനെ വിചാരിച്ചു്!

മേര്യയെഗൊറോവ്ന—ഈ . . . . . ഭ്രാന്തനെ ഇവിടെനിന്നു പിടിച്ചുകൊണ്ടുപോവു.

മെറിക്ക്—എന്നാൽ പോയി കഴുവേറ്, നശിച്ച സ്ത്രീ (കോടാലി ആട്ടുന്നു.)

(ഭയങ്കരലഹള. അവരെല്ലാവരും ഒച്ചപ്പാടുണ്ടാക്കിയും ഭയപ്പെട്ടു നിലവിളിച്ചും മേല്പോട്ടു ചാടുന്നു. സൎവ്വ മേര്യയെഗൊറോവ്നയുടേയും മെറിക്കിൻേറയും നടുക്കു വന്നുനില്ക്കുന്ന ഡെനിസ് മെറിക്കിനെ ഊക്കോടെ വലിച്ചു തന്റെ എജമാനത്തിയെ പാരായക്കടെയുടെ പുറത്തേക്കു് എടുത്തുകൊണ്ടു പോകുന്നു. ഇതിനുശേഷം എല്ലാവരും കുററി തറച്ചപോലെ നില്ക്കുന്നു. ഒരു നീണ്ട നിശ്ശബ്ദത.)

ബോർട്സ്സോവ്—(കൈകൊണ്ടു ശൂന്യതയെ പിടിച്ച്) മേരി..... മേരി, നീ എവിടെയാണ്?

നസറോവ്ന—ഹാഹാ.... നിങ്ങടം എന്റെ ഹൃദയത്തെ കശക്കിപ്പിഴിഞ്ഞുകളഞ്ഞു, കൊലപാതകികളെ. എന്തൊരു ഭയങ്കരമായ രാത്രി!

മെറിക്ക്—(കോടാലി പിടിച്ചിരുന്ന കയ്യു താഴത്തിട്ട്) ഞാനവളെ കൊന്നുവോ?

ടിഹോണ്—ഈശ്വരനോടു നന്ദി പറയുക, ഇത്തവണ തന്റെ ജീവൻ രക്ഷപ്പെട്ടു.....

മെറിക്ക്—അപ്പോഠം ഞാനവളെ കൊന്നില്ല..... (കാലിടറിക്കൊണ്ടു സ്വസ്ഥാനത്തേക്കു പോകുന്നു.) കട്ടെടുത്ത ഒരു കോടാലികൊണ്ടു മരിക്കുകയായിരുന്നില്ല എന്റെ ഭാഗ്യം.... (തന്റെ കുപ്പായത്തിൽ കമിഴ്ന്നുകിടന്നു തേങ്ങിക്കരയുന്നു.) ഓ; കഷ്ടപ്പാട്! ക്രൂരമായ കഷ്ടപ്പാട്! നല്ലവരായ ക്രിസ്ത്യാനികളെ, എന്റെ മേൽ ദയ കരുതു!

(തിരശ്ശീല.)

സി. ഗോവിന്ദക്കുറുപ്പ്.

# ഈജിപ്തിലെ പ്രാചീനകാലത്തെ ജീവിതരീതി.

പ്രാചീനകാലത്തു് ഏററവും മനോഹരവും പ്രസിദ്ധവുമായ നഗരം തിബസ്സു് ആയിരുന്നു. ഈജിപ്തിലെ ജനങ്ങൾ അധികവും അധിവസിച്ചിരുന്നതു് ആ നഗരത്തിൻെറ പരിസരങ്ങളിലായിരുന്നു. രാജാക്കന്മാർ പഴയ തലസ്ഥാനമായിരുന്ന മെൻഫിസ് നഗരംവിട്ടു തിബസിൽപോയി കൊട്ടാരങ്ങൾ പണിയിച്ചു് അവിടെ വാസം തുടങ്ങി. തിബസിൻെറ കീത്തി പരിഷ്കൃതദേശങ്ങളിലെല്ലാം വ്യാപിച്ചു. ഗ്രീസിലെ സുപ്രസിദ്ധകവിയായ ഹോമർ ആ നഗരത്തിനു് ഇരുന്നൂറു കോട്ടവാതിലുകളുണ്ടായിരുന്നുവെന്നും യുദ്ധകാലങ്ങളിൽ ഓരോ പടിയിൽകൂടിയും ഇരുന്നൂറു രഥങ്ങൾ ഓടിക്കത്തക്ക വിസ്താരമുള്ളതായിരുന്നു ഓരോ പടിയും എന്നും വണ്ണിച്ചിരിക്കുന്നു.

അനേകം വിശിഷ്ടക്ഷേത്രങ്ങൾകൊണ്ടും മനോഹരമായ കെട്ടിടങ്ങൾകൊണ്ടും പ്രശോഭിച്ചിരുന്ന രമണീയനഗരി നദിയുടെ പുളിനങ്ങളിലാണു സ്ഥിതിചെയ്തിരുന്നതു്. ചുററും ദൃഢമായ മതിലുകളും ഇടക്കിടെ ഗോപുരങ്ങളും ഉള്ള ആ നഗരത്തിന്നു് അല്പം ദൂരെ കാർനക്കു് എന്ന സ്ഥലത്തു് ആമൻദേവനെ പ്രതിഷ്ഠിച്ച ഒരു മഹാക്ഷേത്രം ഉണ്ടായിരുന്നു. അത്ഭുതജനകങ്ങളായ വിഗ്രഹങ്ങളും ഉന്നതങ്ങളായ സ്തംഭങ്ങളുമുള്ള ആ സുപ്രസിദ്ധക്ഷേത്രം നിർമ്മിക്കുവാൻ നാനൂറുവഷങ്ങൾ വേണ്ടിവന്നുവത്രേ. ഏകദേശം ഇത്രതന്നെ മനോഹരമായിരുന്നു ലക്സർ എന്ന സുപ്രസിദ്ധക്ഷേത്രവും. അതിൻെറ വാതിലുകൾ സ്വണ്ണനിമ്മിതവും മുററം വെള്ളിത്തകിടു പതിച്ചതും ആയിരുന്നു. മുററത്തിന്നു ചുററുമുണ്ടായിരുന്ന എഴുപത്തിനാലു വിചിത്രസ്തംഭങ്ങൾ ആ ക്ഷേത്രത്തിൻെറ പെരുമയെ പതിന്മടങ്ങു വദ്ധിപ്പിച്ചു. വിശിഷ്ടക്ഷേത്രങ്ങളുടേയും കെട്ടിടങ്ങളുടേയും അവശിഷ്ടങ്ങൾ ഇന്നും അവിടെ കിടക്കുന്നുണ്ടു്. ഈ അവശിഷ്ടങ്ങളിൽനിന്നു പ്രാചീന ഈജിപ്തുകാരുടെ ശില്പകലാവൈദഗ്ദ്ധ്യം നമുക്കു് ഏതാണ്ടനുമാനിക്കാവുന്നതാണു്.

മഹാക്ഷേത്രങ്ങളുടെ മറുഭാഗത്തുണ്ടായിരുന്ന കുന്നിൻനിരകൾക്കിടയിലുള്ള ഒരു താഴ്‌വരയിലായിരുന്നു ഈജിപ്തിലെ രാജാക്കന്മാരുടെ മൃതദേഹം സംസ്കരിക്കപ്പെട്ടിരുന്നതു്. ഇവിടെ ഗുഹകളെപ്പോലെ പാറകളിൽ നിർമ്മിച്ച ശവകുടീരങ്ങളിൽ രാജാക്കന്മാരുടെ മൃതശരീര

നിക്ഷേപിച്ചുവന്നു. കവൎച്ചക്കാരും മററും ശവത്തോടുകൂടി അവിടെ നിക്ഷേപിച്ചിരുന്ന ആഭരണങ്ങളും മററും അമൂല്യവസ്തുക്കളും മോഷ്ടിച്ചുകൊണ്ടു പോകരുതെന്നു കരുതി പുറത്തേക്കുള്ള മാർഗ്ഗം ഭദ്രമായി അടച്ചിരുന്നു.

അനേകം നൂററാണ്ടുകൾക്കുമുമ്പു അകാലമൃതിയടഞ്ഞ തുതങ്കമൻ എന്നു പേരായ രാജാവിന്റെ ശവക്കല്ലറ പൊളിക്കയുണ്ടായി. അതിൽനിന്നു ലഭിച്ച ദുർല്ലഭവസ്തുക്കളിൽനിന്നാണു് പുരാതനരാജാക്കന്മാരുടെ ശവകുടീരത്തിൽ അമൂല്യവസ്തുക്കൾ നിക്ഷേപിച്ചിരുന്നുവെന്നും ആ വസ്തുക്കൾ മൃതിയടഞ്ഞ രാജാക്കന്മാരുടെ വകയാണെന്നും നാം ഗ്രഹിച്ചതു്. മൂവ്വായിരം കൊല്ലങ്ങൾക്കുമുമ്പു വാണിരുന്ന ഈ രാജാവു് തന്റെ പൂർവ്വികന്മാരെപ്പോലെതന്നെ വിശ്രുതനായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ മൃതശരീരം സ്ഥാപിച്ച മനോഹരമായ ഹർമ്മ്യവും അതിൽനിന്നു ലഭിച്ച വിശിഷ്ടവസ്തുക്കളും ആണു് അദ്ദേഹത്തെ സുപ്രസിദ്ധനാക്കിയതു്.

ഒരു വലിയ ശിലാനിർമ്മിതമായ ഗഹ്വരത്തിൽ സ്വർണ്ണനിറത്തിലുള്ള മൂന്നു ശവപ്പെട്ടികൾ ഒന്നിനുള്ളിൽ മറെറാന്നായി കാണപ്പെട്ടു. അവയുടെ അടപ്പുപലകകളുടെ ഉപരിഭാഗത്തു തുതങ്കമന്റെ പൂർണ്ണവലിപ്പത്തിലുള്ള ഛായ കൊത്തിയിട്ടുണ്ടായിരുന്നു. രാജചിഹ്നങ്ങളായ ചെങ്കോലും കൊരടാവും ധരിച്ചിട്ടുള്ള ഒരു ഛായയായിരുന്നു അതു്. വിശേഷപ്പെട്ട ആഭരണങ്ങളാൽ അലംകൃതമായിരുന്നു രാജാവിന്റെ മൃതശരീരം. അതിന്നുപുറമേ ശവകുടീരത്തിൽ രാജധാനിയിൽനിന്നു കൊണ്ടുവന്ന വിവിധവസ്തുക്കൾ നിക്ഷേപിച്ചിരുന്നു. ഗുഹയിൽ ശവക്കല്ലറയ്ക്കുപുറമേ ചാപങ്ങൾ സ്വർണ്ണവിശിഖങ്ങൾ ദന്തംകൊണ്ടും തങ്കംകൊണ്ടും കെട്ടിച്ച സ്ക്കീട്ടുവടികൾ മുതലായി, രാജാവു് അത്യധികം ഉപയോഗിച്ചിരുന്ന വസ്തുക്കളും ഗുഹയ്ക്കുപുറമേ കളിമണ്ണുകൊണ്ടു നിർമ്മിച്ച അടിമകളുടെ പ്രതിമകളും ഉണ്ടായിരുന്നു. ഈ പ്രതിമകൾ പരലോകത്തിലും രാജാവിന്റെ ഭൃത്യന്മാരായി ജനിച്ചു് അദ്ദേഹത്തെ പരിചരിച്ചുകൊണ്ടിരിക്കുമെന്നായിരുന്നു ഈജിപ്തുകാരുടെ വിശ്വാസം. സ്വർണ്ണംപൂശിയ രഥങ്ങൾ, മേശകൾ, കസേലകൾ, മെത്തകൾ തുടങ്ങിയ വസ്തുക്കളുടെ മദ്ധ്യേ മാന്യസ്ഥാനത്തു തങ്കം പൂശിയ രത്നങ്ങൾ പതിച്ച ഒരു സിംഹാസനവും ഉണ്ടായിരുന്നു. സിംഹാസനത്തിന്റെ കരങ്ങളിൽ മരതകരത്നങ്ങൾകൊണ്ടുള്ള ശിരസ്സുകളോടുകൂടിയ പരുന്തുകളുടെ വിഗ്രഹം പാറാവുകാരെപ്പോലെ നിന്നിരുന്നു.

വായുവുംകൂടി കടക്കാതെ ശവകുടീരങ്ങളിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന രമണീയവസ്തുക്കൾ കണ്ടാൽ പുതുതായി നിർമ്മിച്ച സാധനങ്ങളാണോ എന്നു തോന്നുമാറ് അത്രയ്ക്കു തേജോമയങ്ങളായിരുന്നു. കൈറോ നഗരത്തിലെ കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചുവെച്ചിട്ടുള്ള അമൂല്യവസ്തുക്കൾ കണ്ടാൽ ആ സാധനങ്ങൾ നിർമ്മിച്ചവർ അനേകവർഷങ്ങൾക്കു മുമ്പു ജീവിച്ചവരാണെന്നു പറഞ്ഞറിയിക്കേണ്ടതായിത്തന്നെ വരും.

ഈ കല്ലറകളിൽനിന്നു ലഭിച്ച സാധനങ്ങൾ അതാതു രാജാവിൻെറ സ്വന്തം വകയായിരുന്നു. അവ പ്രാചീന ഈജിപ്തിലെ ജനങ്ങളുടെ ജീവിതരീതിയെപ്പററി ഗ്രഹിക്കുവാൻ സഹായകമായിത്തീരുന്നതാണ്.

മനോഹരമായ ഒരു മഞ്ജൂഷപ്പെട്ടിയിൽനിന്നു ലഭിച്ച ചെറുഭരണിയിലെ സുഗന്ധദ്രവ്യം പ്രാചീന ഈജിപ്തിലെ ഒരു പ്രഭ്വി ഉപയോഗിച്ചതായിരിക്കണമെന്നു നമുക്കൂഹിക്കാം. അവർ വീണ, മുരളി എന്നിവ വായിച്ചു പാട്ടു പാടുവാൻ സമർത്ഥയായിരുന്നുവെന്നും എഴുതുവാൻ കട്ടിയുള്ള കടലാസ്സിൽ പൂൽതൂലികയും മഷിയും ഉപയോഗിച്ചിരുന്നു എന്നും ശവമന്ദിരത്തിൽനിന്നു കിട്ടിയ എഴുത്തുകൾ സ്പഷ്ടമാക്കുന്നുണ്ട്. അനേകവർഷങ്ങളായി നിക്ഷേപിച്ചിട്ടുള്ള ആ വസ്തുക്കൾ, ഗ്രന്ഥങ്ങളിൽ എഴുതിയിട്ടുള്ള ചരിത്രത്തേക്കാളും ചിത്രങ്ങളേക്കാളും പൂർവ്വചരിത്രത്തെ അധികം വ്യക്തമാക്കുന്നവയാണ്. പുരാതന ഈജിപ്തിലെ ചില ശവകുടീരങ്ങളുടേയും ക്ഷേത്രങ്ങളുടേയും ചുമരുകൾ വിചിത്രവർണ്ണങ്ങളിലുള്ള ചിത്രങ്ങൾകൊണ്ടു് അലങ്കരിക്കപ്പെട്ടിട്ടുണ്ട്. ആ ചിത്രങ്ങളിൽനിന്നു് അവരുടെ പൂർവ്വാചാരങ്ങളും മററും ഏറെക്കുറെ ഗ്രഹിക്കാവുന്നതാണ്. ചില ശവകുടീരങ്ങളിൽ ഒരുതരം കട്ടിക്കടലാസ്സുകൊണ്ടുള്ള ചരിത്രപുസ്തകങ്ങളും ഉണ്ടായിരുന്നു. അത്തരം കടലാസ്സ്, ഈജിപ്തിലെ ചില ചതുപ്പുനിലങ്ങളിൽ വളർന്നിരുന്ന ഒരുതരം ചെടിയുടെ തണ്ടുകൊണ്ടാണ് നിർമ്മിച്ചിരുന്നതു്. ചെടികളെ നേരിയ പൊളികളാക്കി നിരത്തിവെച്ചു പശകൊണ്ടു യോജിപ്പിച്ചു് അതിന്നുമീതെ വിലങ്ങനെ പൊളികൾ വെച്ചു നല്ലവണ്ണം അമർത്തി ഉണക്കിയതിനെയാണ് അവർ കടലാസ്സായി ഉപയോഗിച്ചിരുന്നതു്. ഒരു കടലാസ്സിൽ എഴുതിക്കഴിഞ്ഞാൽ മറെറാന്നു് അതിനോടു യോജിപ്പിച്ചിരുന്നു. ഇങ്ങിനെ അനേകം കടലാസ്സു യോജിപ്പിച്ചു വളരെ ദീർഘമായ ഒരു ചുരുളാക്കുന്നു. ചില ചുരുളുകൾ നൂറാ

മ്പതടി നീളമുണ്ടായിരിക്കും. ഇങ്ങനെയുള്ള ചുരുളുകളായിരുന്നു ഈജിപ്തുകാരുടെ പ്രാചീനഗ്രന്ഥങ്ങൾ.

പുരാതന ഈജിപ്തുകാർക്കു നമ്മെപ്പോലെ എഴുതുവാൻ പരിചയമുണ്ടായിരുന്നില്ല. ചിത്രങ്ങൾ കൊത്തിയുണ്ടാക്കി ഒരു പ്രത്യേകവിധമായിരുന്നു അവർ എഴുതിയിരുന്നതു്. ആദ്യകാലത്തു് ഒരു ചിത്രം നിർമ്മിച്ചു് അതു് ഒരു വാക്കായി ഉപയോഗിച്ചിരുന്നു. പിന്നീടു് ഓരോ ചിത്രവും ഓരോ സമരത്തിനായി ഉപയോഗിച്ചു. പല ചിത്രങ്ങൾ കൂടിയാണു് ഓരോവാക്കു എഴുതിയിരുന്നതു്. ഒടുവിൽ ഓരോ അക്ഷരത്തേയും സൂചിപ്പിക്കുന്നതിനു് ഓരോ ചിത്രം ഉപയോഗിച്ചു. ചിത്രങ്ങളെല്ലാം പ്രത്യേകവിധത്തിൽ ക്രമപ്പെടുത്തി എഴുതുവാൻ തുടങ്ങി.

പടങ്ങൾ വരച്ചു് എഴുതുന്നതിനു വളരെ സമയം വേണ്ടിവന്നിരുന്നതുകൊണ്ടു് ജനങ്ങൾ ചിത്രങ്ങൾ അശ്രദ്ധയോടുകൂടി വരച്ചുതുടങ്ങി. ഇങ്ങനെ സാധാരണ എഴുത്തുകളിൽ പടങ്ങൾക്കും അക്ഷരങ്ങൾക്കും ലോപം വന്നിരുന്നുവെങ്കിലും, പ്രധാന പുസ്തകങ്ങളും ലക്ഷ്യങ്ങളും വിചിത്രമായ പടങ്ങൾ വരച്ചുതന്നെയാണു് എഴുതിയിരുന്നതു്.

നേരിയ പുൽത്തണ്ടിൻെറ ഒരററം കൂപ്പിച്ചു് ചിത്രം വരച്ചിരുന്നു. ഈ ലിഖിതങ്ങൾ കേടുവരാതിരിപ്പാൻ അവർ ഒരുതരം മരയെണ്ണയാണത്രെ പുരട്ടിയിരുന്നതു്. മൃഗങ്ങളുടേയും പക്ഷികളുടേയും മാത്രമല്ല പല വസ്തുക്കളുടേയും ഛായകൾ ഒരു തടിച്ച കടലാസ്സുപായയിൽ വരച്ചിരുന്നു. അതു ഈജിപ്തുകാരുടെ ഒരു യഥാർത്ഥ കലാവിദ്യയായിരുന്നു.

വളരെക്കാലത്തോളം ഈജിപ്തുകാരുടെ ഈ പഴയ ലിഖിതങ്ങൾ നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ സുമാർ നൂറു വർഷങ്ങൾക്കു മുമ്പു് ഈജിപ്തിലെ റോസെത്താനഗരത്തിൽ ഒരു ശിലാലിഖിതം കണ്ടു. ഈജിപ്തിലെ ആദിമഭാഷയിലും വേറെ ഒരു ഭാഷയിലും ഗ്രീക്കുഭാഷയിലും എഴുതിയിരുന്നതു വിദ്വാന്മാർ തർജ്ജമ ചെയ്തു. മററു ഭാഷയിലും അതേ സംഗതിതന്നെയായിരിക്കും എഴുതീട്ടുള്ളതെന്നു് അവർ ഊഹിച്ചു. പിന്നീടു മററു ലക്ഷ്യങ്ങളോടു് ഒത്തുനോക്കിയപ്പോൾ ആ ഊഹം ശരിയാണെന്നു് അവർക്കു ബോദ്ധ്യമായി. പണ്ടു് ഉപയോഗിച്ചിരുന്ന രണ്ടുവിധം ഭാഷകൾക്കുള്ള ആസ്പദം ഇങ്ങിനെ ലഭിച്ചതുകൊണ്ടാണു് പുരാതന ഈജിപ്തിലെ ഗ്ര

നഫച്ചുരുളുകളിലും ചിത്രലിഖിതങ്ങളിലും പ്രതിപാദിക്കപ്പെട്ട സംഗതികൾ നമുക്കു ഗ്രഹിക്കുവാൻ സാദ്ധ്യമായതു്.

ഈജിപ്തിലെ പഴയ ചുരുൾ ഗ്രന്ഥങ്ങളിൽ ചരിത്രങ്ങളും പുരാണകഥകളും അവർക്കു വളരെ രസകരമായ പിശാചുക്കളുടെ കഥകളും എഴുതപ്പെട്ടിരുന്നു. അവരുടെ ഗ്രന്ഥങ്ങളിൽ വളരെ പ്രധാനമായ ഒരുഭാഗം പ്രേതകഥകളെക്കുറിച്ചുള്ളവയായിരുന്നു. അതിൽ ചിലഭാഗം എത്രയോ പുരാതനമാണെന്നുകൂടി വിശ്വസിച്ചുവരുന്നു. അതിന്റെ ഒരു നേർപകപ്പു പ്രധാനപ്പെട്ടവരുടെ ശവകുടീരങ്ങളിൽ നിക്ഷേപിച്ചിരുന്നു! മൃതരായവരെ ശല്യപ്പെടുത്തുന്നവയെന്നു് അവർ വിശ്വസിച്ചിരുന്ന സർപ്പങ്ങളുടേയും ഭയങ്കരഭൂതങ്ങളുടേയും ബാധകൾ മാററുവാനുള്ള പ്രയോഗങ്ങളും മന്ത്രങ്ങളും അടങ്ങിയവയായിരുന്നു പ്രസ്തുത പുസ്തകങ്ങൾ. അതിൽ സ്വർഗ്ഗത്തിലെ ദൈവങ്ങളുടേയും അവിടത്തെ മനോഹരങ്ങളായ കാഴ്ചകളുടേയും ഛായാപടങ്ങളും ഉണ്ടായിരുന്നു.

പുരാതന ഈജിപ്തിലെ നിവാസികൾ അനേകം ദേവന്മാരേയും ദേവികളേയും ആരാധിച്ചുപോന്നു. അവരുടെ ഏററവും വലിയ ദൈവം സൂര്യഭഗവാൻ ആയിരുന്നുവത്രേ. പ്രാണദാതാവെന്നു കരുതിയിരുന്ന ആദിത്യഭഗവാനെ അവർ 'ആമൽന' എന്നാണു വിളിച്ചിരുന്നതു്. അവരുടെ മറെറാരു ദൈവമാണു് ഒസ്ററീസ്സ്. ആ ദൈവത്തിന്റെ മനുഷ്യാവതാരമാണെന്നു് അവർ വിശ്വസിച്ചുപോന്നു.

അവരുടെ പുരാണപ്രകാരം ഒസ്ററീസ്സ് ഈജിപ്തിലെ നീതിമാനും പ്രജാക്ഷേമതല്പരനും ദയാലുവും ആയ ഒരു രാജാവായിരുന്നു. അദ്ദേഹം ഗുണഗണങ്ങൾമൂലം പ്രജകളുടെ സ്നേഹബഹുമാനാദികൾക്കു പാത്രീഭവിച്ചു. എന്നാൽ ഒസ്ററീസിന്റെ സഹോദരനായ സെററിനു് അയാളോടു വെറുപ്പും അസൂയയും ഉണ്ടായിരുന്നതിനാൽ അയാൾ സഹോദരനെ വധിക്കുവാൻ ശ്രദ്ധമായി ഒരു സൂത്രം പ്രയോഗിച്ചു.

ഒരിക്കൽ സെററ് ഒസ്ററീസിനെ ഒരു സദ്യക്കു ക്ഷണിച്ചു. തന്റെ ഉദ്ദേശം അറിയുന്ന അനവധി സ്നേഹിതന്മാരേയും അയാൾ ക്ഷണിച്ചുവരുത്തീട്ടുണ്ടായിരുന്നു. സദ്യ അവസാനിച്ചപ്പോൾ സെററ് അതിരമണീയമായ ഒരു പെട്ടി കൊണ്ടുവന്നു അതിനുള്ളിൽ ശരിക്കു കൊള്ളുന്ന ആൾക്കു് അതു സമ്മാനിക്കുന്നതാണെന്നു പറഞ്ഞു. അതിഥികൾ ഓരോരുത്തരായി പരീക്ഷിച്ചുനോക്കി; ആർക്കും ശരിയായി ഒതുങ്ങിയിരിക്കാൻ അതു പാകമായിരുന്നില്ല. ഒടുവിൽ ഒസ്ററീസ്

ആ പെട്ടിയിൽ കൃത്യമായി ഒതുങ്ങിക്കിടന്നു. തൽക്ഷണം സെററ് ആ പെട്ടിയടച്ചു. ഒസ്ററീസ് പെട്ടിയിൽ കുടുങ്ങി. പിന്നെ ആ ദുഷ്ടന്മാർ ആ പെട്ടി അഗാധമായ നീലനദിയിൽ എറിഞ്ഞു.

ഒസ്റ്റീസിന്റെ ഭാര്യയായ ഈസിസ് ഭർത്താവിന്റെ അഭാവത്തിൽ വ്യസനപരവശയായി നിലവിളിച്ചുകൊണ്ടു് അദ്ദേഹത്തെ തിരഞ്ഞുനടന്നു, ഒടുവിൽ അവൾ നീലനദിയുടെ തീരത്തു ഒരു പെട്ടി കണ്ടു. അതു തുറന്നു നോക്കിയതിൽ തന്റെ ഭർത്താവിന്റെ മൃതശരീരം കണ്ടപ്പോൾ അവൾക്കുണ്ടായ സങ്കടത്തിന്നു് അതിരുണ്ടായിരുന്നില്ല. അവർ മുക്തകണ്ഠം മുറയിട്ടു. അപ്പോഴേക്കും സെററ് അവിടെ വന്നു് അപരാധം ജനങ്ങൾ അറിയുമെന്നു ഭയപ്പെട്ടു കോപത്തോടുകൂടി സഹോദരന്റെ മൃതദേഹം ചെറിയ ഖണ്ഡങ്ങളാക്കി ദൂരെ വലിച്ചെറിഞ്ഞു. പിന്നെ ഈസിസ് ഭർത്താവിന്റെ അവശിഷ്ടങ്ങളെല്ലാം ഓരോന്നായി തിരഞ്ഞെടുത്തു യഥാവിധി സംസ്കരിച്ചു.

കുറേക്കാലം കഴിഞ്ഞപ്പോൾ ഒസ്ററീസിന്റെ പുത്രനായ ഹോറസ്സ് വളർന്നു സെററിനെ ദ്വന്ദ്വയുദ്ധത്തിൽ തോല്പിച്ചു കൊന്നു. ആ അവസരത്തിൽ ദേവന്മാരെല്ലാം അവിടെ വന്നു് ഒസ്ററീസ്സ് നീതിമാനും സത്യസന്ധനും ആണെന്നും സെററ് ചതിയനും ക്രൂരനും ആണെന്നും തീരുമാനിച്ചു. അവർ ഒസ്ററീസിന്റെ പ്രേതത്തെ ഒരു ദൈവമാക്കുകയും സെററിനെ ഒരു ദുഷ്ടഃപ്രേതമാക്കുകയും ചെയ്തു.

ഗോശിരസ്സുള്ള ഹാതർ അവരുടെ മറെറാരു ദൈവമായിരുന്നു. അവരുടെ ഒരു പൂച്ചദൈവമായിരുന്നു ബാസ്റെററ് ദേവി. ആ ദേവിയുടെ കൂട്ടുകാരായ മാർജ്ജാരന്മാർ കുണ്ഡലം ധരിച്ചിരുന്നുവത്രേ. യുദ്ധദേവതയായ സെക്മെത്ത സിംഹത്തിന്റെ ശിരസ്സുള്ള ഒരു ഭയങ്കരമൂർത്തിയായിരുന്നു. ജംബുകശിരസ്സുള്ള അനുബിസ് പ്രേതപാലകനായിരുന്നു. ഇവരെയെല്ലാം മഹാദൈവങ്ങളെന്നും പ്രത്യക്ഷദൈവമായ ചക്രവർത്തിയെ ഉത്തമദൈവമെന്നും ആണു് അവർ വിളിച്ചിരുന്നതു്.

പ്രതിവർഷം ജലപ്രവാഹത്താൽ പുളിനങ്ങളെ ഫലപുഷ്ടിപ്പെടുത്തുന്ന നീലനദിയേയും അവർ ദൈവമായി ആരാധിക്കാതിരുന്നില്ല. ഭർത്തൃവിരഹിതയായ ഈസിസ്സ് ദേവിയുടെ ബാഷ്പധാരയാണു് ഗ്രീഷ്മർത്തുവിൽ നദിയിലുണ്ടാകുന്ന വെള്ളപ്പൊക്കത്തിന്നു കാരണമെന്നു് അവർ വിശ്വസിച്ചിരുന്നു. ജലപ്രവാഹകാലത്തു് അനേകം ഉത്സവങ്ങൾ അവർ ആഘോഷിക്കുകയും പുരോഹിതന്മാർ നദിയിലേക്കു

സ്വർണ്ണം എറിയുകയും ചെയ്തിരുന്നുവത്രേ. ആദ്യകാലത്തു സുന്ദരിയായ ഒരു കന്യകയെ വിശേഷവസ്ത്രാഭരണങ്ങൾ ധരിപ്പിച്ച് ആ നദിയിലേക്കു് എറിഞ്ഞിരുന്നു. എന്നാൽ കാലാന്തരത്തിൽ ആ ക്രൂരാചാരം നിർത്തൽചെയ്തു പകരം ഒരു കററ എറിയുവാൻ തുടങ്ങിയത്രേ.

ചില പ്രാചീന ഗ്രന്ഥങ്ങളിൽനിന്നും ചിത്രങ്ങളിൽ നിന്നും നമുക്കു് ഈജിപ്തുകാരുടെ ജീവിതസമ്പ്രദായങ്ങളെപ്പററി വിശദമായി ഗ്രഹിക്കാം. മെൻഫിസ് നഗരത്തിനു സമീപമുള്ള സക്കാര എന്ന സ്ഥലത്തു കണ്ടെത്തിയ ഒരു ഗ്രന്ഥത്തിൽ പ്രാചീനരുടെ ചന്തപ്പുരകളേയും വ്യാപാരത്തേയും പററി പ്രസ്താവിച്ചിട്ടുണ്ടു്. ചന്തകളും വാണിഭങ്ങളും കൂടിയിരുന്നതു നഗരത്തിൽ വിശാലമായ ഒരു മൈതാനത്തിലാണു്. അവിടെ കോലാടു്, ചെമ്മരിയാടു് എന്നീ മൃഗങ്ങളും താറാവു്, പ്രാവു് എന്നീ പക്ഷികളും ക്രയവിക്രയം ചെയ്യപ്പെട്ടിരുന്നതിനു പുറമേ നിത്യോപയോഗത്തിനു വേണ്ട സകല പദാർത്ഥങ്ങളും വ്യാപാരം ചെയ്തിരുന്നു. വ്യാപാരികളും കൃഷകരും വലിയ കൊട്ടകളിൽ സാമാനങ്ങളും നിറച്ചു താണ പുരകളിൽ ഇരുന്നാണു് വ്യാപാരം ചെയ്തിരുന്നതു്. സുഗന്ധദ്രവ്യങ്ങളും ആഭരണങ്ങളും വിലപിടിച്ച മററു സാധനങ്ങളും സുലഭമായിരുന്നു. കൂടാതെ പച്ചക്കറിസ്സാമാനങ്ങളും ഫലമൂലാദികളും അണ്ഡങ്ങളും വില്പനക്കുണ്ടായിരുന്നു. സ്ത്രീകൾ വാസനദ്രവ്യങ്ങൾ കൊടുത്താണു് ആഭരണം വാങ്ങിയിരുന്നതു്. പുരുഷന്മാർ തേനും എണ്ണയും ചന്ദനമരംകൊണ്ടുള്ള പാദുകങ്ങളും കൊടുത്തു കാളകളേയും മററും വാങ്ങിയിരുന്നുവത്രേ.

സാമാനങ്ങളുടെ വിലയെ സംബന്ധിച്ച പല തർക്കങ്ങളും പലപ്പോഴും ഉത്ഭവിച്ചിരുന്നു. പ്രമാണികളായ പലരും ചേർന്നാണു് അവ തീരുമാനിച്ചിരുന്നതു്. ചിലപ്പോൾ പ്രധാന മന്ത്രിതന്നെ വാണിഭസ്ഥലം സന്ദർശിച്ചു വ്യാപാരം ന്യായമായി നടക്കുന്നുണ്ടോ എന്നു പരിശോധിച്ചിരുന്നുവത്രെ. ഇങ്ങിനെ പകൽ മുഴുവനും ജനത്തിരക്കുകൊണ്ടു ബഹളമായിരുന്നു ആ സ്ഥലം. രാത്രിയായാൽ ആളുകളും വ്യാപാരികളും അത്താഴത്തിന്നു അവരുടെ വസതികളിലേക്കു പോയിരുന്നു.

കാലാന്തരത്തിൽ അവർ ചെറിയ സ്വർണ്ണമോതിരങ്ങൾ വ്യാപാരം ചെയ്വാൻ തുടങ്ങി. വിവാഹമോതിരങ്ങളായിട്ടാണു് അവ ആദ്യമായി ഉപയോഗിച്ചതു്. ഈ സമ്പ്രദായം ഇപ്പോൾ ഇവിടങ്ങളി

ലും നടപ്പുണ്ടല്ലോ. വിവാഹാവസരത്തിൽ വധുവിനു് ഒരു മോതിരം കൊടുക്കുന്നതു് അവരുടെ ഒരു പതിവായി. തന്റെ സർവ്വസ്വത്തുക്കളും അവൾക്കു് അധികാരപ്പെടുത്തിയെന്നതിനുള്ള ഒരു അടയാളമാണത്രേ അതു്. ഈ സമ്പ്രദായത്തിലാണത്രേ 'മോതിരം മാറൽ' ക്രമേണ ലോകം മുഴുവനും നടപ്പായതു് എന്നാണു ചരിത്രകാരന്മാരുടെ അഭിപ്രായം.

മറ്റൊരു ഗ്രന്ഥം പുരാതന ഈജിപ്തിലെ ധനികന്മാരുടെ ജീവിതരീതിയെയാണു് വിവരിക്കുന്നതു്. ഗൃഹനായിക, അവിടെയുള്ള അടിമകൾ നെയ്ത്തും പായ്നിർമ്മാണവും ഭക്ഷണസാധനങ്ങൾ പാകംചെയ്യലും ചെയ്യുന്നതു പരിശോധിക്കുക; വീട്ടുടമസ്ഥൻ സ്വന്തം കാര്യങ്ങൾക്കു പുറമെ കൃഷിമേധാവി കൊയ്യിക്കുകയും മെതിപ്പിക്കുകയും ധാന്യം പത്തായത്തിൽ ഇട്ടു സൂക്ഷിപ്പിക്കുകയും ചെയ്യുന്നതിന്റെ മേലന്വേഷണം നടത്തുക—ഇതാണു് പരിപാടി. അവരുടെ പത്തായം കോണിന്റെ ആകൃതിയിലുള്ളതും മുകൾഭാഗത്തു വൃത്താകൃതിയിലുള്ള ഒരു ദ്വാരമുള്ളതുമായിരുന്നു. ആ ദ്വാരത്തിൽക്കൂടിയാണു് ധാന്യം പത്തായത്തിലേക്കു് ഇട്ടിരുന്നതു്.

പ്രാചീന ഈജിപ്തുബാലന്മാരുടെ കോപ്പിപുസ്തകങ്ങളിൽനിന്നു് അവർ എന്തൊക്കെ പഠിച്ചിരുന്നുവെന്നു നമുക്കു ഗ്രഹിക്കാം. നാലു വയസ്സായാൽ കുട്ടികളെ വിദ്യാഭ്യാസത്തിനു് അയച്ചിരുന്നു. വിദ്യാർത്ഥികളെ പുസ്തകശാലയിലെ ഗുമസ്ഥൻ എന്നാണു വിളിച്ചിരുന്നതു്. ചിത്രഭാഷയായിരുന്നു അന്നു്. എഴുത്തും വായനയും ശീലിക്കുന്നതു അത്ര എളുപ്പമായിരുന്നില്ല. ഈ വിദ്യയിൽ നൈപുണ്യം സിദ്ധിച്ചവർ അവരുടെ ഇടയിലുണ്ടായിരുന്ന പഴമൊഴികളും മതഗ്രന്ഥങ്ങളിൽനിന്നു ചില ഭാഗങ്ങളും പുരാണകഥകളും ചുരുൾഗ്രന്ഥങ്ങളായി എഴുതുവാൻ നിയമിക്കപ്പെട്ടിരുന്നു. കണക്കിൽ കൂട്ടലും കിഴിക്കലും മാത്രമേ അവർക്കറിവുണ്ടായിരുന്നുള്ളു. നീളം വീതി എന്നിവ മുഴങ്ങളായിട്ടാണു് അളന്നിരുന്നതു്. തൂക്കമനുസരിച്ചു സാധനങ്ങൾക്കു വില നിശ്ചയിച്ചുവന്നു. ആയുഷ്ക്കാലം കണക്കാക്കിയിരുന്നതു ചാന്ദ്രമാസങ്ങൾകൊണ്ടായിരുന്നു. ഇത്രമാത്രമേ അവർക്കു കണക്കുകൊണ്ടു് ആവശ്യമുണ്ടായിരുന്നുള്ളു. പ്രാചീന ഈജിപ്തിലെ വിദ്യാർത്ഥികൾക്കു് അധികമൊന്നും പഠിക്കാനുണ്ടായിരുന്നില്ലെങ്കിലും ഒരുസമയത്തും അവർക്കു സ്വൈരമുണ്ടായിരുന്നില്ല. എത്ര നിസ്സാരങ്ങളായ തെറ്റുകൾക്കും കഠിനമായ അടിയായിരുന്നു ശിക്ഷ. ഒരു ബാലന്റെ ചെവി അവന്റെ പുറത്താ

ണെന്നും, അടിച്ചാൽ മാത്രമേ അവനു കേൾക്കുകയുള്ളു എന്നും ഒരു പഴമൊഴി അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്നു.

ഒരു കുട്ടിയുടെ സ്കൂൾജീവിതം കഴിഞ്ഞാൽ സാമാന്യേന വിദ്യാഭ്യാസം പൂർത്തിയായി. പുരോഹിതനാവാൻ അവൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ക്ഷേത്രസന്നിധിയിലുള്ള പാഠശാലയിലേയ്ക്കു പോകണമെന്നായിരുന്നു നിശ്ചയം. സൈന്യത്തിൽ ഉദ്യോഗസ്ഥനായിരിക്കണമെന്നു് ഉദ്ദേശിക്കുന്നവർ ആയുധവിദ്യ പഠിപ്പിക്കുന്ന പ്രത്യേക സ്കൂളുകളിലേയ്ക്കും പോയിരുന്നു. വൈദ്യന്മാരായിത്തീരണമെന്നു് ആഗ്രഹമുള്ളവർ പുരാണത്തെ അനുസരിച്ചു് എഴുതിയ വൈദ്യഗ്രന്ഥം പഠിച്ചിരുന്നു. പ്രത്യേക ദൈവാനുഗ്രഹത്താൽ ഒരു ചക്രവർത്തി എഴുതിയതാണത്രേ ആ വൈദ്യഗ്രന്ഥം. അതിൽ എല്ലാ രോഗത്തിനുമുള്ള ഔഷധങ്ങളും ചികിത്സാസമ്പ്രദായങ്ങളും വിശദമായി എഴുതീട്ടുണ്ടായിരുന്നു. (Lizard) ഉലമ്പു് (beetles) കീടങ്ങൾ തവളകൾ എന്നിവ ചേർത്തുണ്ടാക്കിയ ഔഷധങ്ങളാണു് രോഗികൾക്കു കൊടുത്തിരുന്നതു്. മന്ത്രവാദംകൊണ്ടു മയക്കിയും ചില രോഗങ്ങൾ ഭേദപ്പെടുത്തിയിരുന്നു. കൊട്ടാരം ചികിത്സകന്മാൎക്കു സ്വർണ്ണംകൊണ്ടുള്ള കീർത്തിമുദ്രകളും പല സ്ഥാനങ്ങളും കല്പിച്ചുകൊടുത്തിരുന്നു. ഒരു പഴയ ചിത്രത്തനുസരിച്ചാണു് വൈദ്യന്മാൎക്കു പ്രതിഫലം കൊടുത്തിരുന്നതു്. പ്രാചീന ഈജിപ്തുകാർ അവരുടെ മുടി വടിച്ചു കൃത്രിമമായ മുടി ധരിച്ചിരുന്നു. രോഗംപിടിച്ചാൽ തലമുടി വളർത്തുകയും ശമിച്ചാൽ മുടി വടിച്ചു കൃത്യമായ തൂക്കം കാണുകയും ചെയ്തിരുന്നു. രോഗബാധിതനായിക്കിടക്കുന്ന കാലത്തു വളൎന്നുണ്ടായ തലമുടിയുടെ തൂക്കം ആശ്രയിച്ചാണു് വൈദ്യന്മാൎക്കു ചികിത്സയ്ക്കു പ്രതിഫലം കൊടുത്തിരുന്നതു്. എന്നാൽ ഈ സമ്പ്രദായം രോഗം വേഗത്തിൽ ഭേദമാകുന്നതിനുള്ള ഒരു പ്രേരണയായി തോന്നുന്നില്ല.

ശവകുടീരങ്ങളിലെ പഴയ ചിത്രങ്ങളിൽനിന്നും ചുരുൾഗ്രന്ഥങ്ങളിൽനിന്നും ലഭിച്ച വിവരണങ്ങളിൽനിന്നു പ്രാചീനകാലത്തു് ഏററവും പ്രധാനപ്പെട്ട ഒരു വർഗ്ഗം ജനങ്ങളുടെ ജീവിതരീതിയെപ്പററി ഏറെക്കുറെ ഗ്രഹിക്കുവാൻ സാധിക്കുന്നു. തിബ്സ് നഗരിയുടേയും പുരാതന ഈജിപ്തുരാജ്യത്തിൻെറയും കീർത്തിയെ നിലനിർത്തുന്നതിനു് അവിടെ ഇന്നും കിടക്കുന്ന മനോഹരങ്ങളായ കെട്ടിടങ്ങളുടേയും ശവകുടീരങ്ങളുടേയും അവശിഷ്ടങ്ങൾ പര്യാപ്തമാകുന്നുണ്ടു്.

സി. എൻ. രാമൻമൂസ്സതു്.

# രാഷ്ട്രീയവും രാഷ്ട്രിയവും

രാജർഷി മിഥുനം ലക്കത്തിൽ കല്ലിനാഥൻ ഗഹനങ്ങളും ദുർഗ്രഹങ്ങളും ആയ പല സംഗതികളുമടങ്ങിയ തന്റെ ബൃഹച്ഛ്ലേഷത്തിൽ ഈ ശബ്ദങ്ങളെപ്പററിയും ചിലതു പറഞ്ഞു കാണുകയുണ്ടായി. മുമ്പൊരു സന്ദൎഭത്തിൽ 'കുരുട്ടുവഴി കാണിക്കുന്ന ശാസ്ത്രിപ്പട്ടർ' ഇതിനെപ്പററി നാലഞ്ചുവരി കൈരളിയിൽ എഴുതിയിരുന്നതായും ഞാനോൎക്കുന്നുണ്ടു്. അദ്ദേഹത്തെ—അല്ലെങ്കിൽ ആ മനുഷ്യനെത്തന്നെയായിരിക്കാം ബൃഹച്ഛ്ലേഷകാരൻ 'ആസ്ഥാനപണ്ഡിതനായ ശാസ്ത്രി' എന്നിപ്പോൾ മറെറാരു നിന്ദാസ്തുതികൊണ്ടു പരാമൎശിക്കുന്നതെന്നു തോന്നുന്നു. ആ മനുഷ്യൻ ആസ്ഥാനപണ്ഡിതനോ ഈ സ്ഥാനപണ്ഡിതനോ അസ്ഥാനപണ്ഡിതനോ ആയിക്കൊള്ളട്ടെ. ആ വ്യക്തിയുടെ ബിരുദം, ഉദ്യോഗം, ശമ്പളം, ജാതി, നിറം, കുടുംബജീവിതം ഇതൊന്നുമല്ല പ്രകൃതത്തിലെ വിമൎശനവിഷയം; രാഷ്ട്രീയശബ്ദത്തിന്റെ— ദീൎഘമുള്ള ഈകാരത്തോടുകൂടിയ ഛപ്രത്യയാദിപദത്തിന്റെ—സാധുത്വം മാത്രം.

---

കല്ലിനാഥൻ പറഞ്ഞിട്ടുള്ളതിൽ 'തസ്മൈഹിതം' എന്നൎത്ഥത്തെസ്സംബന്ധിച്ചുള്ള ഭാഗമൊഴികെ ബാക്കിയുള്ളതിലൊന്നും എനിക്കു വിസംവാദമില്ല. 'ശേഷേ' എന്നതു് അധികാരവും ലക്ഷണവുമാണെന്നു ഞാനും സമ്മതിക്കുന്നു. പക്ഷെ ഈ ശേഷപദാൎത്ഥത്തിൽ 'തസ്മൈഹിതം' എന്ന അൎത്ഥനിർദ്ദേശം അന്തൎഭവിക്കയില്ലെന്ന അംശത്തിലാണു് അഭിപ്രായഭേദം. അതു പ്രകരണംകൊണ്ടും പ്രമാണംകൊണ്ടും വ്യക്തമാക്കുവാൻ ശ്രമിച്ചുനോക്കാം.

പ്രത്യയഃ (3 അ. 1 പാ. 1 സൂ) * എന്ന ഒരു മഹാധികാരം. അതിനുള്ളിൽ പ്രാഗ്ദീവ്യതോഽണ് (4 അ. 1 പാ. 83 സൂ) എന്നൊരവാന്തരാധികാരം. അതിനുള്ളിൽ പെട്ടതാണു് ശേഷേ (4-2-92) എന്നധികാരം. അപ്പോൾ 'തേന ദീവ്യതി ഖനതി ജയതി ജിതം' (4-4-2) എന്ന സൂത്രത്തിനു മുമ്പിലുള്ളവയും അപത്യാദി ചാതുരൎത്ഥ്യന്തഭിന്നവുമല്ലെ ശേഷപദംകൊണ്ടു ഗ്രാഹ്യമാകയുള്ളു? അതിലന്തൎഭവിച്ചിട്ടുള്ള തസ്യവികാരഃ (4-3-134) എന്നതിനെക്കൂടി തസ്യഗ്രഹണം ആവൎത്തിച്ചതിനെ ജ്ഞാപകമായി അവലംബിച്ചു് ശേഷാധികാര

---

* പത്രാധിപസ്സാറെ, അക്കങ്ങൾ കണിശമായി ചേൎക്കണെ—അല്ലെങ്കിൽ ലേഖകനു സൂത്രങ്ങളുടെ അക്കംപോലും ശരിയായി അറിഞ്ഞുകൂടെന്നു പറഞ്ഞു ഖണ്ഡിക്കും.

ത്തിൽനിന്നു തള്ളിയിരിക്കയാണ്. അപ്പോൾ അഞ്ചാമദ്ധ്യായത്തിൽ കിടക്കുന്ന തസ്മൈഹിതം (5-1-1) എന്ന അർത്ഥനിർദ്ദേശം എങ്ങനെ ശേഷാധികാരത്തിൽ പെട്ടു?

'രാഷ്ട്രാവാരപാരാൽ ഘഖൌ' എന്ന വിധിസൂത്രത്തിൽ പ്രാഗ്ദീവ്യതഃ, ശേഷേ, എന്ന ഭാഗങ്ങൾ അനുവർത്തിക്കുന്നതാകയാൽ രാഷ്ട്രശബ്ദത്തിൽനിന്നു് ദീവ്യതിക്കുമുമ്പെ പറഞ്ഞിട്ടുള്ള ശേഷാർത്ഥത്തിൽ— അതായതു്—തത്ര ജാതഃ തത്ര ഭവഃ പ്രായഭവഃ, തസ്യേദം മുതലായവയിൽ പല പ്രത്യയം വരുമെന്നല്ലേ അർത്ഥം? അതൊ രാഷ്ട്രശബ്ദത്തിൽനിന്നു് അപത്യാദിചതുരർത്ഥ്യന്തഭിന്നമായ <u>ജഗത്തിലുള്ള</u> സകലാർത്ഥങ്ങളിലും ഘപ്രത്യയം വരുമെന്നൊ? കല്ലിനാഥനു് മനസ്സിലാകുന്നുണ്ടൊ? അദ്ദേഹം വലിയ ശാസ്ത്രജ്ഞനല്ലേ!

പ്രമാണങ്ങളും ഈ അർത്ഥത്തെ അനുകൂലിക്കുന്നില്ല എന്നു പരിശോധിക്കുക.

(1) തസ്യ വികാര ഇത്യതഃ പ്രാക്ശേഷാധികാരഃ।

(കൌമുദി)

(2) ശേഷേ—ഇതഃ പരം <u>ശിഷ്ടേഷു</u> <u>തത്രജാതാദി</u>— <u>തസ്യേദമന്തേഷു</u> അർത്ഥേഷു തുല്യം പ്രത്യയാ ഉച്യന്തേ. (പ്രക്രിയാസർവ്വസ്വം, മതിരാശി സർവ്വകലാശാലയിൽനിന്നു പ്രസിദ്ധപ്പെടുത്തിയതു്)

വരയിട്ട ഭാഗം ആവർത്തിച്ചു വായിക്കുക.

(3) തസ്യവികാരഃ എന്ന സൂത്രത്തിലെ കാശികാവൃത്തി നോക്കുക. 'തസ്യപ്രകരണേ തസ്യേതി പുനർവ്വചനം ശൈഷികനിവൃത്ത്യർത്ഥം, വികാരാവയവയോഘാദയോ ന ഭവന്തി. ഹാലഃ സൈരഃ,.

(4) പ്രകൃതം ഹി തസ്യഗ്രഹണം (തസ്യേദമിതിസൂത്രേ) ശൈഷികൈർഘാദിഭിഃ സംബദ്ധമ്, അതസ്തദനുവൃത്തൌ തേപ്യനുവർത്തേരൻ, ഇദന്തപൂർവ്വം തസ്യഗ്രഹണം (തസ്യവികാര ഇതിസൂത്രേ) ക്രിയമാണം ഘാദിസംബദ്ധസ്യ തസ്യഗ്രഹണസ്യ നിവർത്തകം <u>ഘാദീനപി നിവർത്തയതി</u>. പദമഞ്ജരി (ബ്രാക്കറ്റുകളും അടിയിൽ വരയും ഞാൻ ചേർത്തതാണു്)

ഇനിയും ഗ്രന്ഥങ്ങൾ പകർത്തി പത്രത്തിലെ സ്ഥലം നശിപ്പിക്കേണമെന്നു തോന്നുന്നില്ല. ഈ ഉദ്ധരിച്ച ഭാഗങ്ങളിൽ നിന്നു ഘാ

ദിപ്രത്യയങ്ങൾ തസ്യവികാരഃ (4-3-134) എന്ന സൂത്രത്തിൽവെച്ചു വിടവാങ്ങിപ്പിരിഞ്ഞുപോയതായി സാധാരണക്കാൎക്കെല്ലാം മനസ്സിലാകാവുന്നതാണു്. അങ്ങനെയിരിക്കെ അഞ്ചാമദ്ധ്യായത്തിലെ 'പ്രാക് ക്രീതാച്ഛഃ" എന്നധികാരത്തിലുള്ള 'തസ്മൈഹിതം' എന്നൎത്ഥത്തിൽ ഘാദികൾക്കു പ്രസക്തിയുണ്ടാകുന്നതെങ്ങിനെ? പ്രസക്തമായാൽ മാത്രമല്ലേ നിഷേധിക്കേണ്ടതുള്ളു? അതുകൊണ്ടു 'തസ്മൈഹിതം' എന്ന ഛപ്രത്യയബാധാഭാവം ഗ്രന്ഥകാരന്മാർ പറഞ്ഞിട്ടില്ലെന്നു പറയുന്നതിന്റെ അൎത്ഥം, ഗ്രന്ഥകാരന്മാർ കല്ലിനാഥനെപ്പോലെ അസംബദ്ധപ്രലാപം ചെയ്യാറില്ല എന്നല്ലേ? ഘാദികൾക്കു പ്രസക്തിയില്ലാത്തേടത്തു നിഷേധം ആരെങ്കിലും പറയുമൊ?

'രാഷ്ട്രീയം' എന്ന പ്രയോഗം പാണിനി നിഷേധിച്ചിട്ടില്ലെന്നു പറഞ്ഞ പ്രതിയോഗിയെ കളിയാക്കുന്ന കല്ലിനാഥൻ സ്വോക്തിയിലുള്ള അസാംഗത്യം ഗ്രഹിച്ചാൽ നന്നായിരുന്നു. ഇത്രയും പ്രസ്താവിച്ചതിൽനിന്നു സിദ്ധിക്കുന്നതെന്തെന്നാൽ, രാഷ്ട്രേ ജാതഃ=രാഷ്ട്രീയഃ, രാഷ്ട്രേ ഭവഃ രാഷ്ട്രീയഃ, രാഷ്ട്രസ്യേദം രാഷ്ട്രീയം ഇത്യാദിഘാന്തങ്ങളെപ്പോലെ രാഷ്ട്രായ ഹിതം രാഷ്ട്രീയം എന്ന ഛാന്തവും തുല്യസാധുത്വമുള്ളതാണെന്നുതന്നെയാണു്.

പ്രചുരപ്രചാരവും ശാസ്ത്രാനുസാരിയും ആയ ഒരു 'സാധു'ശബ്ദത്തെ ഒരു മഹാപുരുഷന്റെ ആഭിമുഖ്യത്തിനായി അപഭ്രംശമാണെന്നു വിധിക്കുന്നതു ശാസ്ത്രത്തിന്റെ നേരേ നടത്താവുന്ന മഹാകഠിനമായ പാതകമാകുന്നു. രാജൎഷിവായനക്കാരായ വല്ല വൈയാകരണന്മാരും ഈ വിഷയത്തിൽ സ്വാഭിപ്രായം എഴുതിക്കണ്ടാൽ നന്നായിരുന്നു. വൈയാകരണന്മാർ കണ്ണടച്ചു ക്ഷമിക്കേണ്ടതല്ല ഈ ജാതി പ്രലാപം.

ബിരുദമില്ലാത്ത ഒരു സാധുവൈയാകരണൻ.

# ഭാഷാവിഷയം.

കല്ലിനാഥൻെറ ചൊല്ലിയാട്ടവും കണ്ടു. ചവുട്ടുകളെല്ലാം തകൃതിതന്നെ. പക്ഷേ താളം പിഴച്ചുപോയി. അതു കാണുവാനിടയായ ഒരു സാധുവിൻെറ മൊഴികൾ ഈ ലക്കം കൈരളിയിൽത്തന്നെ മറ്റൊരിടത്തു ചേൎത്തിട്ടുണ്ടു്. ഈ സ്ഥിതിക്കു മിണ്ടാതിരിക്കുകയേ വേണ്ടുവെന്നു മല്ലിനാഥൻ വിചാരിക്കാതിരുന്നില്ല. അങ്ങനെ ചെയ്താൽ ഒരു വൈഷമ്യം. പണ്ടൊരു കൌണ്ടരുടെ സദസ്യനായിരുന്ന പണ്ഡിതൻ "തത്രത്യവിചിത്രതരശാതകുംഭസ്തംഭാഗ്രപ്രത്യഗ്രപ്രത്യുപ്തസ്ഫടികശിലാസാലഭഞ്ജികാപുഞ്ജകരതലകലിതനിജോപലമയകലശമുഖ"നായിരിക്കുന്ന നമ്മുടെ വഞ്ചകായകൌണ്ടർ എന്നങ്ങു തട്ടിമൂളിച്ചുവത്രേ. സദസ്യരെല്ലാം അതു കേട്ടു ശാസ്ത്രികളെ ആകാശത്തോളം പൊക്കുകയും മററുള്ളവരെപ്പുച്ഛിക്കുകയും ചെയ്തു. അക്കൂട്ടത്തിലാകാതിരിക്കണമെങ്കിൽ എന്തെങ്കിലും ശബ്ദിക്കണമല്ലോ. അതിനാൽ കിഞ്ചിച്ഛേഷം തുടങ്ങുകതന്നെ.

'രാഷ്ട്രീയം' എന്ന ശബ്ദത്തെ സംബന്ധിച്ചു മല്ലിനാഥൻ എന്തു ചെയ്തുവെന്നാണാക്ഷേപം? അങ്ങനെയൊരു അപശബ്ദം നടപ്പിലാക്കിയെന്നോ? വിചിത്രംതന്നെ. മലയാളത്തിൽ വളരെക്കാലമായിട്ടു നടപ്പിലിരിക്കുന്ന ഒരു ശബ്ദമാണതു്. അതിൻെറ സാധുത്വമാലോചിക്കയേ മല്ലിനാഥൻ ചെയ്തുള്ളു. സംസ്കൃതത്തിലും ആ ശബ്ദം ഉള്ളതായും ശബ്ദസ്തോമമഹോദധികാരനും ശബ്ദകല്പദ്രുമകാരനും മററും 'ഛ' പ്രത്യയാന്തമായി അതിനെ എണ്ണിയതായും കണ്ടപ്പോൾ മല്ലിനാഥനു മലയാളത്തിലെ 'രാഷ്ട്രീയം' തീരെ തള്ളത്തക്കതല്ലെന്നു തോന്നി. കണ്ടുകിട്ടിയ ലക്ഷ്യങ്ങൾ മല്ലിനാഥൻ ഉദ്ധരിക്കയും ചെയ്തു. അങ്ങിനെയിരിക്കെയാണു ശിരോമണി പി. കൃഷ്ണൻനായരവൎകൾ 'രാഷ്ട്രീയ'മെന്നതു തികച്ചും അപശബ്ദമാണെന്നു ഘോഷിച്ചു മല്ലിനാഥനെ പ്രേതം പിടിക്കുവാൻ ആഗ്രഹിച്ചതു്. ഏതായാലും നിഘണ്ടുകാരന്മാരെ മാത്രം അവലംബിച്ചാൽ പോരെന്നു കരുതി, പിന്നീടു പാണിനീയത്തിൽ കടന്നുനോക്കി. എന്നിട്ടാണു 'തസ്മൈഹിതം' എന്ന അൎത്ഥത്തിൽ ഛ പ്രത്യയാന്തമായി 'രാഷ്ട്രീയ'ത്തിനു നില്ക്കാമോ എന്നു മല്ലിനാഥൻ ചോദിച്ചതു്. ബ്രഹ്മശ്രീ പി. എസ്സ്. അനന്തനാരായണശാസ്ത്രി അവർകൾ അങ്ങനെ ശബ്ദം നിഷ്പാദിപ്പിക്കാമെന്നു പറഞ്ഞു കേട്ടപ്പോൾ മല്ലിനാഥനു വലിയ സമാധാനമായി. സംസ്കൃതത്തിൽ 'ഇതിപ്രാമാദികഃ' എന്ന നിലവിട്ടു് 'ഇതി കേചിത്' എന്ന നിലവ

ന്നാൽ മലയാളികൾ പിന്നെ പേടിക്കാനില്ലല്ലോ. ചുരുക്കത്തിൽ ഏറെക്കാലമായി മലയാളത്തിൽ നടപ്പിലിരിക്കുന്നതും ഉദ്ദേശിക്കുന്ന അൎത്ഥത്തെ പൂൎണ്ണമായി സൂചിപ്പിക്കുന്നതും സംസ്കൃതത്തിൽതന്നെ വേണ്ടുവോളം ഉപപത്തി പറയാവുന്നതുമായ ഒരു ശബ്ദം കുറെ കല്ലിനാഥന്മാർ നിഷേധിച്ചാൽ എന്തു വരാനാണ്? അതിരിക്കട്ടെ,

ശാസ്ത്രികളേയും മല്ലിനാഥനേയും ഒരുമിച്ചു ഭസ്മമാക്കാനുള്ള ബോമ്പുമായിട്ടാണു കല്ലിനാഥൻെറ വരവു്. അദ്ദേഹത്തിൻെറ ശാസ്ത്ര വിചാരം കേട്ടാൽ സാധാരണന്മാർ നടുങ്ങിപ്പോകും. എന്നാൽ അതിലാകെക്കൂടി അടങ്ങിയിട്ടുള്ളതു, ശേഷേ (4-2-92) രാഷ്ട്രാവാരപാരാദ്ഘഖൌ (4-2-93) വൃദ്ധാച്ഛഃ (4-2-114) എന്നീ സൂത്രങ്ങളുടെ വ്യാഖ്യാനങ്ങൾ പ്രത്യയങ്ങൾ മാററി മലയാളമാക്കിയതു മാത്രമാണു്. 'തസ്മൈഹിതം' (5-1-5) എന്ന സൂത്രമനുസരിച്ചു ഛപ്രത്യയാന്തമായി 'രാഷ്ട്രീയം' എന്നു ശബ്ദനിഷ്പാദനം ചെയ്യാമോ എന്നതിനുത്തരം പറയാൻ ഈ ആഭാസമെല്ലാമെന്തിനാണെന്നു മല്ലിനാഥനു മനസ്സിലാകുന്നില്ല. ശേഷാധികാരത്തിൽ 'തസ്മൈഹിതം' എന്ന സൂത്രവും പെട്ടമെന്നുവന്നാൽ തീൎന്നില്ലേ കാൎയ്യം? പക്ഷേ ആ ദിക്കിൽ വന്നപ്പോൾ വിധിനിഷേധങ്ങളൊക്കെപ്പോയി, അഭിപ്രായം മാത്രമായി. 'തസ്മൈ ഹിതം' എന്ന സൂത്രം ശേഷേ എന്ന അധികാരത്തിൽപെട്ടമെന്നു പച്ചമലയാളത്തിൽ പറഞ്ഞിരുന്നുവെങ്കിൽ പാവപ്പെട്ട മല്ലിനാഥനു മനസ്സിലാകുമായിരുന്നു. 'സാധുവൈയാകരണൻ' ശേഷേ എന്ന അധികാരസൂത്രത്തിൻെറ വ്യാപ്തി കാണിക്കാൻ പല പ്രമാണഗ്രന്ഥങ്ങളും ഉദ്ധരിച്ചിട്ടുള്ളതു കല്ലിനാഥനുണ്ടോ വിലവെക്കുന്നു! മല്ലിനാഥൻ, ശേഷേ എന്ന സൂത്രത്തെ സംബന്ധിച്ചു കുത്രാധികാരഃ എന്നു ചോദിച്ചാൽ ജാതവിധ്യഃ യത്രശ്രൂയതേ തദാരഭ്യ വികാരവിധഃ പ്രാക് ശേഷേ ഇത്യധികാരോƒയം എന്നു പറയാനേ പഠിച്ചിട്ടുള്ളു.

എത്ര അഭിപ്രായങ്ങൾ പുറപ്പെടുവിച്ചാലും മലയാളത്തിൽ 'രാഷ്ട്രീയ'ത്തിനു പൊറുതി കൊടുക്കാതിരിപ്പാൻ കല്ലിനാഥനു കെല്പുണ്ടാകുമെന്നു മല്ലിനാഥൻ വിശ്വസിക്കുന്നില്ല.

ഇനി പുതിയ ലോകവ്യുൽപത്തിയെപ്പററിയും രണ്ടു വാക്കു പറയട്ടെ. [ശ]ബ്ദശാസ്ത്രവ്യുൽപത്തിയേക്കാൾ പതിരട്ടി മാന്യമാണു പുതിയ ലോകവ്യുൽപത്തി. ഏതു വിഷയത്തിലും അനേകം ഗ്രന്ഥങ്ങളുള്ള കാലത്തു ലോകവ്യുൽപത്തി കൊണ്ടുതന്നെ കഴിഞ്ഞുകൂടുവാൻ സാധിക്കും. പുതിയതായ ലോകപരിചയം എന്നാണു കല്ലിനാഥൻെറ വിവക്ഷയെങ്കിൽ പുതിയ ലോകവ്യുൽപത്തിതന്നെയാണു കല്ലിനാഥനുണ്ടാകേണ്ടതു് എന്നുകൂടി മല്ലിനാഥനു പറയുവാൻ തോന്നുന്നു. കിഞ്ചിച്ഛേഷം ഇത്രപോരേ?

മല്ലിനാഥൻ.

# സമ്പൂൎണ്ണജീവചരിത്രങ്ങൾ.

കേരളീയരായ സകല മഹാത്മാക്കളുടേയും, വിശിഷ്യ കൈരളീഭക്തന്മാരായ പുണ്യാത്മാക്കളുടേയും സ്മൎയ്യജീവിതങ്ങളെ രേഖപ്പെടുത്തിവെയ്ക്കേണ്ടതു മലയാളികളുടെ ഒരു ചുമതലയാണു്. എന്നാൽ മലയാളസാഹിത്യാരാമത്തിൽ ജീവചരിത്രപ്രസ്ഥാനസുമം പ്രശംസനീയമാംവണ്ണം വികസിച്ചു് ഇതുവരെ പ്രശോഭിച്ചുകാണുന്നില്ല. കൈരളീസേവകഭ്രമരങ്ങളുടെ ശ്രദ്ധയും ശക്തിയും ഈ കുസുമത്തെ തട്ടി വികസിപ്പിക്കേണ്ടതത്രേ.

സുന്ദരവും, സുപരിചിതവും, സമ്പൂൎണ്ണവുമായ ഒരു ജീവിതത്തെ അനന്തരകാലികജനതയെ അനുസ്മരിപ്പിക്കുക എന്നതാണു് ജീവചരിത്രങ്ങളുടെ പ്രധാനമായ ഉദ്ദേശ്യം. കീൎത്തിമാനായ ഒരു വ്യക്തിയെ സൂക്ഷ്മവും വിശദവുമായി ചിത്രീകരിക്കണമെങ്കിൽ തൽവ്യക്തിയുടെ ബാഹ്യജീവിതത്തിലുള്ള പ്രധാന പ്രവൃത്തികളേയും, സംഭാഷണാദികളിലുള്ള ചാതുൎയ്യാദികളേയും, സ്വഭാവത്തിന്റെ രൂപീകരണത്തിനും മനഃസ്ഥിതിയുടെ വിപുലീകരണത്തിനും അടിസ്ഥാനങ്ങളായ സംഭവങ്ങളേയും സവിസ്തരം പ്രതിപാദിക്കേണ്ടിയിരിക്കുന്നു. വ്യക്തിത്വത്തെ വ്യതിചലിക്കാതെ പകൎത്തുക, അഥവാ സ്വഭാവത്തെ സമ്പൂൎണ്ണമായി വിശദീകരിക്കുക എന്നതാണു് ജീവചരിത്രങ്ങളുടെ കൎത്തവ്യം.

ഒരു കൃതിയുടെ വിജയത്തിനു ഹേതുഭൂതങ്ങളായ രണ്ടു പ്രധാന ഘടകങ്ങൾ ഇതിവൃത്തത്തിന്റെ മാഹാത്മ്യവും ഗ്രന്ഥകൎത്താവിന്റെ പ്രാഗത്ഭ്യവുമാണു്. ജീവചരിത്രത്തെ അപേക്ഷിച്ചും ഇതു വാസ്തവമാണു്. കഥാനായകൻ അഭിലഷണീയഗുണഗണങ്ങളോടുകൂടിയവനും, ഗ്രന്ഥകൎത്താവു് അനിതരസാധാരണപാടവത്തോടുകൂടിയവനും ആയിരുന്നാലേ ജീവചരിത്രത്തിനു മെച്ചമുള്ളു. ഒരു ജീവചരിത്രത്തിന്റെ വിജയത്തിനായിട്ടു പ്രത്യേകനിയമങ്ങളോ സൂത്രങ്ങളോ ഇല്ല. പക്ഷേ നല്ല ജീവചരിത്രങ്ങൾ വായിച്ചാൽ സഹൃദയന്മാൎക്കു അവയുടെ ഗുണങ്ങളെക്കണ്ടറിവാൻ കഴിയും. എങ്കിലും സാമാന്യമായിട്ടു സകലജീവചരിത്രങ്ങൾക്കും ഉണ്ടായിരിക്കേണ്ട മൂന്നു നിയാമകങ്ങൾ പറയാം. നായകൻ സവിശേഷവും സമാകൎഷകവുമായ സൽഗുണങ്ങളോടുകൂടിയവനായിരിക്കണം. നായകചിത്രണത്തിൽ ഏകാഗ്രചിത്തതയോടുകൂടി ശ്രമിക്കുവാൻവേണ്ടി എന്തു ക്ലേശവും സഹിക്കുവാൻ സന്നദ്ധനായിരിക്കണം ഗ്രന്ഥകൎത്താവു്. ഗ്രന്ഥത്തി

ന്റെ വ്യാപ്തിയും ഭാഷാരീതിയും നായകപ്രഭാവത്തിന്നനുയോജ്യമായിരിക്കണം. ഇവയിൽ രണ്ടും മൂന്നും നിയാമകങ്ങൾ ഗ്രന്ഥകൎത്താവിന്റെ പ്രാഗത്ഭ്യത്തിലടങ്ങിയിരിക്കുന്നു.

ഒരു ജീവചരിത്രം ഉൽകൃഷ്ടമായിരിക്കണമെങ്കിൽ അതിലെ നായകൻ തന്റെ പ്രശസ്തകൃത്യങ്ങൾകൊണ്ടും, സ്വഭാവവൈചിത്ര്യംകൊണ്ടും ശാശ്വതസ്മരണയെ അൎഹിക്കുന്ന ഒരു പാത്രമായിരിക്കണം. വലിയ വലിയ കൃത്യങ്ങൾ നിൎവ്വഹിച്ച് വിഖ്യാതി നേടിയ മഹാന്മാരുടെ ജീവിതം എന്നും സ്മരണീയമാണെങ്കിലും, കലയ്ക്കു വേണ്ട സമ്പൂൎണ്ണതയും, സൌന്ദൎയ്യവും, സ്വാരസ്യവും അങ്ങനെയുള്ളവരുടെ ജീവിതങ്ങളിൽ ദുൎല്ലഭമായിരിക്കും. അവർ കീൎത്തിസമ്പാദനാൎത്ഥം ചില പ്രവൃത്തികൾ ചെയ്യുന്നതിന്നായി തങ്ങളുടെ സകല ശക്തികളേയും വിനിയോഗിക്കുന്നു. സുന്ദരമായ ജീവിതത്തെ നയിക്കുവാൻവേണ്ട സുകുമാരശക്തികൾ അവരിൽ ക്രമേണ നശിച്ചുപോകുന്നു. അതുകൊണ്ട് അവരുടെ ജീവചരിത്രങ്ങൾ സഹൃദയരുടെ ദൃഷ്ടിയിൽ ആകൎഷകങ്ങളാവുകയില്ല. എന്നാൽ സകല സംരംഭങ്ങളിലും സന്നദ്ധതയോടുകൂടി സംബന്ധിച്ച് വിജയങ്ങളേയും അപജയങ്ങളേയും കൂട്ടാക്കാതെ മേൽക്കുമേൽ പുരോഗമിക്കുന്ന ചിലരുടെ വിശിഷ്ട ജീവിതങ്ങൾ ജീവചരിത്രകാരന്മാരെ അത്യന്തം വിഷമിപ്പിക്കുന്നു. അവരുടെ ചില പ്രത്യേകതകൾ സകലരേയും സന്തോഷിപ്പിക്കുന്നവയായിരിക്കും. അവരുടെ സംഭാഷണങ്ങൾ സാരവത്തുക്കളും, രസസമ്പൂൎണ്ണങ്ങളും, സഹൃദയഹൃദയാഹ്ലാദകങ്ങളും ആയിരിക്കും. ജീവിതത്തെ നല്ലപോലെ ആസ്വദിച്ച് ജീവിക്കുവാൻ മുതിരുകയാൽ വലിയ കാൎയ്യങ്ങളെ നിൎവ്വഹിച്ച് കീൎത്തി സമ്പാദിപ്പാൻ അവൎക്കു കഴിഞ്ഞില്ലെന്നുവരാം. പക്ഷേ, അക്കൂട്ടരുടെ അസ്ഥിരവും, ചഞ്ചലവുമായ ഭാവപരമ്പരകൾ ജീവചരിത്രകഥനത്തിനു പ്രത്യാഘാതങ്ങളായി ഭവിക്കുന്നു. അവരുടെ ഭാവവികാരാദികളെ സജീവമായി വിസ്തരിക്കുവാൻ അപൂൎണ്ണമായ ഭാഷയ്ക്കു സാധിക്കുന്നതല്ല. അതുകൊണ്ടു ജീവചരിത്രത്തിനു വിഷയമാകാൻ ഏററവും പററിയവർ പൂൎവ്വപുണ്യാതിരേകത്താലും, സ്വപരിശ്രമങ്ങളാലും സ്മരണീയമായ കൃത്യങ്ങൾചെയ്തു കീൎത്തിയെ ആൎജ്ജിച്ചവരും, പ്രകൃത്യാ സരസരും രസികരും, എന്നാൽ ഒട്ടേറെ ഭാവവികാരഭേദങ്ങളില്ലാത്തവരും ആണു്.

കഥാനായകനെ സംബന്ധിച്ച സകല വിവരങ്ങളേയും പരിശ്രമംമൂലം ശേഖരിക്കുകയും, ആ വിവരങ്ങളിൽനിന്നു് വ്യക്തിസ്വഭാവത്തെ കടഞ്ഞെടുത്തു് വിശദീകരിക്കുകയും, വ്യക്തിയെത്തന്നെ ഗ്ര

ന്ഥത്തിൽ സജീവനാക്കിത്തീൎക്കുകയും ചെയ്യേണ്ടതു ഗ്രന്ഥകൎത്താവിന്റെ കടമയാണു്. വിജയകരമാംവണ്ണം ഈ കൃത്യങ്ങളെ നിൎവ്വഹിക്കുന്നതിന്നു ഗ്രന്ഥകാരനിൽ മൌലികമായ രണ്ടു ഗുണങ്ങൾ പ്രകടമായി കാണേണ്ടതുണ്ടു്. അസാധാരണസത്യസന്ധതയും, കഥാവശേഷനിലുള്ള അമിതഭക്തിയുമാണവ. ഈ ഗുണങ്ങൾ രണ്ടും അന്യോന്യം വിരുദ്ധമായി പ്രവൎത്തിക്കുന്നതുകൊണ്ടു കഥാകഥനം സവിശേഷമായിത്തീരുന്നു. ഭക്തിപാരമ്യത്താൽ കഥാവശേഷനിൽ ദൈവികത്വത്തെ അല്ലെങ്കിൽ മനുഷ്യാതീതശക്തിയെ ആരോപിക്കുവാൻ ഗ്രന്ഥകൎത്താവു് നിൎബ്ബദ്ധനാവുന്നുവെങ്കിൽ അവന്റെ സത്യസന്ധത ആ നിൎബ്ബന്ധത്തെ ശിഥിലമാക്കുന്നതാണു്. ഈ രണ്ടു മൌലികഗുണങ്ങളിൽനിന്നും ഉൽഭൂതമായോ, അല്ലെങ്കിൽ അവക്കു് ഉപോദ്ബലകങ്ങളായോ പലേ ഉപഗുണങ്ങളും ഗ്രന്ഥകാരനിൽ സഞ്ചിതമായിരിക്കണം. അക്ഷീണമായ ക്ഷമാശക്തിയും, അഗാധമായ ആലോചനാശക്തിയും, അസാധാരണമായ പരിശ്രമതൽപരതയും, സൃഷ്ടിപരമായ ഭാവനാസവിശേഷതയും കഥാവശേഷനിലുള്ള ഭക്തിയെ ആശ്രയിച്ചുനില്ക്കുന്നു. സത്യസന്ധതയെ അപേക്ഷിച്ചുള്ള ഗുണങ്ങൾ സൂക്ഷ്മാവലോകനപാടവവും, മനസ്സിന്റെ സ്ഥൈൎയ്യവുമാകുന്നു.

ജീവചരിത്രരചനയിൽ വിജയത്തിന്നു കഥാപുരുഷനിലുള്ള ഭക്തിപാരമ്യമാണു് നിദാനം എന്നു പറഞ്ഞുവല്ലോ. ഒരു ജീവചരിത്രം സജീവവും, സമ്പൂൎണ്ണവും ആയിത്തീരണമെങ്കിൽ നായകനെ സംബന്ധിച്ച സകല വിവരങ്ങളും ശേഖരിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം ഏൎപ്പെട്ടിട്ടുള്ള കാൎയ്യങ്ങളേയും, അദ്ദേഹത്തിന്റെ ജീവിതദശയിൽ ഉണ്ടായിട്ടുള്ളവയും ഏതെങ്കിലും വിധത്തിൽ അദ്ദേഹവുമായി ബന്ധപ്പെട്ടവയുമായ സംഭവങ്ങളേയും, എഴുതിട്ടുള്ള എഴുത്തുകളേയും, സൂക്ഷിച്ചിട്ടുള്ള ദിനസരിക്കുറിപ്പുകളേയും, വിവിധഘട്ടങ്ങളിൽ അദ്ദേഹത്തിൽ പ്രകാശിക്കുന്ന പ്രത്യേകതകളേയും, സ്വാഭാവികമായ ചില സമ്പ്രദായങ്ങളേയും, ശേഖരിച്ചു നായകനെ ഗ്രന്ഥത്തിൽ സജീവമാക്കിത്തീൎക്കുവാൻ ഗ്രന്ഥകാരൻ ശ്രമിക്കേണ്ടതുണ്ടു്. ജീവചരിത്രം ഒരു വ്യക്തിയുടെ ഒരു വശത്തേയോ, ഒരു സ്വഭാവത്തേയോ പററിയുള്ള വിചാരണയല്ല; വ്യക്തിയുടെ സകല വശങ്ങളേയും സ്വഭാവവിശേഷങ്ങളേയും പററിയുള്ള വിസ്തരണമാണു്. അതുകൊണ്ടു് ഒരു വ്യക്തിയെ സംബന്ധിച്ച വിവരങ്ങൾ മുഴുവൻ ശേഖരിക്കുവാൻ അസാധാരണമായ പരിശ്രമതൽപരത പ്രദൎശിപ്പിക്കേണ്ടതാണു്. എന്നാൽ ഈ പരിശ്രമതൽപ

രത്തേക്കു ഉപോദ്ബലകമായി അക്ഷീണമായ ക്ഷമാശക്തിയും ചേൎന്നു പ്രവൎത്തിക്കണം. വിഷയസമാഹരണത്തിനായി ഒരു മഹാന്റെ ജീവിതത്തെ അനുനിമിഷം സൂക്ഷ്മമായി വീക്ഷിക്കുന്നതിനിടയ്ക്കു പലേ പ്രതിബന്ധങ്ങളേയും തരണം ചെയ്യേണ്ടതുണ്ടു്. അന്യരുടെ അപഹാസങ്ങളും, അവഹേളനങ്ങളും, കഥാനായകന്റെ തന്നെ കൎക്കശവും, മൎമ്മഭേദകവുമായ വാക്കുകളും ഗ്രന്ഥകൎത്താവിനെ നിരാശപ്പെടുത്തരുതു്. നൈരാശ്യലേശം കൂടാതെ അശ്രാന്തമായി പരിശ്രമിക്കുന്നതിനു ഗ്രന്ഥകൎത്താവിനെ പ്രേരിപ്പിക്കുന്നതു കഥാവശേഷനിലുള്ള ഭക്തിപാരമ്യമല്ലാതെ വേറെയെന്താണു്?

കഥാനായകന്റെ ജീവിതത്തെ സംബന്ധിച്ച വിഷയങ്ങളെ ശേഖരിച്ചതിനുശേഷം അവയെ സംഘടിപ്പിക്കേണ്ടതുണ്ടു്. കഥാവശേഷന്റെ സ്വഭാവനിരൂപണം ശേഖരിച്ച വിവരങ്ങളിൽനിന്നാണല്ലോ സാധിക്കേണ്ടതു്. തുച്ഛമായിട്ടു കാണുന്ന കാൎയ്യങ്ങളേയും ശ്രദ്ധാപൂൎവ്വം സ്വീകരിച്ചു്, അവയെ ആലോചനയാകുന്ന സരസ്സിൽ ആറാടിച്ചു്, അവയുടെ സാരാംശങ്ങളെ നല്ലവണ്ണം ഗ്രഹിച്ചു്, നായകന്റെ സ്വഭാവത്തെ അവ എപ്രകാരം വ്യക്തമാക്കുന്നുവെന്നു സശ്രമം കണ്ടുപിടിച്ചു്, തൽസ്വഭാവത്തെ വെളിപ്പെടുത്തുകയാണു ഗ്രന്ഥകൎത്താവിന്റെ കൎത്തവ്യം. പലപ്പോഴും ഒരാളുടെ യഥാൎത്ഥമായ സ്വഭാവം വ്യക്തമാകുന്നതു് അയാളുടെ ദൈനംദിനകൃത്യങ്ങളിൽനിന്നാണു്. അതുകൊണ്ടു് അപ്രാധാന്യരായയോട്ടുകൂടിയ സംഭവങ്ങളേയും തിരസ്കരിക്കാതെ സശ്രദ്ധം ശേഖരിച്ചു്, അവയെപ്പററി അഗാധമായി ആലോചിച്ചു നായകന്റെ സ്വഭാവനിരൂപണം ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഇങ്ങനെ സ്വരൂപിച്ച വിഷയങ്ങളെ സംഘടിപ്പിക്കുന്നതിലും, സ്വഭാവത്തെ വിശദീകരിക്കുന്നതിലും ഗ്രന്ഥകൎത്താവിന്റെ സൃഷ്ടിപരവിഭാവനയും ആലോചനാശക്തിയും വെളിപ്പെടുന്നു. വിഷയങ്ങളിൽനിന്നും സ്വഭാവത്തെ സൃഷ്ടിക്കുന്നതിനു ഭാവന ആവശ്യമാണു്. ഇവ്വിധം സൂക്ഷ്മമായ പൎയ്യവേക്ഷണം നടത്തുന്നതിനു ഗ്രന്ഥകൎത്താവിനു ശക്തിയും സന്നദ്ധതയും നല്കുന്നതു കഥാനായകന്റെ പേരിലുള്ള സവിശേഷമായ ഭക്തിയും ബഹുമാനവുമാണു്.

ജീവിതത്തെ സാംഗോപാംഗം പ്രകാശിപ്പിക്കുന്നതിൽ സത്യതൽപരതയും ന്യായതൽപരതയും പ്രദൎശിപ്പിക്കേണ്ടതുണ്ടു. സുപരിചിതനും സുപ്രശസ്തനും ആയ ഒരുവൻ അന്തരിച്ചതോടുകൂടി അവനിൽ ദൈവികത്വത്തേയും മഹത്വത്തേയും ആരോപിപ്പാൻ നാം പ്രേരിതരാകുന്നു. അവന്റെ യഥാൎത്ഥചരിത്രത്തെ

യഥാത്ഥമായിത്തന്നെ പ്രതിപാദിച്ചാൽ സകലരും പഴിക്കുകയായി. പരാക്ഷേപങ്ങളെ ഭയന്നാണ സകലരും നിയ്യാതന്മാരുടെ ജീവചരിത്രങ്ങളെ പ്രശംസകൾകൊണ്ടു മലീമസമാക്കുന്നതു്. സകല മനുഷ്യക്കും സുഖദുഃഖങ്ങളും, ഭാഗ്യാഭാഗ്യങ്ങളും ഉണ്ടായിരിക്കുമെന്നുള്ളതിനെ നാം വിസ്മരിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതത്തെ സുന്ദരവും ഭാസുരവുമാക്കുന്നതു് അവന്റെ അനുഭവങ്ങളാണ്. അനുഭവങ്ങളെ അപേക്ഷിച്ചാണ് ഒരു വ്യക്തിയുടെ സ്വഭാവം ഭേദപ്പെടുന്നതും. ഒരു വ്യക്തിയുടെ ദുഃഖങ്ങൾ മൂലം സുഖങ്ങൾ സുവ്യക്തമാവുകയും, സുഖങ്ങൾ മൂലം ദുഃഖങ്ങൾ സുന്ദരമാവുകയും ചെയ്യും. അതുകൊണ്ടു രണ്ടുതരത്തിലുള്ള അനുഭവങ്ങളും സവിസ്തരം പ്രതിപാദിക്കപ്പെടണം. ഇങ്ങനെ വ്യക്തിയുടെ ജീവിതത്തെ വ്യക്തമായും സത്യസന്ധതയോടുകൂടിയും വിശദീകരിക്കുവാൻ ഗ്രന്ഥകാരൻ അസാമാന്യമനോദാർഢ്യവും സ്ഥൈയ്യവും ഉള്ളവനാകേണ്ടിയിരിക്കുന്നു.

ചുരുക്കത്തിൽ, മഹാനായ ഒരു വ്യക്തിയുടെ സംഭാഷണത്തിലുള്ള ചാതുയ്യവും, വൈശിഷ്ട്യവും, അയാളുടെ നൈസർഗ്ഗിക സമ്പ്രദായങ്ങളും പ്രത്യേക താൽപയ്യങ്ങളും എന്നുവേണ്ട അയാളെ സംബന്ധിച്ച സമ്പൂണ്ണമായ അറിവിനെ ഒരു ഗ്രന്ഥത്തിന്റെ ചുരുങ്ങിയപരിധിയിൽ സവിശേഷമായും, സമാകൎഷകമായും ഒതുക്കി അന്യാദൃശമായ സത്യസന്ധതയോടും, വിദ്വചനാശക്തിയോടുംകൂടി പ്രതിപാദിച്ചു് വായനക്കാൎക്കു സമപ്പിക്കുക എന്ന കത്തവ്യമാണ് ഗ്രന്ഥകാരനുള്ളതു്. ഇതിൽനിന്നും ജീവചരിത്രത്തിന്റെ വിജയത്തിനു ഗ്രന്ഥകത്താവിനുള്ള പങ്കു് അനല്പമാണെന്നു തെളിയുന്നുണ്ടല്ലോ.

ഒരു ജീവചരിത്രത്തിന്റെ വിജയത്തിന്നായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിയാമകങ്ങളിൽ മൂന്നാമത്തേതു് കൃതിയുടെ വ്യാപ്തിയും ഭാഷയും നായകന്റെ പ്രാധാന്യത്തോടനുയോജ്യമായിരിക്കണമെന്നുള്ളതാണ്. ഒരു ജീവചരിത്രത്തിന്റെ കത്താവു് വെറുമൊരു ശാസ്ത്രകാരൻ മാത്രമല്ല. ശാസ്ത്രകാരന്മാരുടെ ഗുണങ്ങളായ ക്ഷമാശക്തി, പരിശ്രമശീലം, സത്യസന്ധത, ന്യായതൽപരത എന്നിവയോടുകൂടി കലാകാരന്റെ ഗുണങ്ങളും അവനിൽ പ്രത്യക്ഷമായി കാണണം. ജീവചരിത്രകത്താവു് ഒരു ശാസ്ത്രകാരനും ഒരു കലാകാരനുമാണ്. വിഷയത്തിന്റെ വിവിധവശങ്ങളെ ശാസ്ത്രീയമായി പരാമശിക്കുന്നതോടുകൂടി ജീവചരിത്രത്തെ ശാസ്ത്രീയ ഗ്രന്ഥങ്ങളെപ്പോലെ ശുഷ്കവും തപ്പടിലവുമാകാതെ സഹൃദയഹൃദയാഹ്ലാദകമാക്കിത്തീക്കേണ്ടതു തൽപ്രണേതാവിന്റെ ചുമതലയാണ്. വിവരിക്കുന്ന സംഭവങ്ങളുടെ പ്രാധാന്യ

ത്തിന്റെ തരാതരംപോലെ ഭാഷാരീതിയെ ഭേദപ്പെടുത്തേണ്ടതും, വൎണ്ണനകളിൽ തന്മയത്വം പ്രകാശിപ്പിക്കേണ്ടതും, പൊതുവെ സ്വാഭാവികത വരുത്തേണ്ടതും, കഥാകഥനത്തെ സരസവും ആകൎഷകവുമാക്കേണ്ടതും ഒരുത്തമ സാഹിത്യകാരന്റെ കൎത്തവ്യങ്ങളത്രേ.

ജീവചരിത്രകഥനത്തിന് ഏററവും സമുചിതമായ രീതി സരളവും, ഘടന ലഘുവും, ഭാഷ ലളിതവുമാണ്. കഥാവശേഷന്റെ ജീവിതാവിഷ്കരണം അദ്ദേഹത്തിന്റെ ദശാക്രമമനുസരിച്ചായിരിക്കുന്നതാണ് യുക്തിപൂൎവ്വകവും ശാസ്ത്രാനുസൃതവും ആയ രീതി. വ്യത്യസ്തമൂലകളിൽനിന്നും കരഗതമായ വിവരങ്ങളെ ശേഖരിച്ച്, കഥാവശേഷന്റെ ബാല്യം, കൌമാരം, യൌവനം, വാൎദ്ധക്യം എന്നീ ദശകളനുസരിച്ച് അവയെ തരംതിരിച്ച് വൎഷക്രമമനുസരിച്ചു വിസ്തരിക്കുന്നതായാൽ നായകന്റെ സ്വഭാവത്തിലുള്ള വ്യതിയാനങ്ങളേയും, സംസ്കാരത്തിന്റെ വളൎച്ചയേയും ക്രമത്തിൽ മനസ്സിലാക്കുവാൻ സാധിക്കുകയും, നായകനെ അദ്ദേഹത്തിന്റെ സമകാലികർ അറിഞ്ഞതിനേക്കാൾ അധികമായി നമുക്കറിവാൻ സംഗതി വരികയും ചെയ്യുന്നു.

ജീവചരിത്രങ്ങളിൽ ചിലതു വാസ്തവികത്വത്തിൽ മാത്രം ശ്രദ്ധിച്ചതും, ചിലതു രസികത്വത്തിൽ മാത്രം ശ്രദ്ധിച്ചതും, മററു ചിലതു വാസ്തവികതത്തിലും രസികത്വത്തിലും വേണ്ട ശ്രദ്ധ പതിപ്പിച്ചതുമായിരിക്കും. ശാസ്ത്രീയഗ്രന്ഥങ്ങളെപ്പോലെ തത്വജടിലമായ ശുഷ്കചരിത്രകവനങ്ങളും, കലാകൌതുകത്തെ മാത്രം ആസ്പദിച്ചു രചിതമായ വിഭാവനാപ്രധാനമായ ചരിത്രകവനങ്ങളും ആദരണീയങ്ങളല്ല. പ്രത്യുത ശാസ്ത്രത്തിന്നും വിഭാവനയ്ക്കും തുല്യപ്രാധാന്യം കല്പിച്ചുകൊണ്ടു നിൎമ്മിതങ്ങളായ ജീവചരിത്രഗ്രന്ഥങ്ങളെയാണ് ആദരിക്കേണ്ടതു്. ശാസ്ത്രപ്രധാനമായ ജീവചരിത്രങ്ങളിൽ കഥാകഥനം സാധിക്കുന്നതു കഥാവശേഷന്റെ എഴുത്തുകുത്തുകളേയും, ദിനസരിക്കുറിപ്പുകളേയും, പ്രസംഗങ്ങളേയും, സംഭാഷണങ്ങളേയും അപേക്ഷിച്ചാണ്. വ്യക്തിയെ ആവിഷ്കരിക്കുകയും, ജീവിതാനുഭവങ്ങളെ യഥാൎത്ഥമായി വിവരിക്കുകയും ചെയ്യിട്ടുണ്ടാവുമെങ്കിലും കലാകൌതുകത്തിന്നായി ഒട്ടും പണിപ്പെട്ടിട്ടുണ്ടാവില്ല. വിഭാവനാപ്രധാനമായവയിൽ രചയിതാവിന്റെ ഭാവനയും നൈപുണിയും കഥാവസ്തുവിനെക്കാൾ അധികം വായനക്കാരുടെ ശ്രദ്ധയെ ആകൎഷിക്കുന്നു. കഥാവശേഷനെ സംബന്ധിച്ച സാരഗൎഭങ്ങളായ വസ്തുതകളെ മാത്രം തിരഞ്ഞെടുത്ത്, അവയെ സൂക്ഷ്മമായി വിശകലനംചെയ്ത്, സ്വഭാവത്രൂപവൽകരണം സാധിക്കുകയാണു ഗ്രന്ഥകാരൻ ചെയ്യുന്നതു്. ഏതാ

നും ചില സംഭവങ്ങളിൽനിന്നു് ഗ്രന്ഥകാരന്റെ വിഭാവനയുടെ ഫലമായി രൂപവൽകൃതമായ സ്വഭാവം കഥാവശേഷന്റെ യഥാൎത്ഥ സ്വഭാവത്തിൽനിന്നും വ്യതിചലിപ്പാനെളുപ്പമുണ്ടു്. ശാസ്ത്രവിഭാവനാസമ്മിശ്രമായ ജീവചരിത്രങ്ങളിൽ കഥാവശേഷനെ സംബന്ധിച്ച വിവിധവിവരങ്ങളെ ഗ്രന്ഥകൎത്താവിന്റെ അഭിപ്രായങ്ങളാൽ സംഘടിപ്പിച്ചിരിക്കും. വിവരങ്ങൾ പൂൎണ്ണമായുള്ളതുകൊണ്ടു വായനക്കാരനു കഥാവശേഷനെ സംബന്ധിച്ച ഗ്രന്ഥകൎത്താവിന്റെ അഭിപ്രായങ്ങളിൽനിന്നും വ്യത്യസ്തമായ അഭിപ്രായങ്ങളെ രൂപവൽക്കരിക്കുവാൻ സൌകൎയ്യവും സ്വാതന്ത്ര്യവുമുണ്ടായിരിക്കും. ശാസ്ത്രാനുസൃതമായി സകലവിവരങ്ങളേയും ആവിഷ്കരിക്കുന്നതിനു പകരം കഥാവശേഷനിൽ ബഹുമാനം ഉള്ളതിനാൽ ചിലതിനെ ഗോപനംചെയ്യുന്നതിനു വിരോധവുമില്ല. കലാകൌതുകത്തേയും ശാസ്ത്രഗുണങ്ങളേയും തുല്യമായി പരിഗണിച്ചു്, വാസ്തവവും വിശദവും, എന്നാൽ സഹൃദയസമ്മതവുമായി നിൎമ്മിക്കുന്ന ജീവചരിത്രങ്ങളാണു് ഏറാവും ആശാസ്യങ്ങൾ.

ചുരുക്കമായി പറയുകയാണെങ്കിൽ ഒരു ജീവചരിത്രം വിദ്വൽസമ്മതവും, സഹൃദയഹൃദയാഹ്ലാദകവും, ഔചിത്യയുക്തവുമായിത്തീരണമെങ്കിൽ കഥാനായകനും ഗ്രന്ഥകാരനും ഒരുപോലെ ശ്രേഷ്ഠന്മാരാവണം. അനന്തരകാലികജനങ്ങളെ ആഹ്ലാദിപ്പിക്കുന്ന തരത്തിലുള്ള പ്രവൎത്തനങ്ങളായിരിക്കണം കഥാവശേഷന്റേതു. കഥാവശേഷനെസ്സംബന്ധിച്ച വിവരങ്ങളെ സംഭരിക്കുന്നതിലും, സ്വഭാവത്തെ വിശദീകരിക്കുന്നതിലും ഗ്രന്ഥകാരൻ പ്രയത്നശീലത്തേയും, ഭക്തിപാരമ്യത്തേയും പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. കഥാകഥനം എന്നെന്നേയ്ക്കും നിലനില്ക്കത്തക്ക ഭാഷയിലായിരിക്കണം. ജീവചരിത്രം പൂൎണ്ണമായ ഒരു ജീവിതത്തെ ആസ്പദമാക്കിയിരിക്കുന്നതാണു നല്ലതു്. അനിത്യവും അല്പവുമായ സുഖസൌകൎയ്യാദികളെ വിസ്മരിച്ചു്, ഇന്നത്തെ മഹാന്മാരുടെ ജീവിതങ്ങളെ രേഖപ്പെടുത്തിവെയ്ക്കുക എന്ന കൃത്യത്തിൽ സന്തോഷസമേതവും, സംതൃപ്തിസഹിതവും ഏൎപ്പെട്ടു്, ശാശ്വതമായ കീൎത്തിയെ സമ്പാദിപ്പാനും, കൈരളിയെ ഈ വിധത്തിലെങ്കിലും സേവിപ്പാനും ഇന്നത്തെ അഭ്യസ്തവിദ്യരിൽ ചിലരെങ്കിലും തുനിയേണ്ടതാണു്.

എ. അച്യുതവാരിയർ ബി എ.

# * ഉപഹാരശ്ലോകങ്ങൾ.

വാസസ്തേ വസുധാധിനാഥ, സുമന
സ്സംപ്രീതിദശ്ചോദധാ-
വേകം ത്വാം പുരുഷോത്തമം സ്ഥിരതയാ
ലക്ഷ്മീസ്സമാസേവതേ;
സ ത്വം സത്ത്വനിധിസ്സുഭക്തിഭജനൈഃ
പ്രാപ്തോസി യദ്രൂപതാം
സോയം വഃ പ്രതനോതു പൂർണ്ണകുശലം
പൂർണ്ണത്രയീശോ ഹരിഃ. 1

ഔന്നത്യേന വിഭൂതിഭാസുരതയാ
നൈർമ്മല്യഭൂമ്നാ ച തേ
രാജോത്തംസക, ജീവിതം കൃതധിയാം
കൈലാസശൈലായതേ;
ത്വാമാരൂഢതദഗ്രശൃംഗമധുനാ
ശ്രീപാർവ്വതീശം ദൃശാ
പ്രാൿപുണ്യൈഃ പിബതാ — കിമന്യദമൃതാ
സ്വാദോ മയാസാദിതഃ! 2

വീക്ഷാമാത്രനിയന്ത്രിത പ്രകൃതിയായ്
ഗ്ഗോത്രോപരിസ്ഥൻ ഭവാൻ;
സാക്ഷാൽ പാർവ്വതി തന്നെ പാവനഗുണോ
ദാരങ്ങൾ ദാരങ്ങൾ തേ;
പ്രേക്ഷാവൽ പ്രണതാപദാനമഹിമൻ,
സർവ്വജ്ഞ, സർവ്വവ്യഥാ-
മോക്ഷാവാപ്തി തരും ശരണ്യനിവിടു
ന്നിയ്യുള്ളവർക്കീശ്വരൻ! 3

---

* ൧൦൮൮ കന്നി ൧൬-ാംനു ഷഷ്ടിപൂർത്തിയടഞ്ഞ കൊച്ചി മഹാരാജാവിനാൽ (പത്തു കൊല്ലങ്ങൾക്കു മുമ്പു മദിരാശിയിൽ വെച്ചു തീപ്പെട്ട വലിയ തമ്പുരാനാൽ) 'കവിതിലക'സ്ഥാനവും സ്വർണ്ണമെഡലും കല്പിച്ചു നല്കപ്പെട്ട അവസരത്തിൽ വള്ളത്തോൾ തൃപ്പാദങ്ങളിൽ സമർപ്പിച്ചവ.

നാനാജാതി പ്രജൗഘത്തിനു,മവരവർതൻ
ഭാവനാമൂർത്തിയായി-
ത്താനാവോളം ജയിച്ചു, ശുഭഗുണമയി ഗോ-
ശ്രീശഷഷ്ട്യബ്ദപൂർത്തി;
ദാനാദ്യുന്നിദ്രയാമംബ് ഭഗവതിയൊരു തൃ-
ക്കൺമുനക്കോണെറിഞ്ഞീ
ഞാനാം 'മൂക'നുമേകീ 'കവിതിലക' പദം,
ദേവി കാമാക്ഷിപോലേ! 4

ഈ മന്ദാത്മാവു ഞാനെങ്ങു?-രിയ സുകൃതികൾ-
ക്കെന്നിയേ ഹൃത്തുകൊണ്ടും
കാമത്താൽത്തൊട്ടു കൂടാത്തൊരു കവിതിലക-
സ്ഥാനമെങ്ങത്യുദാരം?
ഹാ, മററെന്തി,ത്ര ദൂരം ലഘുവിവനു മുയ-
ന്നീടിനേൻ, മാടരാജ-
ശ്രീമൽ ഷഷ്ട്യബ്ദ പൂർത്ത്യുത്തരളപരിമള-
ത്തെന്നലാൽപ്പൊങ്ങി പോലെ! 5

സ്വൈരം താവകസുപ്രസാദകലയാൽ-
ക്കൈവന്നിതി,ശ്ശോഭനോ-
ദാരസ്ഥാനമൊരല്പനാമടിയനും
രാജാർഹതേജോനിധേ:
സൂരൻതൻ കിരണാങ്കുരം പതിയുകിൽ,-
പ്പാഴാഴ്ക്കിടക്കുന്ന വെ-
ള്ളാരങ്കല്ലുമനർഘവൈരമണിയെ-
പ്പോലായ്ത്തിളങ്ങില്ലയോ! 6

ഏതാനും കുട്ടിവായിപ്പതിനുമപടുവാ-
മെൻകവിതപൈക്കിടാവേ,
മാതാവെപ്പോലെ, മാടക്ഷിതിരമണകൃപാ-
ലക്ഷ്മി നിൻനെററിതന്മേൽ

ഹാ, താലോലിച്ചു ചേക്കും 'തിലക'മിതഴകി-
    ന്നല്ല, രക്ഷാൎത്ഥമത്രേ;
നീ തായാടാതെ തച്ഛ്രീവടികളിൽ നിയതം
    ചെയ്ക സാഷ്ടാംഗപാതം! 7

മാനസ്സേ കുലദൈവതം പ്രഭവതാൽ
    ഗോശ്രീശ, ഭൂയഃ ശ്രിയൈ;
ധൎമ്മാത്മാ കൃത'പൂൎണ്ണവേദ'വസതി-
    ദ്ദേവോ വിധത്താം ജയം;
ആരോഗ്യായ ച കല്പതാം 'വൃഷഗിരി-
    സ്ഥായീ ഭിഷക്സത്തമോ,
ദീൎഘായുഃ സ്ഥിതയേ 'പൂരാണപുര'ഗാ
    മൃത്യുഞ്ജയ പ്രേയസീ! 8

വള്ളത്തോൾ.

---

# പത്രങ്ങളും രാഷ്ട്രീയസാമുദായിക പ്രശ്നങ്ങളും.

സാമുദായികപ്രശ്നങ്ങളിൽ ഒരാചാര്യന്റേയും, രാഷ്ട്രീയവിഷയങ്ങളിൽ ഒരുപദേശകന്റേയും വേഷമാണു് പത്രങ്ങൾ അഭിനയിക്കുന്നതു്. രണ്ടിന്റേയും പരിധി, ഒരു കല്ലിട്ട കുളത്തിലെ തരംഗങ്ങളുടെ വ്യാസംപോലെ വർദ്ധിച്ചുവരികയാണു്. എന്നാൽ രാഷ്ട്രീയപ്രശ്നങ്ങളുടെ വളർച്ച മററവയേക്കാളും വേഗത്തിലായതുകൊണ്ടു്, പത്രങ്ങൾ അധികഭാഗവും തങ്ങളുടെ ശ്രദ്ധ പതിപ്പിക്കുന്നതു് അവയിലാണു്; സാമുദായികജീവിതമാണെങ്കിൽ ദേശീയജീവിതത്തിന്റെ പ്രതിബിംബനം മൂലം കൂടുതൽ കൂടുതൽ വിസ്തൃതമായി വരികയുമാണു്.

കലങ്ങിമറിഞ്ഞ ഇദാനീന്തന രാഷ്ട്രീയസ്ഥിതി പത്രപ്രവർത്തനപുരോഗതിയെ തെല്ലൊന്നു സ്പർശിച്ചിട്ടുണ്ടു്. ജനാധിപത്യഭരണത്തിന്റെ മേലുള്ള മൃഗീയശക്തികളുടെ കുതിരകയററം ഏതൽഭരണത്തിന്റെ സന്ദേശവാഹികളായ പത്രങ്ങളേയും ബാധിച്ചതിൽ അത്ഭുതപ്പെടാനില്ല. പത്രങ്ങൾക്കു് ഇന്നു രണ്ടു തരത്തിലുള്ള അധഃപതനമാണു സംഭവിച്ചിരിക്കുന്നതു്. ഒന്നു്, ഗവർമ്മേണ്ടിന്റെ ദൃഢഹസ്തങ്ങളുടെ പിടിയിലൊതുങ്ങി മൂകമായി നിലകൊള്ളുക; മററതു്, ഗവർമ്മേണ്ടിന്റെ ജിഹ്വയായി അതിന്റെ സർവ്വ പ്രവൃത്തികളേയും സാധൂകരിക്കുക. ഇവ രണ്ടും പത്രപ്രവർത്തനത്തിന്റെ ജീവനായ സ്വാതന്ത്ര്യത്തെ ഹനിക്കുന്നവയാണെന്നു് എളുപ്പത്തിൽ മനസ്സിലാക്കാമല്ലോ. ഇന്നു സ്വതന്ത്രമായ ഒരു പത്രമോ, പ്രശംസനീയമായ പത്രപ്രവർത്തനമോ ലോകത്തിൽ എവിടേയുമില്ലെന്നു പറയാവുന്നതാണു്.

രാഷ്ട്രീയപ്രശ്നങ്ങളിൽ പത്രങ്ങൾക്കു മദ്ധ്യവർത്തിത്വം മാത്രമേ പാടുള്ളുവെന്നും അല്ലെന്നും വാദിക്കുന്നവരുണ്ടു്. രണ്ടാമത്തെ അഭിപ്രായമാണു കൂടുതൽ സമഞ്ജസമായിരിക്കുന്നതു്. രണ്ടുപേർ തമ്മിൽ കലഹിക്കുകയാണെന്നിരിക്കട്ടെ. ഒരാൾ മദ്ധ്യസ്ഥന്റെ ഭാഗം പിടിച്ചു് അവരെ അവരുടെ പ്രവൃത്തിയിൽനിന്നു വിരമിപ്പിക്കുകയാണെങ്കിൽ, അയാളുടെ കർത്തവ്യം പരിപൂർണ്ണമായെന്നു പറയാവുന്നതല്ല. ഇനിയൊരിക്കലും അവർ കലഹിക്കാതിരിക്കത്തക്കവണ്ണം രണ്ടുപേരേയും ഉപദേശിച്ചു നല്ല മാർഗ്ഗം അവർക്കു മനസ്സി

ലാക്കികൊടുത്താലെ അയാളുടെ കൃത്യം ശ്ലാഘ്യമാകയുള്ളു. ഇതുതന്നെയാണു പത്രങ്ങളുടേയും ധർമ്മം. പത്രങ്ങൾ സാർവ്വത്രികവീക്ഷണഗതിയോടുകൂടിയവയായിരിക്കണം; അവയ്ക്കു 'ജാതിവിഭാഗം' ഉണ്ടാകരുതു്; പ്രത്യേകിച്ചൊരു വ്യക്തിയിലോ വർഗ്ഗത്തിലോ മറ്റോ ശ്രദ്ധ പതിപ്പിക്കരുതു്—ഇവയെല്ലാം ശരിതന്നെ. മദ്ധ്യവർത്തിത്വം അവയുടെ പ്രധാന ധർമ്മമാണെന്നുള്ളതും വാസ്തവംതന്നെ. എന്നാൽ ഇവകൊണ്ടു മാത്രം അവയുടെ കർമ്മപദ്ധതിക്കു് ഒരു പരിധി നിശ്ചയിക്കാവുന്നതല്ല. തങ്ങൾക്കു തോന്നുന്ന—അതു് സാർവ്വത്രികമായിരിക്കണം—അഭിപ്രായത്തെ ന്യായമായ രീതിയിൽ വാദിച്ചു ജനങ്ങൾക്കു പ്രദർശിപ്പിക്കുകയാണു പത്രങ്ങളുടെ പരമമായ ധർമ്മം. യാതൊരഭിപ്രായവും പ്രകടിപ്പിക്കാനില്ലാത്ത പത്രങ്ങളുമുണ്ടാകാം; എന്നാൽ അവ യഥാർത്ഥത്തിൽ പത്രങ്ങളെന്ന സംജ്ഞയെ അർഹിക്കുന്നില്ല.

രാഷ്ട്രീയകാര്യങ്ങളിൽ വ്യക്തിവിദ്വേഷമോ വർഗ്ഗവിദ്വേഷമോ പത്രങ്ങൾ പ്രകടിപ്പിക്കാൻ പാടില്ല. മഹാത്മാഗാന്ധിയുടെ രാഷ്ട്രീയതത്വചിന്ത (Political philosophy) യുടെ ധർമ്മം ഇതാണു്. ഒരു നാടകക്കൊട്ടയിലെ ഹാളും സ്റ്റേയിജുംപോലെയാണു ജനങ്ങളും പത്രങ്ങളും. ജനഹൃദയംതന്നെയാണു പത്രഹൃദയവും. മനുഷ്യരുടെ വിചാരങ്ങളുടെ കലവറയാണു പത്രം. അപ്പോൾ, യാതൊരു വക വ്യക്തിവിദ്വേഷത്തിന്നും വർഗ്ഗവിദ്വേഷത്തിന്നും പത്രങ്ങളിൽ പ്രസക്തിയില്ല. ഒരു മലയാളദിനപത്രത്തിൽ ഇങ്ങിനെ ഒരു പരസ്യം കണ്ടു. "ഹിററ്ലർ നമ്മെ ചതിച്ചു; അവനെ കാണിച്ചുകൊടുക്കാം" ഇതൊരുവക 'അങ്ങാടിഭാഷ'യാണെന്നു മാത്രമല്ല, പത്രങ്ങളുടെ തറവാടിത്തത്തെ സ്പർശിക്കുന്ന ഒരു ദുർഗ്ഗുണവുമാണു്—ഇമ്മാതിരി പരസ്യങ്ങൾ ഒരിക്കലും പത്രങ്ങൾ സ്വീകരിക്കരുതു്.

ഇന്നത്തെ രാഷ്ട്രീയപ്രശ്നങ്ങൾ ഭൂതകാലത്തിലുള്ളവയുടെ ഒരു തുടർച്ച മാത്രമാണു്. അപ്പോൾ ആ കാലഘട്ടത്തിലെ രാഷ്ട്രീയചരിത്രം ഗ്രഹിച്ചെങ്കിൽ മാത്രമേ ഇന്നത്തെ കാര്യങ്ങളെ പരിചയപൂർവ്വമായ പരിചയത്തോടുകൂടി പ്രതിപാദിക്കുവാൻ കഴികയുള്ളു. ജനാധിപത്യഭരണത്തെപ്പററി അറിയണമെങ്കിൽ, റൂസ്സോവിൻെറ പ്രസിദ്ധീകരണങ്ങൾ വായിക്കുകയും 1789-ൽ നടന്ന ഫ്രഞ്ചുവിപ്ലവചരിത്രം പഠിക്കുകയും വേണം. മാർക്സിയൻ സിദ്ധാന്തം മനസ്സിലാക്കിയില്ലെങ്കിൽ, സോഷ്യലിസത്തെപ്പററിയുള്ള ജ്ഞാനം പരിപൂർണ്ണമാകയില്ല. 'വെർ

സെയിൽസ്സുടമ്പടിയുടെ തകൎച്ചയുടെ കാരണങ്ങളെ നിരീക്ഷണം ചെയ്യണമെങ്കിൽ പ്രസ്തുത സന്ധിയുടെ ചരിത്രം മനസ്സിലാക്കണം. ഇതൊന്നുമില്ലെങ്കിൽ ആധുനികരാഷ്ട്രീയ പ്രശ്നങ്ങളെ പ്രതിപാദിക്കുവാൻ പത്രാധിപന്മാൎക്കെങ്ങനെ സാധിക്കും ?

രാഷ്ട്രീയകാൎയ്യങ്ങളിൽ, ഒരു സാൎവ്വദേശീയ മനോഭാവമാണു പത്രങ്ങൾ സ്വീകരിക്കേണ്ടതു്. പത്രങ്ങൾക്കു നിശ്ചിതമായ ഒരു പരിധിയെ അവലംബിക്കാൻ തരമില്ലാത്തതുകൊണ്ടു്, അവയുടെ വീക്ഷണസരണി വിശാലമായാലേ ജനങ്ങൾക്കു രുചിക്കയുള്ളു.

സാമുദായികപ്രശ്നങ്ങളുമായി പത്രങ്ങൾക്കുള്ള ബന്ധം കൂടുതൽ കൂടുതൽ ശിഥിലമായി വരികയാണു്; കൂട്ടംകൂടിയ രാഷ്ട്രീയസംഭവങ്ങളിൽ ശ്രദ്ധ പതിപ്പിക്കാനുള്ളതായിരിക്കാം ഇതിന്നുള്ള കാരണം. രണ്ടാമതായി, സാമുദായികസംഭവങ്ങൾ രാഷ്ട്രീയപ്രശ്നങ്ങളായി വികസിച്ചുവരികയാണു്. കേരളത്തിലുള്ള മിക്ക പത്രങ്ങളുടേയും സമുദായബന്ധം സങ്കുചിതമാണു്. "പോലീസ്സു കമ്മീഷണർ ഇവിടെ നിന്നു് അവിടേക്കു പോയി; സ്ഥലത്തെ പൌരപ്രമാണിയും ധനാഢ്യനുമായ—ടെ അമ്മയുടെ പതിനാറടിയന്തിരത്തിൽ നിരവധി സാധുക്കൾക്കു് അന്നദാനം ചെയ്തിരിക്കുന്നു; എം. എൽ. സി. മി.—ചെയ്ത പ്രസംഗം—ഇങ്ങനെ ചിലതാണു് ഇന്നത്തെ മിക്ക പത്രങ്ങളുടേയും സാമുദായികപ്രശ്നങ്ങൾ. ഇവകൊണ്ടു്, ജനങ്ങൾക്കു വലിയ ഉപകാരമൊന്നുമില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പുരുഷകേസരിയായ ശ്രീരാമകൃഷ്ണപിള്ളയുടേയും അദ്ദേഹത്തിന്റെ അനുയായിയായ ശ്രീബാലകൃഷ്ണപ്പണിക്കരുടേയും പൌരുഷവും വ്യക്തിമാഹാത്മ്യവും, സുസംസ്കൃതമായ മനോഭാവവും തികഞ്ഞ ഒരു പത്രപ്രവൎത്തകൻ ഇന്നു കേരളത്തിലില്ല; അടുത്ത കാലത്തു് ഉണ്ടാകുമെന്നു് ആശിക്കുവാനും ന്യായം കാണുന്നില്ല. വെറും സേവകഭാവത്തിൽപ്പെരുമാറുന്ന പത്രപ്രവൎത്തകന്മാരാണു് ഇന്നധികം പേരും.

പ്രതികാരസാദ്ധ്യത്തിന്നുള്ള ഒരു പാതയായിട്ടാണു് ഇവിടുത്തെ പത്രങ്ങളെ ജനങ്ങൾ വീക്ഷിച്ചുവരുന്നതു്. ഒരുദ്യോഗസ്ഥപ്രമുഖനെ നഗ്നമായ ഭാഷയിൽ അപലപിക്കുക തൊഴിലാക്കിയിരുന്ന ഒരു പത്രത്തെ ഞാനറിയും; പക്ഷേ അതു് അല്പായുസ്സായതു കേരളീയരുടെ മഹാഭാഗ്യമെന്നേ പറയേണ്ടു. പത്രപ്രവൎത്തനം ഒരു തൊഴിലാക്കിക്കരുതുന്നതു് ഒട്ടും ശ്രേയസ്കരമല്ല. വിദ്യാസമ്പന്നരും സേവനതല്പരരുമാ

യ നായകന്മാർ മാത്രമേ പത്രപ്രവൎത്തനത്തിനു മുതിരാവൂ. സൎവ്വകലാശാലാവിദ്യാഭ്യാസം ഇന്നു പത്രപ്രവൎത്തനത്തിന്നു് അത്യന്താപേക്ഷിതമാണു്. യാഥാസ്ഥിതികത്വത്തിനു പത്രലോകത്തിൽ സ്ഥാനമില്ല. ഉൽപതിഷ്ണുക്കളായിരിക്കണം അതിന്റെ പ്രതിനിധികൾ. ഗാന്ധിയൻ സിദ്ധാന്തം അനുവൎത്തിക്കുന്നതുകൊണ്ടു് പത്രങ്ങൾക്കു് ഗണനാതീതമായ മെച്ചം കിട്ടുന്നതാണു്. അതായിരിക്കണം പത്രങ്ങളുടെ രാഷ്ട്രീയമതം.

ജനങ്ങളുടെ രാഷ്ട്രീയഗുരുനാഥന്മാരാണല്ലോ പത്രങ്ങൾ. സമുദായത്തിന്റേയും രാഷ്ട്രത്തിന്റേയും ഉന്നമനത്തിനായി അനവരതം പ്രയത്നിച്ചു യഥാൎത്ഥമായ പ്രജായത്തഭരണസമ്പ്രദായത്തിലുള്ള ജനങ്ങളുടെ ആഗ്രഹവും അഭിരുചിയും വർദ്ധിപ്പിക്കുകയാണു പത്രങ്ങളുടെ പ്രഥമഗണനീയമായ കൎത്തവ്യം. എവിടെ നിയമത്തിന്റെ പേരിൽ അഴിമതി നടത്തുന്നു, എവിടെ മുതലാളിത്തം ഉദ്ധതഭാവത്തോടെ തലപൊന്തിക്കുന്നു, എവിടെ ജനങ്ങളുടെ പരിമിതമായ സ്വാതന്ത്ര്യത്തിന്നു് ക്ഷയംഭവിക്കുന്നു, അവിടെ തങ്ങളുടെ ധൎമ്മവും സേവനതാല്പര്യവും പൌരുഷവും കാണിക്കേണ്ടതു് പത്രങ്ങളുടെ കടമയാകുന്നു. വിദ്യാഭ്യാസവിഷയത്തിലും, സാഹോദര്യബോധത്തിലും വേണ്ടത്തക്ക നിൎദ്ദേശനം നൽകേണ്ടതും പത്രങ്ങളുടെ ചുമതലയാണു്. ചേരി തിരിഞ്ഞുനിന്നുകൊണ്ടുള്ള കലഹം പത്രപ്രവൎത്തനത്തിന്റെ സംസ്കാരത്തിനുള്ള കുഴി തോണ്ടുകയായിരിക്കും. ഭാവനാലോകത്തിൽ വിഹരിക്കുന്നതുകൊണ്ടുമാത്രം പത്രങ്ങൾക്കു യാതൊരു പൊതുജനോപകാരവും ചെയ്യാൻ കഴികയില്ല. സദ്ഭാവസൃഷ്ടിപരങ്ങളായിരിക്കണം അവയുടെ ആശയങ്ങൾ.

ഭാവിസംഭവങ്ങളെ ഗണിക്കുന്നതിനു വിരോധമില്ല, അങ്ങനെ പത്രങ്ങൾ ചെയ്യുന്നുമുണ്ടു്. പത്രപാരായണോൽസുകരായ ജനങ്ങൾക്കു് ഇമ്മാതിരിയിലുള്ള ഭാവിനിൎണ്ണയനം വളരെ രസപ്രദമായിരിക്കും. മനുഷ്യഹൃദയത്തെ വിസ്മയസ്തബ്ധമാക്കുവാൻ പത്രങ്ങൾക്കു മാത്രമേ ശക്തിയുള്ളു. "ഞങ്ങൾ സധൈര്യം പ്രസ്താവിക്കുന്നു, ഏകാധിപത്യം അടുത്ത ഭാവിയിൽ തകർന്നുപോകാതിരിക്കില്ലെന്നു്. അക്രമത്തിനും അനീതിക്കും അധികകാലം ഘോരതാണ്ഡവം ചെയ്യുവാൻ സാധിക്കയില്ല" എന്നൊരു പത്രം ഗംഭീരഭാഷയിൽ എഴുതുകയാണെന്നിരിക്കട്ടെ. ജനങ്ങൾക്കതു വിശ്വസിക്കാതിരിക്കുവാൻ തരമില്ല; കൃത്യബോധമുള്ള നായകന്മാരാണല്ലോ പറയുന്നതു്. അങ്ങനെ സമരത്തിന്റെ ഭയ

കരതയെ അവർ ക്രമേണ വിസ്മരിക്കുന്നു; ഒരു ദൃഢവിശ്വാസം അവരുടെ മനസ്സിൽ വേരൂന്നുന്നു. പത്രങ്ങളുടെ വാക്കുകളെ വിശ്വസിച്ചു മാത്രം ജീവിക്കുന്ന നിരവധി ജനങ്ങളിന്നുണ്ട്.

പത്രങ്ങളുടെ പ്രവൃത്തികൾ ഇന്ന് നാനാമുഖങ്ങളാണ്. രാഷ്ട്രീയം, സാമുദായികം, കായികം, മാനസികം തുടങ്ങിയ വിവിധ വിഷയങ്ങളെ പരാമർശിക്കുന്നവയാണ് ഇന്നത്തെ പത്രങ്ങൾ. നല്ല നിരീക്ഷണനൈപുണ്യം വേണം അവയെല്ലാം പ്രതിപാദിക്കാൻ. യുവജനങ്ങൾക്കു പത്രപാരായണത്തിൽ വലിയ ഔൽസുക്യം ഇല്ലാത്തതിൻെറ കാരണം അവരുടെ ആദർശങ്ങളെ പത്രങ്ങൾ അനുവർത്തിക്കാത്തതാണ്. 'പിന്തിരിപ്പൻ നയ'ക്കാരാണെന്നത്രെ പത്രപ്രവർത്തകരെക്കുറിച്ചുള്ള അവരുടെ അഭിപ്രായം. ഇതിൽ പത്രങ്ങളെ കുററം പറഞ്ഞിട്ടു കാര്യമില്ല. തങ്ങളുടെ അഭിപ്രായങ്ങൾ ദാർഢ്യമുള്ള അസ്ഥിവാരത്തിൽ കെട്ടിയുയർത്താനാണ് ഓരോ പത്രത്തിൻേറയും ആഗ്രഹം. ഒരു പ്രത്യേകവർഗ്ഗവിഭാഗത്തെയല്ല, ലോകത്തെയാണ് പത്രങ്ങൾ തൃപ്തിപ്പെടുത്തേണ്ടതു്. പരിപക്വമായ ചിന്തയുടെ പരിണതഫലമാണ് പത്രാഭിപ്രായം.

സി. പ്രഭാകരൻ ബി. എ.

# കൃഷ്ണമേനോൻ സാർ

സാമാന്യം പഴക്കമുള്ള ആ നെടുങ്കൻ കെട്ടിടം ശിവഗിരി ഗ്രാമത്തിനു നാഗരികത്വം നേടിക്കൊടുക്കുന്ന ഹൈസ്കൂളാണ്. അതിന്റെ നടുവിലുള്ള മുറിയിൽ വലിയൊരു മേശയും, നീളംകൂടിയ രണ്ടുനാലു ബെഞ്ചും ഇട്ടിട്ടുണ്ട്. മേശയുടെ മുകളിൽ ഏതാനും പുസ്തകങ്ങളും, ഒന്നുരണ്ടു പഴയ മഷിക്കുപ്പികളും, രണ്ടു തൂലികകളും, ഒരു കറുത്ത റൂൾത്തടിയും കിടക്കുന്നുണ്ട്.

മീനമാസത്തിൽ സ്കൂൾ പൂട്ടുന്ന ദിവസം. നട്ടുച്ചക്ക് അദ്ധ്യാപകന്മാർ ആ മുറിയിലിരുന്നു സൊള്ളുന്നു. മുറിയുടെ ഒരു മൂലയിൽ അശ്രദ്ധനായ ഒരദ്ധ്യാപകൻ മാത്രം മിണ്ടാതിരിക്കുന്നുണ്ട്: വെളുത്ത നിറം; പഴയതെങ്കിലും വൃത്തിയുള്ള കറുത്ത കോട്ട്; സ്വർണ്ണനിറത്തിലുള്ള കമ്പികളോടുകൂടിയ കണ്ണട; നെറ്റിയിൽ വട്ടത്തിലുള്ള ഒരു ചന്ദനപ്പൊട്ട്; വെള്ളിക്കമ്പികൾപോലെ നരച്ച തലമുടി; ഇങ്ങനെ വർണ്ണിക്കാവുന്ന കൃഷ്ണമേനോൻ ആ ഗ്രാൻറ് സ്കൂളിലെ അദ്ധ്യാപകന്മാരിൽ പ്രമുഖനായ ഒരാളാണ്.

ഇരുപത്തിമൂന്നാമത്തെ വയസ്സിലാണ് അദ്ദേഹം അദ്ധ്യാപകവൃത്തി ആരംഭിച്ചത്. കഴിഞ്ഞ കുംഭത്തിലേക്ക് അദ്ദേഹത്തിന്നു തികച്ചും അമ്പത്തിയഞ്ചു വയസ്സായി. നീണ്ട മുപ്പത്തിരണ്ടു വർഷങ്ങൾ! ആ കൊല്ലത്തെ ജോലിയവസാനിച്ചതിൽ അദ്ദേഹത്തിന്നു് എന്തെന്നില്ലാത്ത ഒരാശ്വാസം തോന്നി.

അദ്ദേഹം ചെല്ലം തുറന്നു് ഒന്നു മുറുക്കി. അപ്പുറത്തുള്ള വിദ്യാർത്ഥികളുടെ തിക്കും തിരക്കും, കുടുകുടെയുള്ള ചിരികളും ആ വൃദ്ധന്റെ ശ്രവണപുടങ്ങളിൽ അലതല്ലി. അദ്ദേഹത്തിന്റെ മനസ്സു പൂർവ്വസ്മരണകൾകൊണ്ടു നിറഞ്ഞു:—

"ചുടുരക്തം തിളക്കുന്ന കുട്ടികൾ! ജീവിതത്തിന്റെ സുന്ദരമായ മന്ദസ്മിതത്തിൽ അവരാനന്ദം കൊള്ളുന്നു. മുപ്പതിൽപ്പരം വർഷങ്ങൾക്കു മുമ്പു ഞാനും ഒരു വിദ്യാർത്ഥിയായിരുന്നു.

വർഷാവസാനത്തിൽ—സ്കൂൾ പൂട്ടുന്ന ദിവസത്തിൽ—ദുർദ്ദമമായ ഒരാനന്ദവും ആവേശവും എനിക്കുണ്ടായിട്ടുണ്ട്. ലോകത്തോടു യാത്ര പറയാൻ എനിക്കിനി അധികമില്ല. വിദ്യാർത്ഥികളെ, കേവലം യന്ത്രമെന്നപോലെ പഠിപ്പിക്കുന്നു. ചൈതന്യം തുളുമ്പുന്ന ആ

യൗവനത്തിലേക്ക് എനിക്കൊന്നു മടങ്ങിച്ചെല്ലാൻ കഴിഞ്ഞെങ്കിൽ...!" കൃഷ്ണമേനോൻ ഒന്നു നെടുവീർപ്പിട്ടു.

"അവരുടെ സ്വാതന്ത്ര്യം! വീണ്ടുവിചാരമില്ലാത്ത സ്വാതന്ത്ര്യം! തികച്ചും അഭികാമ്യമാണതു്. അതിൽ ഞാനെന്തിനു് അസൂയപ്പെടുന്നു. എങ്കിലും കവിതനിറഞ്ഞ ഈ കാലം ക്ഷണികം. കുറച്ചു കഴിയുമ്പോൾ അവരും ജീവിതത്തിന്റെ പരുപരുക്കൻ യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ മുട്ടുകുത്തും; ലോകത്തിന്റെ മുമ്പിൽ നരച്ച തലകളായിത്തീരും."

തുറന്നു കിടക്കുന്ന വാതായനത്തിലൂടെ പുറത്തേക്കദ്ദേഹം തുപ്പി. ചില സംഭാഷണശകലങ്ങൾ അദ്ദേഹം കേട്ടു.

"വഞ്ചികളിയും ഉറക്കവും തന്നെ."

"ഗോപി, അമ്പലപ്പുരം വരെ നമുക്കൊന്നിച്ചു പോകാം."

"ശിവ! ശിവ! ഈ ബോറിങ്ങ് ഒരുവിധം കഴിഞ്ഞല്ലോ."

"അവിടെ ഉൽക്കണ്ഠാഭരിതമായൊരു ഹൃദയം എന്നെ അക്ഷമമായി പ്രതീക്ഷിച്ചിരിക്കും."

മന്ദാക്ഷമധുരമായിട്ടാണെങ്കിലും, സാഭിമാനം ഒരു മുഗ്ദ്ധാംഗിയെയാണു് സുകുമാരൻ സൂചിപ്പിച്ചതു്. ഹോസ്റ്റലിൽ അവന്റെ മുറിയുടെ ഭിത്തിയിൽ, മാല്യമണിയിച്ചിട്ടുള്ള അവളുടെ ഒരു ചിത്രമുണ്ടു്. താഴെയുള്ള സ്റ്റാൻറിൽ ഏതാനും പ്രണയലേഖനങ്ങളും. മധുരമധുരങ്ങളായ പ്രണയവികാരങ്ങൾ മൊട്ടിട്ടിട്ടുള്ള ആ യുവഹൃദയങ്ങളെ, ദമ്പതികളായി അടുത്ത ഭാവി ദർശിക്കും; നിശ്ചയം.

കൃഷ്ണമേനോൻ ഇന്നും ഒരു ബ്രഹ്മചാരിയാണു്. പാണ്ഡിത്യഭാരംകൊണ്ടെന്നപോലെ വളഞ്ഞിട്ടുള്ള അദ്ദേഹം, ബ്രഹ്മചര്യം നിർബ്ബാധം നിലനിർത്തുന്നതിൽ ദത്താവധാനനാണു്.

പറന്നുപോയ ജീവിതത്തിന്റെ വസന്തത്തിൽ വിവാഹപ്രായത്തിലെത്തിയ ഏതാനും യുവതീലലാമങ്ങളെ അദ്ദേഹം കണ്ടിട്ടുണ്ടു്. അതിലൊരു യുവതി അദ്ദേഹത്തിന്റെ ഹൃദയത്തെ സവിശേഷമാകർഷിച്ചിരുന്നു.

"അന്നു് സായാഹ്നത്തിൽ യാദൃച്ഛികമായി, ക്ഷേത്രപരിസരത്തിൽ വെച്ചാണു് അവളെ ആദ്യം കണ്ടതു്. നീണ്ട കണ്ണുകൾ, പതിനേഴു വസന്തങ്ങളിലെ പനിനീർപ്പൂക്കൾ വിരിഞ്ഞിട്ടുള്ള കപോലങ്ങൾ, നെററിത്തടത്തിലെ കുങ്കുമലേപനം, മെലിഞ്ഞു് മാണ്ണെഴുന്ന ദേഹപ്രകൃതി, നീണ്ടു് ചുരുണ്ടു് നിതംബത്തെ മറക്കുന്ന തലമുടി—

അവളുടെ രൂപം! എന്റെ യൌവനസ്വപ്നങ്ങൾ ഉടലെടുത്ത ആ രൂപം! അതാ മുമ്പിൽ നില്ക്കുന്നു. അവൾ ഭാസുരമായൊരു നക്ഷത്രം! ഞാൻ കേവലമൊരു നിസ്വനായ അദ്ധ്യാപകൻ. എനിക്കെങ്ങനെ അവളെ തൊടുവാൻ കഴിയും? അധികം കഴിയും മുമ്പു് ആ സൌന്ദര്യധാമം വഴുതിപ്പോയി. അന്യന്റെ—ഒരു ചെറുപ്പക്കാരനായ മുൻസീഫിന്റെ—സ്വത്തായി അവൾ. എന്റെ സ്വപ്നമൊക്കെ തകർന്നു.... തകർന്നു! അദ്ധ്യാപനം, അല്ലെങ്കിലുമതു് സ്ത്രീകൾക്കും സന്യാസികൾക്കും ഉഴിഞ്ഞതു് വെച്ചിട്ടുള്ളതാണല്ലോ."

അടുത്ത ക്ലാസ്സു്മുറികളിലെ തിക്കും തിരക്കും ഏതാണ്ടു് ശാന്തമായി. വിദ്യാർത്ഥികൾ ഓരോരുത്തരായി പിരിയാറായി.

"സാർ, ഗുഡ്ബൈ."

"എന്റെ കുടയെവിടെ?"

"സാർ, എന്നാൽ പിന്നെ കാണാം, നമസ്കാരം."

## II

ഹോസ്റ്റലിൽ തന്റെ മുറിയിൽ കൃഷ്ണമേനോൻ ഏകനായിരിക്കുന്നു. ഏതാനും കടലാസ്സു് കഷ്ണങ്ങളും, പുസ്തകങ്ങളും ചിന്നിച്ചിതറിക്കിടക്കുന്ന ആ മേശയെ അദ്ദേഹമൊന്നു് നോക്കി. മുറ്റത്തു് കളിക്കുന്ന കുട്ടികളുടെ കൂക്കുവിളിയും, ടൈംപീസ്സിന്റെ ചലനവും മാത്രമെ അവിടത്തെ നിശ്ശബ്ദതയെ ഭേദിച്ചുള്ളു.

അദ്ദേഹം ചെല്ലമെടുത്തു് നല്ലവണ്ണമൊന്നുകൂടി മുറുക്കി, ചാരുകസേരയിൽപ്പോയി നിവർന്നുകിടന്നു.

"ആവൂ! ജോലി ഒരു വിധത്തിൽ കഴിഞ്ഞല്ലോ. കുട്ടികൾ! അവർ സന്തോഷത്തോടുകൂടി കളിക്കുന്നു. അവരെ എനിക്കിഷ്ടമാണു്. പക്ഷെ, അല്പം ചിലരെ എന്തോ എനിക്കു് പിടിക്കുന്നില്ല. നാട്ടിന്നും വീട്ടിന്നും കൊള്ളാതെ പോത്തുപോലെയുള്ളോർ! പാവങ്ങൾ!"

കഴിവുദിവസങ്ങൾ! അന്നൊക്കെ, ഞാനും സ്വതന്ത്രസുഭഗങ്ങളും ഭാവമധുരങ്ങളുമായ സ്വപ്നങ്ങളോടുകൂടി അവയെ എത്രമാത്രം ഉൽകണ്ഠാപൂർവ്വം പ്രതീക്ഷിച്ചിട്ടില്ല? ഇന്നു് ക്ഷീണവും നിരുന്മേഷവും മാത്രം. അന്നൊക്കെ എന്തു കളിയും തമാശയുമായിരുന്നു. ഇപ്പോളാണെങ്കിൽ വല്ല പുസ്തകവും വായിക്കാം; വൈകുന്നേരമൊന്നു് പുറത്തിറങ്ങി നടക്കാം. അത്രമാത്രം. കാലം പോയു് മറഞ്ഞു.

രണ്ടു ദിവസംകൂടി ഇവിടെ കഴിച്ചു കൂട്ടണം; പിന്നെ

രണ്ടാഴ്ച എവിടെയെങ്കിലും യാത്രചെയ്യണം; പിന്നെ ഗുരുവായൂർപ്പോയി രണ്ടാഴ്ച 'ഏട്ടത്തി'യൊരുമിച്ച് താമസിക്കണം. തിരിച്ചു വന്നാൽ പഴയപടി അടുത്ത കൊല്ലത്തേക്കുള്ള ജോലികൾ നോക്കണം.

പഠിപ്പിക്കൽ പിള്ളര് പറയുമ്പോലെ ഒരു വലിയ 'ബോറാ'ണ്. സ്കൂൾമാസ്ററരുടെ നിസ്സാരജീവിതം ഇഷ്ടപ്പെട്ട ഞാൻ പടുവിഡ്ഢി. മററതെങ്കിലും ജോലിക്ക് പോയിരുന്നെങ്കിൽ, ഇത്രയും കഷ്ടപ്പാടുകൂടാതെ കുറെ സമ്പാദിക്കാമായിരുന്നു.

കഷ്ടം! എന്നെപ്പോലെ ചില സ്നേഹിതന്മാരും ഈ ജോലിക്ക് വന്നുവല്ലൊ. സ്കൂൾമാഷായി ഞാൻ പുറപ്പെട്ടപ്പോൾ തന്നെ അമ്മാമൻ 'കാര്യമൊക്കെ നന്നു, മേൽഗതിയില്ലാത്ത ഉദ്യോഗമാണ്, കുട്ടാ' എന്ന് പറഞ്ഞതെത്ര ശരി. പ്രിയപ്പെട്ട അമ്മാമൻ! പതിനഞ്ചു വർഷങ്ങൾക്കുമുമ്പ് മൺ മറഞ്ഞു. ശാന്തപ്രകൃതിയായിരുന്നെങ്കിലും എന്തു് ലോകപരിചയം? വാർദ്ധകത്തുവെള്ളിക്ക് യൌവനത്തങ്കത്തേക്കാൾ വില കൂടുമല്ലൊ."

നാട്ടിന്നടുത്തുള്ള ഹൈസ്കൂളിൽനിന്നു സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായി, എറണാകുളത്തു പോയി കൃഷ്ണമേനോൻ ബി. എ. ബിരുദം നേടി. സർവ്വകലാശാല വിട്ടു പുറത്തു വന്നപ്പോൾ, പാവനങ്ങളും ഉൽകൃഷ്ടങ്ങളുമായ ആദർശങ്ങൾക്കനുസൃതമായി ജീവിക്കുവാൻ അദ്ദേഹത്തിന്റെ യുവഹൃദയം വെമ്പി. അദ്ധ്യാപകജീവിതം അദ്ദേഹത്തെ ആകർഷിച്ചു. ധനവും ഉദ്യോഗമേന്മകൊണ്ടുള്ള സാമുദായികപദവിയും അദ്ദേഹം തൃണവൽഗണിച്ചു. "കഴിയുന്നത്ര ജ്ഞാനം സമ്പാദിക്കുക, അതിനെ അന്യർക്കു പകർന്നു കൊടുക്കുക"—അതൊന്നു മാത്രമായിരുന്നു അദ്ദേഹം മുറുകെ പിടിച്ച ജീവിതാദർശം.

ഇന്നാണെങ്കിൽ കൃഷ്ണമേനോൻ ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയിരിക്കുന്നു. പ്രതിമാസം ചുരുങ്ങിയൊരു ശമ്പളം മാത്രമേ അദ്ദേഹത്തിനു ലഭിക്കുന്നുള്ളു. ഏതാനും വിദ്യാർത്ഥികളൊരുമിച്ച്, സ്കൂളിനടുത്തുള്ള ഹോസ്റ്റലിലാണു താമസം. ഇടുങ്ങിയൊരു മുറിക്കുള്ളിൽ ഒതുങ്ങിയൊരു ജീവിതം.

"ഉൽപതിഷ്ണുക്കളും, പരിഷ്കാരികളുമായ വിദ്യാർത്ഥികൾക്കിടയിൽ കേവലം യാഥാസ്ഥിതികനായൊരു വൃദ്ധനായി ചടഞ്ഞുകൂടുക. എന്തൊരു ഗതിവിശേഷം!"

ചാരുകസേരയിൽനിന്നദ്ദേഹം പതുക്കെ എഴുന്നേററു; മുറ

ക്കാൻ തുപ്പിക്കളഞ്ഞു. വിയത്തതിനാൽ ഷട്ട് ഊരിവെച്ചു. വീശറിയെടുത്തൊന്നു വീശി.

"സമുദായത്തിന്റെ മാനസികോന്നമനത്തിന്നു ജീവിതം പിച്ചപ്പാളയാക്കി. പാഴാക്കി ജീവിതം......പാഴാക്കി......"

## III

മിഥുനമാസത്തിൽ ഒരൊഴിവു ദിവസം. മഴ പതുക്കെ ചാറുന്നുണ്ട്. സമയം ഉദ്ദേശം മൂന്നു മണി. ഒരു യുവാവവിടെ ആഗതനായി. ഭംഗിയിൽ ചീകിവെച്ചിട്ടുള്ള തലമുടി; ദീപ്തങ്ങളായ നേത്രങ്ങൾ; അരോഗദൃഢമായ ശരീരം. സ്കൂൾ ഫൈനൽ പരീക്ഷ പ്രശസ്യമാംവണ്ണം പാസ്സായി ഉപരിപഠനാർത്ഥം എറണാകുളത്തേയ്ക്കു പോകുന്ന ഒരു വിദ്യാർത്ഥിയാണയാൾ.

"ഇപ്പോൾ ബദ്ധപ്പാടൊന്നുമില്ലല്ലോ, സാർ."

ചാരുകസേരയിൽ കിടന്നിരുന്ന കൃഷ്ണമേനവൻ, വായിച്ചിരുന്ന പുസ്തകം നീക്കി, തലയാട്ടി.

"പ്രത്യേകിച്ചിപ്പോൾ, ഒന്നുമില്ല."

"ഞാൻ ഇന്നു വൈകുന്നേരത്തെ വണ്ടിക്കു പോകുന്നു."

"പറഞ്ഞ കാര്യങ്ങൾ ഓർമ്മയുണ്ടല്ലോ."

"ഉവ്വ്."

കണ്ണട നെററിത്തടത്തിലേക്കു കയററിവെച്ച് യുവാവിന്റെ മുഖത്തേക്കു നോക്കി.

"കേമന്മാരായ പലരേയും ഉല്പാദിപ്പിച്ച ഒരു കലാശാലയിലേക്കാണു ബാലനിപ്പോൾ പോകുന്നതു്."

അതേ; മുപ്പത്താറു സംവത്സരങ്ങൾക്കു മുമ്പ് അദ്ദേഹവും ഇതുപോലെ പോയിട്ടുണ്ട്. പല മഹാന്മാരേയും അവിടെയദ്ദേഹം കണ്ടിട്ടുണ്ട്. എന്നാലവരെപ്പോലെ തനിക്കും ഉയരാൻ കഴിഞ്ഞില്ല. എന്തു ചെയ്യാം! ജീവിതത്തിന്റെ ഉത്തരാർദ്ധത്തിലെത്തിയിട്ടുള്ള അദ്ദേഹത്തിനിതുവരെ പഠിപ്പിക്കലല്ലാതെ കാര്യമായി ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതം തകർന്നൊരു സ്വപ്നം.

"തന്റെ വിദ്യാർത്ഥിവേതനത്തെ വേണ്ടുംവണ്ണം ഉപയോഗപ്പെടുത്തണം."

ശിരസ്സിൽ കൈവച്ചുകൊണ്ട്, "നന്നായി വരൂ, ബാല."

"സർ", ഗദ്ഗദസ്വരത്തിൽ ആ യുവാവു തുടർന്നു, "അവിടു

ന്നാണ് ഇതിനെന്നെ അർഹനാക്കിയതു്. അങ്ങയോടുള്ള എന്റെ കടപ്പാടു് എത്രയെന്നു പറയാവതല്ല. ഇങ്ങനെ വല്ലതും കിട്ടിയില്ലെങ്കിൽ......"

കൃഷ്ണമേനോൻ പഠിപ്പിച്ചിട്ടുള്ള ബഹുശതം വിദ്യാൎത്ഥികളിൽ ചിലൎക്കെല്ലാം വേതനങ്ങൾ ലഭിച്ചിട്ടില്ലെന്നില്ല. എന്നാലതിനു കൃതജ്ഞത പ്രകാശിപ്പിച്ചിട്ടുള്ളവർ വളരെ ചുരുക്കം.

വിഷയത്തെക്കുറിച്ചുള്ള സമഗ്രമായ ജ്ഞാനം, ഒന്നാന്തരം നോട്ടുകൾ, പരീക്ഷകന്മാരുടെ മനോഭാവത്തെക്കുറിച്ചുള്ള അറിവു്, കാൎയ്യങ്ങൾ പറഞ്ഞു ഗ്രഹിപ്പിക്കുന്നതിലുള്ള തന്റേടം ഇവയായിരുന്നു, കൃഷ്ണമേനവന്റെ അദ്ധ്യാപനമേന്മക്കുള്ള അടിസ്ഥാനങ്ങൾ.

ബാലന്റെ ഗദ്ഗദപൂൎണ്ണങ്ങളായ വാക്കുകൾ മേനവന്റെ ഹൃദയത്തിൽ അവാച്യമായൊരാനന്ദമുളവാക്കി. ഭാവിയിൽ, വിശാലമായ നെററിത്തടത്തോടും, ദീപ്തങ്ങളായ നേത്രങ്ങളോടുംകൂടിയ ആ വിദ്യാൎത്ഥി ഒരു മഹാരഥനായിത്തീരും. അതിൽ ചെറിയൊരു പങ്കു് അദ്ദേഹത്തിനുണ്ടായിരുന്നുവെന്നഭിമാനിക്കാം. . . . .

വാത്സല്യപൂൎണ്ണമായ തന്റെ കരമൊന്നു് ആ ശിഷ്യസമ്പത്തിന്റെ ചുമലിൽവെച്ചുകൊണ്ടു് അദ്ദേഹം, "ഞാൻ, നിങ്ങൾക്കു മാൎഗ്ഗം നിർദ്ദേശിച്ചു ചില സൂചനകൾ മാത്രമാണു നൽകിയതു്. ക്ലേശം സഹിച്ചു, പ്രാപ്യസ്ഥാനത്തേയ്ക്കു നടന്നതു ബാലനാണു്."

## IV

ആ വിദ്യാൎത്ഥി പോയശേഷം മേനവൻ ഒന്നു ഭദ്രമായി മുരുക്കി. തുറന്നു കിടന്ന വാതായനത്തിലൂടെ വിശാലമനോഹരമായ ആ പാടത്തേയും, അതിനടുത്ത മൈതാനത്തിൽ കളിച്ചിരുന്ന കുട്ടികളേയും അദ്ദേഹം ഉററുനോക്കി.

"കുട്ടികൾ! അവർ സോത്സാഹം കളിക്കുന്നു. ആ 'ബാലൻ' നിവൃത്തിയില്ലാത്ത ഒരു കുടുംബത്തിലുൾപ്പെട്ടവനാണു്. തുച്ഛമായ ശമ്പളം മാത്രമുള്ള ഒരു ചെറിയ ഉദ്യോഗസ്ഥന്റെ മകനാണവൻ. നല്ല ബുദ്ധിയുണ്ടു്; കവിഞ്ഞ അദ്ധ്യാനശീലവും. അങ്ങനെവേണം കുട്ടികൾ. ഭാഗ്യവശാൽ, അവനിതാ ഇപ്പോൾ തുടൎന്നു പഠിക്കാൻ സൌകൎയ്യം കിട്ടി". ശിഷ്യവൃന്ദങ്ങളിലേയ്ക്കു് അദ്ദേഹത്തിന്റെ സ്മരണ പതിഞ്ഞു.

"ദരിദ്രരായ വിദ്യാൎത്ഥികൾ. ഭാസ്കരൻ തീൎച്ചയായും ഒരു വ

ലിയ ഉദ്യോഗസ്ഥനാവും. കുമാരനാണെങ്കിൽ ഇപ്പോഴം ഉത്തമങ്ങളായ പല കവിതകളുമെഴുതുന്നുണ്ടു്; ശ്രീധരൻ നിസ്വാത്ഥമായി സാധുസേവനം ചെയ്യുന്നു........"

ജനവാതില്ക്കൽനിന്നു് മുഖം മേനവൻ തിരിച്ചു.

സംസ്കാരവിനീതവും ലജ്ജാശ്രുമവുമായ കൃതജ്ഞതയാൽ തുടുത്ത ബാലൻെറ മുഖമദ്ദേഹം മുമ്പിൽ കണ്ടു.

"കിഴവൻ കൃഷ്ണമേനോൻ സാർ തരക്കേടില്ല"— എന്നഭിപ്രായപ്പെടാവുള്ള വിദ്യാത്ഥികളുടെ പിന്നിലും കൃതജ്ഞതാഭരിതമായ ഹൃദയങ്ങഠം കൂപ്പുകയ്യോടെ നില്ക്കുന്നുണ്ടെന്നദ്ദേഹത്തിനു തോന്നി. അവർ കൃതജ്ഞരല്ല. അല്ലെങ്കിൽ എന്തിനു് അവരുടെ കൃതജ്ഞതയെ ഞാൻ ഗണിക്കുന്നു. വിദ്യാത്ഥികളുമായി നിത്യസമ്പക്കം ചെയ്യുന്നു ഞാൻ. ലൌകികജീവിതത്തിൽനിന്നു കിട്ടാവുന്ന എന്താ ഒന്നു് എനിക്കു കുറവുണ്ടു്. അഥവാ വളച്ച് പൂണ്ണമാവാത്തൊരു വ്യക്തിയല്ലേ ഈയുള്ളവൻ? എന്നാലും ഫലേച്ഛകൂടാതെ ജ്ഞാനം പ്രദാനം ചെയ്യുന്നതിൽ എന്തെന്നില്ലാത്ത ഒരാനന്ദമുണ്ടു്. അല്ല; പ്രതിഫലംകൂടാതെയാണോ? എന്തു്? ബാലൻെറ കൃതജ്ഞതയാൽ ദീപ്തങ്ങളായ നയനങ്ങളും സ്നേഹത്താൽ സ്നിഗ്ദ്ധവാക്കായ ഹൃദയവും എനിക്കു ലഭിക്കാവുന്ന ഏററവും വലിയ പാരിതോഷികമല്ലേ, പ്രതിഫലമല്ലേ?"

അദ്ദേഹം കുപ്പായമെടുത്തിട്ടു; രണ്ടാമുണ്ടു് അതിൻെറ മീതെ തോളിലും. വടിയെടുത്തു് മുറിയിൽനിന്നു പുറത്തിറങ്ങി. "ജീവിതം പാഴായി എന്നു കരുതിയതു വിഡ്ഢിത്തം, തികച്ചും വിഡ്ഢിത്തം........ ഉത്തമന്മാരായ പൌരന്മാരെ സൃഷ്ടിക്കയാണല്ലോ എൻെറ കത്തവ്യം. ആദശ്ഭാസുരവും പാവനവുമായ ഒന്നാണു് അതു്; സംശയമില്ല. . . അതേ; ജീവിക്കണം, പഠിപ്പിക്കുവാൻ, യുവവിദ്യാത്ഥികളെ നല്ലവരാക്കിത്തീക്കുവാൻ . . . ."

സാന്ധ്യസൂയ്യൻെറ ചെങ്കതിരുകഠം തട്ടി ശോഭിച്ച ആ വയലിൻെറ സമീപമുള്ള പാതയിലൂടെ പടിഞ്ഞാറോട്ടു് വടി ചുഴററി മേനവൻ മന്ദമന്ദം നടന്നു. അടുത്തുള്ള വൃക്ഷലതാദികളിൽ തട്ടിവരുന്ന ഇളംതെന്നൽ ആ വൃദ്ധൻെറ ദേഹത്തെ തഴുകി. നടക്കുമ്പോഠം സന്തോഷാധിക്യത്താൽ ആ വൃദ്ധഹൃദയം തിരതല്ലിയിരുന്നു; അവ്യക്തമധുരമായൊരു സംഗീതവിശേഷം അതിൽനിന്നു നിർഗ്ഗളിച്ചിരുന്നു.

അനന്തകൃഷ്ണൻ.

# 'തമസോ മാ ജ്യോതിർഗ്ഗമയ.'*

(മഞ്ജരി)

സത്വങ്ങൾക്കൊക്കെയും ചൈതന്യമേകുന്ന
സത്യസനാതനചിന്മഹസ്സേ,
രാവിന്നിരുളിങ്കൽനിന്നു നീ ഞങ്ങളെ-
ത്തൂവെളിച്ചത്തിലണച്ചിടാവൂ!

വേദാർത്ഥചർച്ചയിൽ വേട്ടവനെപ്പോലും
വാദത്താൽ വെല്ലുവിളിച്ചതാരോ,
ഗോത്രാഭിവന്ദ്യയാ മൈത്രേയിതന്നുടെ
ഗോത്രത്തിൽത്തന്നെ ജനിച്ച കൂട്ടർ
രക്ഷണമില്ലാതെ, ശിക്ഷണമില്ലാതെ,
അക്ഷരജ്ഞാനവും കൈവരാതെ,
അന്ധതയിങ്കൽനിന്നന്ധതയിങ്കലേ-
യ്ക്കെന്തിനോ തപ്പിത്തടഞ്ഞുകൊണ്ടേ
കാലം കഴിയ്ക്കേണമെന്നായി—ഹാ ഹന്ത,
കാലഭേദത്തിന്റെ കീഴ്മറിയൽ!

ലോകചക്ഷുസ്സാം നീ കാണ്മീലേ താമസ-
ശോകമാർ ഞങ്ങളെശ്ശോഭനാത്മൻ?
നീ കരം നീട്ടിയുയർത്താവൂ ഞങ്ങളെ-
ബ്ഭീകരമീയിരുൾക്കുണ്ടിൽനിന്നും
ത്വൽപ്രസാദത്തിൽ വിടർന്നാവൂ ഞങ്ങൾത-
ന്നപ്രഫുല്ലങ്ങളാമാശയങ്ങൾ!
വിജ്ഞാനഹീനകൾ ഞങ്ങൾതൻ പ്രാകൃത-
ജിജ്ഞാസമുക്തിയടഞ്ഞിടാവൂ!

പരമേശ്വരൻ.

---

* നമ്പൂതിരിവിദ്യാർത്ഥിനീസദനത്തിലെ പെൺകുട്ടികൾക്കു ചൊല്ലാനായി എഴുതിയതു്.

# ജപ്പാന്റെ രാജ്യവിപുലീകരണശ്രമങ്ങൾ.

ഒരു രാജ്യത്തിന്റെ സാമ്പത്തികമണ്ഡലത്തെ വിപുലീകരിക്കുകയെന്ന ഒരു സമ്പ്രദായം പാശ്ചാത്യരാജ്യങ്ങളിലാണ് ആദ്യമായിട്ടുണ്ടായതു്. സാമ്പത്തികമായ ഐശ്വര്യപ്രലോഭനംകൊണ്ടു് പ്രചോദിതങ്ങളായ യൂറോപ്യൻരാഷ്ട്രങ്ങൾ, തങ്ങളുടെ സാമ്പത്തികമായ മണ്ഡലത്തിന്റെ അതിരിടുവാൻ തുടങ്ങി. അങ്ങിനെ സ്വയമേവ വ്യവസ്ഥാപിതമായ മണ്ഡലത്തിനുള്ളിൽ തങ്ങൾക്കു പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി ഇതരരാഷ്ട്രങ്ങളുടെ മത്സരങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി കഴിഞ്ഞുകൂടേണമെന്ന ഒരാഗ്രഹമേ അന്നുണ്ടായിരുന്നുള്ളു. ഒരു വ്യവസായകേന്ദ്രവും, വ്യവസായത്തിന്നാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളെ ധാരാളം ഉല്പാദിപ്പിക്കുവാൻ കഴിവുള്ള മററു ചില രാജ്യങ്ങളും ഉൾപ്പെടുന്നവിധം സ്വയം സമ്പൂർണ്ണമായ ഒരു സാമ്പത്തികഘടകമാക്കിത്തീർക്കുവാനാണു് ഓരോ രാഷ്ട്രവും ഈ അതിരിടൽകൊണ്ടുദ്ദേശിക്കുന്നതു്.

രാഷ്ട്രീയവും സാമ്പത്തികവുമായ അഭിവൃദ്ധി കൈവരുത്തുന്നതിന്നുവേണ്ടി പാശ്ചാത്യരാജ്യങ്ങൾ പലേ പദ്ധതികളും സ്വീകരിച്ചിട്ടുള്ളതായി ചരിത്രദൃഷ്ട്യാ കാണാവുന്നതാണല്ലോ. ഈ പദ്ധതികളെയെല്ലാം തന്നെ അനുകരിക്കുന്നതിൽ ഒരു കാലത്തും വിമുഖമായിരുന്നിട്ടില്ലാത്ത ഒരു രാജ്യമാണു ജപ്പാൻ. തങ്ങൾക്കു സ്വന്തമായി ഒരു സാമ്പത്തികമണ്ഡലം സ്ഥാപിക്കുന്നതിനു ജപ്പാൻ വളരെയെല്ലാം പരിശ്രമിക്കുന്നുണ്ടു്. നിർമ്മാണത്തിലിരിക്കുന്ന ഈ മണ്ഡലത്തെ 'സഹാഭിവൃദ്ധിമണ്ഡലം' (Co-prosperity sphere) എന്നാണവർ വിളിക്കുന്നതു്. ഇതു പുതിയ വ്യവസ്ഥകൾ സ്ഥാപിക്കുന്നതിന്നാണെന്നും പറഞ്ഞു്, ജർമ്മനി, ഇററലി തുടങ്ങിയ ഏകാധിപത്യരാജ്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കടുംക്രിയകൾ കണ്ടും കേട്ടും കണ്ണും കാതും പുണ്ണായിത്തീർന്ന അഭിനവലോകത്തിന്നു ജപ്പാന്റെ ഈ 'മണ്ഡലവ്യവസ്ഥ'യേയും അല്പം ആശങ്കയോടുകൂടിയേ വീക്ഷിക്കുവാൻ കഴിയൂ. ജപ്പാൻവിദേശകാര്യമന്ത്രിയായിരുന്ന മസ്്റുവോക്ക, തന്റെ പ്രസംഗങ്ങളിൽ സാധാരണമായി സൂചിപ്പിച്ചുവന്നിട്ടുള്ള ഒന്നാണീ 'മണ്ഡലം.' ജപ്പാന്റെ അയൽരാജ്യങ്ങളിലെ 'വെള്ള'ക്കാർ, അവരുടെ സർവ്വസ്വവും, മഞ്ഞക്കാർക്കു വിട്ടുകൊടുക്കണമെന്നായിരുന്നു മസ്്റുവോക്കയുടെ വാദം. ഇതിന്നുവേണ്ടി ആയിരം ചതുരശ്രനാ

ഴിക വ്യാപ്തിയുള്ള ഒരു ഭൂവിഭാഗത്തെത്തന്നെ അദ്ദേഹം വേർതിരിച്ചുനിറുത്തിയിരുന്നു. ജപ്പാന്നു താഴെകിടക്കുന്ന മഞ്ചുക്കോ, ചൈന, എന്നീ രാജ്യങ്ങളുൾപ്പടെ തെക്കുപടിഞ്ഞാറു തൈലണ്ടിന്നും ബർമ്മക്കും സമീപംവരെയുള്ള അനവധി രാജ്യങ്ങൾ ആ വിദേശകാര്യമന്ത്രിയുടെ സാമ്പത്തികമണ്ഡലത്തിലെ ഘടകങ്ങളാണു്.

മറുരാജ്യങ്ങളിൽ കുടിയേറിപ്പാർക്കുവാൻ തുടങ്ങുന്ന ഒരു രാജ്യം, അതിനെത്തുടന്നു സാമ്പത്തികമായ അവകാശങ്ങൾ പുറപ്പെടുവിക്കുകയും, ഒടുവിൽ സ്വയംസംരക്ഷണത്തിന്റെ പേരിൽ ആ രാജ്യങ്ങളെ കീഴടക്കുകയും ചെയ്യുന്നതായിട്ടാണു ചരിത്രത്തിൽനിന്നു കാണുവാൻ കഴിയുന്നതു്. അങ്ങിനെ സൈനികശക്തിക്കു വിധേയങ്ങളായി അക്രമിക്കു് അടിമപ്പെടുന്ന ചെറുരാജ്യങ്ങളുടെ സാമ്പത്തികക്കഴിവുകളത്രയും വിനഷ്ടങ്ങളായിത്തീരുകയും ചെയ്യും. സാധാരണമായി കണ്ടുവരുന്ന ഒരു സംഭവമാണിതു്.

ജപ്പാന്റെ സംരംഭം വിശേഷപ്പെട്ട ഒന്നായിട്ടുവേണം പരിഗണിക്കപ്പെടുവാൻ. മറുരാജ്യങ്ങളിൽപ്പോയി കുടിയേറിപ്പാർക്കുകയെന്ന ഒരു ഉദ്ദേശമേ ജപ്പാനകാർക്കില്ല. ഇന്നു വിദേശങ്ങളിൽ താമസിച്ചുവരുന്ന ജപ്പാൻകാരുടെ ജനസംഖ്യയെടുത്തുനോക്കിയാൽ ഈ പരമാത്ഥം എളുപ്പത്തിൽ മനസ്സിലാകുന്നതാണു്. അവരിപ്പോൾ ആലോചിച്ചുകൊണ്ടുവരുന്ന 'മണ്ഡല'ത്തിൽ കുടിയേറിപ്പാർപ്പിന്നുതകുന്ന രാജ്യങ്ങൾ അപൂർവ്വങ്ങളായതുകൊണ്ടോ, ആ രാജ്യങ്ങളിലെ ജീവിതത്തോതു തങ്ങളുടേതിനേക്കാൾ താഴ്ന്നതരത്തിലുള്ളതാകകൊണ്ടോ, എന്തെന്നറിഞ്ഞുകൂടാ, പുറംരാജ്യങ്ങളിൽ താമസിച്ചുവരുന്ന ജപ്പാൻകാരുടെ സംഖ്യ എത്രയോ പരിമിതമാണു്.

കുടിയേറിപ്പാർക്കുകയെന്ന ലക്ഷ്യമില്ലെങ്കിൽ, സ്വയംസമ്പൂർണ്ണമായ ഒരു സാമ്പത്തികഘടകമായിത്തീരുവാനുള്ള അഭിലാഷമായിരിക്കുമോ, ജപ്പാന്റെ ഈ 'മണ്ഡല'വാദത്തിന്റെ അടിയിലുള്ളതെന്നും സംശയിക്കപ്പെടാവുന്നതാണു്. എന്നാൽ ആ സംശയം തീരെ അടിസ്ഥാനമില്ലാത്തതാണെന്നു കാണാം. ഇപ്പോൾ ഉദ്ദേശിക്കുന്നവിധം ജപ്പാൻ വിപുലീകരിക്കപ്പെട്ടതുകൊണ്ടു സാമ്പത്തികമായ യാതൊരു നേട്ടവും സിദ്ധിക്കുവാനില്ല. നിർദ്ധനങ്ങളും, ജനനിബിഡങ്ങളുമായ കാഷികരാജ്യങ്ങളാണവയത്രയും. 1938-ൽ, ജപ്പാൻ സാമാനങ്ങളിൽ 50 ശതമാനം മാത്രമേ ഈ രാജ്യങ്ങളിലേക്കു കയററുമതി ചെയ്യപ്പെട്ടിട്ടുള്ളു. അക്കൊല്ലത്തിൽത്തന്നെ ജപ്പാന്നു് ആവശ്യ

മായ അസംസ്കൃതപദാൎത്ഥങ്ങളിൽ വെറും 30 ശതമാനം മാത്രമത്രെ മറു രാജ്യങ്ങളിൽനിന്നു് ഇറക്കുമതിചെയ്യപ്പെട്ടതു്. ജപ്പാങ്കാൎക്കു് ഏററവുമധികം ആദായകരമായ കയററുമതി പഞ്ഞിത്തുണികളാണല്ലോ. ഇതിന്നാവശ്യമായ പഞ്ഞിയിൽ 11 ശതമാനമേ, ഇപ്പോഴത്തെ 'മണ്ഡല' രാജ്യങ്ങളിൽനിന്നു കിട്ടുന്നുള്ളു. റബ്ബർ, ടിൻ, എണ്ണ, ഇരുമ്പു് എന്നിവയൊഴികെ യാതൊന്നും ഈ രാജ്യങ്ങളിൽനിന്നു അവൎക്കു് കിട്ടുവാനില്ല. ഈ വക സംഗതികൾകൊണ്ടു ജപ്പാന്റെ അതിൎത്തിവിപുലീകരണത്തിന്നു കാര്യമായ സാമ്പത്തികപ്രാധാന്യമേതുമില്ലെന്നു തീൎമാനിക്കാവുന്നതാണു്.

സ്വന്തമായ രക്ഷയ്ക്കുവേണ്ടിയാണോ ഈ സംരംഭം? അതുമല്ല. മണ്ഡലരാജ്യങ്ങളെ ജാപ്പു് സൈന്യങ്ങൾ കൈവശപ്പെടുത്തിവെക്കേണ്ടതായ യാതൊരാവശ്യവും ഇന്നില്ല. അത്രയുമല്ല, അടുത്ത ഭാവിയിലെങ്ങാൻ, ഒരു വിദേശാക്രമണമുണ്ടാകുവാനിടയില്ലാത്തതിനാൽ, ജപ്പാന്റെ രക്ഷയ്ക്കുവേണ്ടി ചുററുമുള്ള ചെറുരാജ്യങ്ങളെ സ്വാധീനമാക്കുകയാണെന്ന വാദം തീരെ കാമ്പില്ലാത്തതുമായിരിക്കും. ഇങ്ങിനെയൊരു പദ്ധതികൊണ്ടു്, യാതൊരു നേട്ടവും ലഭിക്കുവാനില്ലെങ്കിൽ, അവർ ഈ പാഴ്വേലയ്ക്കെന്തിന്നു മുതിരുന്നു? പൌരസ്ത്യദേശങ്ങളിലെ സമാധാനത്തെ അവരെന്തിന്നു ഭഞ്ജിക്കുന്നു?

ഒരേ ഒരു സമാധാനമേ ഈ ചോദ്യത്തിന്നുള്ളു. അച്ചുതണ്ടുശക്തികളുമായി സംഘടിപ്പിക്കപ്പെട്ടിരിക്കയാൽ, ആ ഏകാധിപത്യരഥത്തിന്റെ ഒരംഗമായിത്തീൎന്നിരിക്കയാൽ, അനാവശ്യമായ ചില കാൎയ്യങ്ങളിൽ ജപ്പാനു് ഇടപെടേണ്ടിവന്നിട്ടുണ്ടു്. ആ സ്വേച്ഛാധികാരയന്ത്രം ഏതു വഴിക്കു തിരിയുന്നുവോ, ആ വഴിക്കുതന്നെ ജപ്പാനും തിരിയേണ്ടിയിരിക്കുന്നു. അതാണിതിന്റെ രഹസ്യം. അല്ലാതെ സൈനികമായോ, രാഷ്ട്രീയമായോ, സാമ്പത്തികമായോ യാതൊരുദ്ദേശവും ജപ്പാന്നതിലില്ല. ഏകാധിപത്യശക്തികളുമായി യോജിക്കുന്ന പക്ഷം, ചില കടപ്പാടുകൾ ജപ്പാനെ നിബ്ബന്ധിക്കുന്നവയായിട്ടുണ്ടു്. അത്തരം കടപ്പാടുകൾ നിൎവ്വഹിക്കുക മാത്രമേ, അതിൎത്തിവിപുലീകരണമെന്ന പേരിൽ ജപ്പാൻ ചെയ്യാനുദ്ദേശിക്കുന്നുള്ളു. അതിൽനിന്നു തുച്ഛമായ വല്ല സാമ്പത്തികനേട്ടങ്ങളുമുണ്ടെങ്കിൽത്തന്നെ അവ അപ്രധാനങ്ങളുമാണു്.

രാജ്യത്തെ വിപുലപ്പെടുത്തുവാൻവേണ്ടി ഇപ്രകാരമൊരു സംരംഭത്തിലേപ്പെടുന്നതുകൊണ്ടു് ഒന്നിലധികം മെച്ചങ്ങൾ ജപ്പാന്നു

പ്രതീക്ഷിക്കാം. പുറംരാജ്യങ്ങളുടെ വാണിജ്യമത്സരത്തിൽനിന്നു രക്ഷപ്പെടുന്നതോടൊപ്പംതന്നെ, വ്യവസായവിഷയത്തിൽ പിന്നണിക്കാരായ രാജ്യക്കാരുടെ വ്യാവസായികശക്തിയെ നിഹനിക്കുവാനും, അവിടങ്ങളിൽ സൈന്യങ്ങളെ ഏർപ്പെടുത്തി അവയ്ക്കുമേൽ സൈനികഭരണം സ്ഥാപിക്കുവാനും ജപ്പാനു സാധിച്ചേക്കും. വലിയ വലിയ ശക്തികളുടെ ഏതാദൃശമായ സ്വാത്മപ്രലോഭനങ്ങൾക്ക് ആത്മീയമായ വല്ല അടിസ്ഥാനവുമുണ്ടോ എന്നാണു ലോകം അത്ഭുതപ്പെടുന്നത്. ഈ വക അക്രമപ്രവൃത്തികളിൽ മനുഷ്യത്വത്തിന്റെ ലാഞ്ഛനപോലും, കാണപ്പെടുന്നില്ല. അങ്ങിനെ കേവലം അനാത്മീയമായ ഒരു വഴിക്ക്, തങ്ങളുടെ സ്വാത്മതാല്പര്യങ്ങളെ പരിരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ഓരോ രാജ്യക്കാരും തുടങ്ങുന്ന പക്ഷം, സമാധാനജീവിതം ഭൂമുഖത്തിൽനിന്നു അപ്രത്യക്ഷമാകാതിരിക്കയില്ല.

ആർ. എം. മനക്കലാത്ത്.

# സർദാർ പണിക്കരുടെ ഒരു പുതിയ നോവൽ.

കേരളസിംഹം—കെ. എം. പണിക്കർ.

'ഇന്ദുലേഖ'യുടെ അനുജത്തിമാരായി കേരളത്തിൽ പിറന്ന സൌന്ദൎയ്യധാമങ്ങൾക്കു കണക്കില്ല. കെട്ടും മട്ടും വളരെ കേമം. പക്ഷേ കേരളീയജീവിതത്തിന്റെ കമനീയരൂപത്തെ അതിന്റെ തനി നിറത്തിൽ കാണിപ്പാൻ അവരിൽ അധികംപേരും മതിയാകാതെയാണിരിപ്പ്. അനുജത്തിമാരുടെ ഗതാനുഗതികത്വംകൊണ്ടു ജ്യേഷ്ഠത്തിയായി മലയാളത്തിലെ മാതൃകാനായിക. അവളെ അതിശയിക്കത്തക്ക രൂപവും ശീലവുമിണങ്ങിയ മഹിളാമണികളെ കാണ്മാൻ കൈരളിക്കു കഴിഞ്ഞിട്ടില്ലെന്നില്ല. പക്ഷെ അവർ വല്ല ബംഗാളികളൊ തമിഴരൊ ആയിരിക്കുമെന്നേയുള്ളു. ചുരുക്കത്തിൽ നാടൻജീവിതത്തിന്റെ നാനാവശങ്ങൾ ചിത്രീകരിക്കുന്ന ഒരു ബങ്കിമചന്ദ്രനാകുവാൻ—ഛേ, അത്ര വേണ്ട, ഒരു ഹെൻറിഉഡ്ഡെങ്കിലുമാകുവാൻ—ആൎക്കും കഴിഞ്ഞിട്ടില്ല. പരീക്ഷിക്കുമ്പോഴെക്കും പിന്മാറിയിട്ടുള്ളവരാണ് എല്ലാവരും. അടിക്കടി രണ്ടോ നാലോ നോവലെഴുതി കുറവും കുററവും മനസ്സിലാക്കിപ്പോക്കുവാൻവേണ്ട ക്ഷമയും ഉത്സാഹവും അവസരവും ഒരാൾക്കും കൈവരാതെ പോയി. ആഖ്യായികാകാരന്മാരെന്നു പ്രസിദ്ധിനേടുവാൻ കഴിഞ്ഞവർ ചിലരുണ്ടെങ്കിൽ അവർ പോയവഴി ഒന്നു വേറെയാണ്. സി. വി., അപ്പൻതമ്പുരാൻ, കെ. എം. പണിക്കർ മുതലായവരാണല്ലോ നമ്മുടെ അഭിമാനസ്തംഭങ്ങൾ. അവരെല്ലാം ചരിത്രശകലങ്ങളെ യഥാമതി യോജിപ്പിച്ചു കഥാനിൎമ്മിതി സാധിച്ചിട്ടുള്ളവരാണ്. ഇങ്ങനെ പറഞ്ഞതുകൊണ്ടു മനുഷ്യസ്വഭാവനിരീക്ഷണത്തിൽ അവർ വിജയം നേടിയിട്ടില്ലെന്നൎത്ഥമാക്കേണ്ടതില്ല. ചരിത്രത്തിന്റെ നാലതിരുകൾക്കുള്ളിൽനിന്ന് എന്തൊക്കെ ചെയ്യാമോ അതെല്ലാം അവർ യഥാശക്തി ഭംഗിയായി നിൎവ്വഹിച്ചിട്ടുണ്ട്. പക്ഷേ "Truth is stranger than fiction" (സംഭവം സങ്കല്പത്തേക്കാൾ അസാധാരണമായിരിക്കും) എന്നുള്ളതിനാൽ അവൎക്കു മററു കഥാകാരന്മാരോളംതന്നെ പാത്രങ്ങളുടെ നാനാത്വവും തന്മയത്വവും പുലൎത്തുവാൻ കഴിവില്ലെന്നുമാത്രം.

ചരിത്രകഥാകാരന്മാരിൽ ഇപ്പോഴും മേൽക്കുമേൽ എഴുതിക്കൊണ്ടിരിക്കുന്ന ഒരേഒരാൾ സർദാർ കെ. എം. പണിക്കർ അവർകളാണ്. ദേശസഞ്ചാരവും പഠിപ്പുംകൊണ്ടു ഉത്തേജിതമായ അദ്ദേഹത്തിന്റെ കല്പനാശക്തി കാൎയ്യാന്തരബഹളത്തിലും കൈരളീസേവനതല്പരതയോടെ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. കല്യാണമൽ, പറ

ങ്കിപ്പടയാളി, പുണർകോട്ടസ്വരൂപം എന്നിങ്ങനെ അദ്ദേഹത്തിന്റെ നോവലുകൾതന്നെ പലതുണ്ട്. അവ, കേരളത്തിന്റേയും ഭാരതത്തിന്റേയും അഭിമാനഭാജനങ്ങളായ പല പല പാത്രങ്ങളെ, ചരിത്രത്തിലെ ഇരുട്ടറകളിൽനിന്നു സഹൃദയമണ്ഡലത്തിലേക്കാനയിച്ചു, പൂർവ്വവൽഭാസമാനങ്ങളാക്കി കാണിക്കുന്നു. പ്രകൃതത്തിൽ വിമർശനീയമായ കേരളസിംഹവും ആ ധർമ്മം നിർവ്വഹിക്കുന്ന ഒന്നാണ്. മി. പണിക്കർ ഉപയോഗപ്പെടുത്തിയ ചരിത്രാംശങ്ങൾ, എത്ര അഭിമാനാവഹങ്ങളായാലും, അതേരൂപത്തിൽ തന്നെ കിടക്കുന്നിടത്തോളംകാലം ആരേയും അത്ര ആകർഷിച്ചുവെന്നുവരില്ല. നോവലിൽ കയറിയപ്പോഴോ അവ എവനും വായിച്ചു രസിക്കാവുന്നവയായി. ഈ ഉപകാരത്തിനു കേരളീയർ മി. പണിക്കരോടു വളരെ കടപ്പെട്ടിരിക്കുന്നു.

കേരളസിംഹത്തിലെ കഥ:—

വടക്കെ മലബാറിൽ കോട്ടയം രാജാക്കന്മാർ പണ്ടുപണ്ടേ പ്രസിദ്ധിപെററവരാണ്. കലാവാസനകൊണ്ടും കാര്യജ്ഞാനംകൊണ്ടും അവരിൽവെച്ച് ഏററവും കേമനായ കേരളവർമ്മയാണ് കഥയിലെ നായകൻ. പഴശിയിൽ താമസിച്ചിരുന്ന അദ്ദേഹത്തെ പഴശിരാജാവെന്നു പറഞ്ഞാലാണു അധികംപേരുമറിയുക. ബ്രിട്ടീഷ ഭരണാരംഭത്തിൽ ദേശാഭിമാനത്തോടുകൂടി പടവെട്ടി പ്രാഭവം നിലനിർത്തിയ അദ്ദേഹത്തിന്റെ യുദ്ധതന്ത്രം നെപ്പോളിയന്റെ പ്രതിയോഗിയായ ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടനെക്കൂടി ശതകം ചൊല്ലിച്ചിട്ടുണ്ട്. മലനാട്ടിലെ മികച്ച സമരോപായങ്ങളുടെ ഒന്നാന്തരം ഉദാഹരണമായിത്തീരുമാറു, കേരളവർമ്മ പഴശിരാജാവു് നടത്തിയ കോട്ടയംനഗരാക്രമണമാണ് കഥയുടെ മൂർദ്ധന്യം. പ്രസ്തുത വിജയത്തിനു സാധകബാധകങ്ങളായി ഉണ്ടായിരുന്ന പരിതഃസ്ഥിതികൾ കഥയുടെ മാംസമജ്ജാദികളായിത്തീർന്നിരിക്കുന്നു. ഒരുഭാഗത്തു, ബ്രി: സേനാധിപനായ കർണ്ണൽ വെല്ലസ്ലി ഉപസേനാനായകന്മാരേയും ഭടന്മാരേയും യഥാസ്ഥാനം ഏർപ്പെടുത്തി, നാട്ടിൽ തലവന്മാരെ അടക്കിയും ഒതുക്കിയും പഴശിയെ തുരത്തുവാൻ രാപ്പകൽ പരിശ്രമിക്കുന്നു; മറുഭാഗത്തു, കേരളവർമ്മ തന്റെ പടത്തലവന്മാരെ അങ്ങുമിങ്ങും സ്ഥാപിച്ചു, സ്വന്തം ആസ്ഥാനം കാട്ടിലേക്കു മാററി, അവിടെയിരുന്നു ചരടുപിടിച്ച് എതിർകക്ഷിയെ ഇടവിടാതെ അലട്ടിക്കൊണ്ടിരിക്കയും മിടുക്കന്മാരായ അപസർപ്പകന്മാരെക്കൊണ്ടു ശത്രുതന്ത്രങ്ങൾ അപ്പപ്പോൾ മനസ്സിലാക്കി, മറുകൈകണ്ടു, കൈവിട്ടുപോയ കോട്ടയം വീണ്ടെടുക്കുവാനുള്ള ഉപായങ്ങൾ നോക്കിക്കൊണ്ടിരിക്കയും ചെയ്യുന്നു. ഈ രാഷ്ട്രീയകഥക്കു പിൻബലമായി പ്രേമവൈരങ്ങൾ ഇടകലർന്ന രണ്ടുനാലുപകഥകൾ കവി നിബന്ധിച്ചിട്ടുണ്ട്. അവയിൽ പ്രധാനം, ഒരുഭാഗത്തു സുപ്രവൈസരുടേയും മറുഭാഗത്തു് അമ്പുനായരുടേയും

തോളിൽ കൈവെച്ചു നില്ക്കുന്ന ചിരുതക്കുട്ടിയുടെ കഥയാണ്. സുപ്രസിദ്ധമയേ കൈതേരിത്തറവാട്ടിൽ ഉണ്ണിയമ്മയും മാക്കംകെട്ടിലമ്മയും തമ്മിലുള്ള വടംവലി മറെറാരു കഥ. ഉണ്ണിനങ്ങയും അമ്പുവും തമ്മിലും, നീലുക്കുട്ടിയും കമ്മുവും തമ്മിലുമുള്ള അനുരാഗബന്ധങ്ങൾ വേറെ രണ്ടുപകഥകളായിട്ടുണ്ട്. ഇവ കഴിച്ചാൽ അവസാനം പഴശിയുടെ പക്ഷത്തിലേക്കു മൈസൂർ പടയിൽനിന്നു ചോന്നുകിട്ടിയ ചാക്കരായന്റെ കഥയേയുള്ളൂ.

വായനക്കാരെ ഹഠാദാകർഷിക്കുമാറു്, ഉണ്ണിനങ്ങയെ അമ്പുനായർ കാളരാത്രിയിൽനിന്നു രക്ഷിക്കുന്ന സംഭവം വർണ്ണിച്ചുകൊണ്ടുള്ള കഥാരംഭം തരക്കേടില്ല. നായകന്റെ ഒന്നാമത്തെ കർമ്മസചിവനാണല്ലോ അമ്പുനായർ. അദ്ദേഹത്തിന്റെ പരാക്രമത്തിനു മാദകമാകത്തക്കൊരു സൌന്ദര്യധാമത്തോടൊന്നിച്ചു് അദ്ദേഹത്തെ ആദ്യമേ അവതരിപ്പിച്ചതിൽ ഉചിതജ്ഞത കാണുന്നുണ്ട്. പ്രസ്തുതരംഗം മാർത്താണ്ഡവർമ്മയിലെ ആദ്യത്തെ രംഗത്തെ അനുസ്മരിപ്പിക്കുന്നതാണ്. പിന്നത്തെ അദ്ധ്യായങ്ങളിൽ, നായകപ്രതിനായകന്മാരുടെ പരസ്പരാഭിഭവശ്രമങ്ങൾ, ആകാംക്ഷക്കു വിഘാതം വരാത്തമട്ടിൽ വർണ്ണിതമായിരിക്കുന്നു. ഇരുപക്ഷക്കാർക്കും കാര്യത്തിന്റെ കിടപ്പു നല്ലപോലെ മനസ്സിലായിട്ടുണ്ട്. ആറാമദ്ധ്യായത്തിൽ കർണ്ണൽ പറയുന്നു— "നിങ്ങൾ വിചാരിക്കുന്നതുപോലെ ഒരു പടക്കളത്തിൽ രണ്ടു കൂട്ടക്കാരും അണിനിരന്നുനിന്നു് അങ്ങോട്ടും ഇങ്ങോട്ടും കൊല്ലുകയല്ല, ഏതായാലും എന്റെ യുദ്ധരീതി അങ്ങനെയല്ല; ഞാൻ കണ്ടിടത്തോളം കൊണ്ടു കേരളവർമ്മയുടെ രീതിയും അതല്ല. എന്റെ രീതി അയാൾക്കറിയാം, അയാളുടെ രീതി എനിക്കും." പഴശിരാജാവും കർണ്ണൽ വെല്ലസ്ലിയും ആ രീതി പ്രവൃത്തിയിൽകൊണ്ടുവന്നതെങ്ങനെയെന്നു മി. പണിക്കർ നല്ലപോലെ വിശദമാക്കിയിട്ടുണ്ട്. അമ്പുനായർ, കൈകൻ നായർ, തലക്കൽ ചന്തു, മൊയ്തീൻ എന്നിങ്ങനെ ഗജകേസരികളായ പലരേയും സ്വാധീനപ്പെടുത്തി അവരെക്കൊണ്ടു് എതിരാളിയെ അങ്ങുമിങ്ങുംവെച്ചു പൊടുന്നനവെ ആക്രമിപ്പിക്കുവാനും, നാട്ടാരുടെ സ്നേഹാദരങ്ങളെ നഷ്ടപ്പെടുത്താതിരിക്കാനും പഴശിരാജാവു ചെയ്യുന്ന ശ്രമങ്ങൾ, ഒരു വിപ്പിനു മണത്തന യുദ്ധംവരേയും, മറെറാരു വിപ്പിനു കോട്ടയം നഗരാക്രമണംവരേയും അദ്ദേഹം കനിഷ്ഠനാടൊന്നു ഭദ്രമായിണക്കിയിരിക്കുന്നു. അവയുടെ ഇടക്കണ്ണികളോ ഉപകഥകൾ. നായകയത്നങ്ങൾ അനുപദം ഫലപ്പെടുന്നതിനൊപ്പം പ്രതിനായകകൃതങ്ങളായ പ്രതിബന്ധങ്ങൾവർദ്ധിച്ചുവരുന്നുണ്ട്. മൂർദ്ധന്യം ജനവിഭീഷകങ്ങളായ കൊടുംകൊലകളിലാണ്. അവകൊണ്ടു ജനങ്ങളാകെ അടങ്ങിക്കഴിഞ്ഞെന്നു കരുതി ഉദ്യോഗക്കയററത്തിൽ കണ്ണുവെക്കുന്ന വെല്ലസ്ലിയെ, അദ്ദേഹത്തിന്റെ അന്ധാളിത്തത്തിനൊരു പാഠമായിട്ടെന്നവണ്ണം പഴശി കാക്കാപ്പുറത്തുവെച്ചുടിപ്പെടുത്തുന്നതസ്സലായിരിക്കുന്നു. വിജയ

ഭൂഷിതനായ രാജാവു്, ഒടുവിൽ, കോട്ടയത്തു കൊട്ടാരത്തിൽനിന്നു ത്തൈക്കവിളയാടി അയക്കുന്ന നീട്ടാണെങ്കിൽ പൊടിപാറിയിട്ടുണ്ടു്.

ഉപകഥകൾ.

ഉപകഥകൾ വേണമല്ലോ ഏതു കഥയിലും വിഷമതകൾ അടിക്കടി നീക്കിക്കൊണ്ടിരിക്കുവാൻ. സി. വി. യെപ്പോലെ മി. പണിക്കരും കൊണ്ടുവന്നിട്ടുള്ള പ്രേമവൈരോപകഥകൾ പ്രധാനകഥയോടു വേണ്ടത്ര ഇണങ്ങിക്കാണുന്നുണ്ടു. പരമാർത്ഥത്തിൽ അവയാണു കഥക്കു കൊഴുപ്പുണ്ടാക്കുന്നതെന്നു പറയാം. രാഷ്ട്രീയമത്സരകഥയാണു പ്രധാനമെന്നിരുന്നാലും അതിന്റെ കിടപ്പു രേഖാമാത്രമായേ വായനക്കാർക്കു തോന്നുകയുള്ളു. ചിരുതക്കുട്ടിയുടേയും പഴയംവീടന്റേയും ഉപകഥകൾ, ഉഭയപക്ഷങ്ങളിലേയും ഉപജാപങ്ങളുടെ കേന്ദ്രങ്ങളായിരിക്കുന്നു. രാജപക്ഷത്തിലേക്കു ചിരുതക്കുട്ടിയും, അധിരാജപക്ഷത്തിലേക്കു പഴയംവീടനുമാണു് ഉപജാപങ്ങളുടെ കൈമാററക്കാർ. ചിരുതക്കുട്ടിയുടെ നയവും നിലയും നിമിത്തം അവളുടെ തന്ത്രങ്ങൾ ഒളിഞ്ഞും, പഴയംവീടന്റെ സ്വാർത്ഥദൂഷിതമായ മനസ്സും അതിന്റെ മണ്ടത്തരവും നിമിത്തം അയാളുടെ വഞ്ചനകൾ പൊളിഞ്ഞുമാണു കിടക്കുന്നതു്. മധ്യസ്ഥന്മാരായ ചന്ത്രോത്തു യജമാനനും മൂസാമരയ്ക്കാരുമാണെങ്കിൽ ഉള്ളുകൊണ്ടു രാജാവിന്നനുകൂലികളാണു താനും. 'ഐശ്വര്യലബ്ധിക്കിനിയെന്തു വേണം?' കാട്ടിൽ കടന്നു രക്ഷപ്പെട്ടു്, ഏറെ നാൾ തന്റെ അനുയായികളെ പിടിയിൽതന്നെ നിറുത്തി, ക്രമേണ വിജയമാർഗ്ഗത്തിൽ കാൽവെക്കുവാൻ പഴശിക്കു് ആ കൂട്ടുകെട്ടാണു കാര്യമായുപകരിക്കുന്നതു്. എന്നിട്ടും കോട്ടയം കൈവശപ്പെടുത്തേണ്ട ദിക്കാകുമ്പോൾ അദ്ദേഹത്തിനു മറെറാരാളെ കൂട്ടുപിടിക്കേണ്ടിവരുന്നു. അയാളാണു ചൊക്കരായൻ. കമ്പിനിയാന്മാരുടെ അധഃപതനം കുറിച്ചുകൊണ്ടാപതിക്കുന്ന കൊള്ളിമീനാണു ചൊക്കരായനെന്നു പറഞ്ഞാൽ അത്ര തെററില്ല.

രംഗക്കൊഴുപ്പു്

ഒന്നാമത്തെ രംഗത്തെപ്പററി പറഞ്ഞിട്ടുണ്ടല്ലോ. എടുത്തു പറയത്തക്ക പൊടിയൻ രംഗങ്ങൾ വേറേയുമുണ്ടു്. പത്താമത്തേയും ഇരുപതാമത്തേയും അദ്ധ്യായങ്ങളിൽ കഥകളിപ്പദങ്ങൾകൊണ്ടാകർഷകമാക്കിക്കൊള്ളിച്ചിട്ടുള്ള രംഗങ്ങൾ രസികന്മാർ മറക്കുകയില്ല. നായികാനായകന്മാരുടെ അന്തർല്ലീനവും അകളങ്കോദാരവും അസീമവുമായ അനുരാഗത്തെ വ്യഞ്ജിപ്പിക്കുമാറു, തികച്ചും സന്ദർഭോചിതമായി കിർമ്മീരവധത്തിൽനിന്നും നളചരിതത്തിൽനിന്നും പദങ്ങൾ തിരഞ്ഞെടുത്തു ഘടിപ്പിച്ച മി. പണിക്കരുടെ കലാഭിജ്ഞതയെ കുമ്പിടുകതന്നെ വേണം. കേരളവർമ്മയെക്കൊണ്ടു ബാഹുകവേഷം കെട്ടിച്ചതിലുള്ള ഔചിത്യം കുറച്ചൊന്നുമല്ല. 'ജാതി, ജാതാനുകമ്പാഭവ' എന്നാരംഭി

ക്കുന്ന ശ്ലോകമാണെങ്കിൽ നായികാനായകന്മാരുടെ ബന്ധത്തെ ശബളീകരിച്ചിരിക്കുന്നു. വെറും ചരിത്രകാര്യവിവരണങ്ങൾക്കിടയിൽ ഉറങ്ങിയേക്കാവുന്ന അനുവാചകാവധാനത്തെ ഉണർത്താൻ ആ രംഗങ്ങൾ ഉതകുന്നുണ്ടു്. പതിമൂന്നിലേയും ഇരുപത്തിരണ്ടിലേയും അന്തിമരംഗങ്ങളും മികച്ചവതന്നെ. 'എന്തെടാ ചന്തു?' എന്നു കേൾക്കുമ്പോഴേക്കും ആളെയറിഞ്ഞു് 'അടിയൻ' എന്നുമൊഴിഞ്ഞു് അനങ്ങാതെ നില്ക്കുന്ന പഴയംവീടന്റെ ചിത്രം മാച്ചാലുംമായുകയില്ല. എന്നാൽ ചിരുതക്കുട്ടിയുടെ ദുരന്തവും കൈതേരിയിലെ ഭവനദാഹവും വർണ്ണിക്കുന്ന ഭാഗങ്ങൾക്കു കൊഴുപ്പു മതിയായോ എന്നൊരു ശങ്ക. 'പിന്നുണ്ടായ കോലാഹലം വർണ്ണിക്കാൻ വയ്യെ'ന്നു മി. പണിക്കർതന്നെ എഴുതി പറഞ്ഞിട്ടുള്ളതു വാസ്തവമെങ്കിൽ, ഇതാ 'ഖണ്ഡനാപക്ഷേപം' പിൻവലിച്ചുകൊള്ളുന്നു. കേരളവർമ്മയുടെ നഗരാക്രമണം കോരിത്തരിപ്പിനു കാരണമാകുന്നില്ലെങ്കിൽ, ഉപജാപങ്ങൾ നിരുപപ്ലവങ്ങളാണല്ലോ എന്നു വായനക്കാരൻ സമാധാനിച്ചുകൊള്ളട്ടെ.

**സമുദായചിത്രവുമായിട്ടുണ്ടു്**

രാഷ്ട്രീയമത്സരകഥകളിൽ ജീവിതചിത്രണത്തിനവസരം വളരെക്കുറയും. വിശ്രുതമായ വിശാഖദത്തകൃതിതന്നെ നോക്കുക. രണ്ടു മന്ത്രിവര്യന്മാരുടെ കുതന്ത്രങ്ങളിൽ കവിഞ്ഞൊന്നും അതിലില്ല. ഈ തരക്കേടു പരിഹരിക്കുവാൻ ഉപകഥകൾ തടിപ്പിക്കുകയാണു പലരും ചെയ്യാറ്. എന്നിട്ടും 'സസേമിര' എന്നു വന്നതിനുദാഹരണങ്ങളുണ്ടു്. 'കേരളസിംഹം' അങ്ങനെയല്ല. പണ്ടത്തെ കേരളത്തിലെ രാഷ്ട്രീയവും സാമുദായികവുമായ നടപടികളുടെ ദർപ്പണമാകാൻ ഏറെക്കുറെ അതിനു സാധിച്ചിരിക്കുന്നു. നാടും കോയ്മയും തമ്മിലുള്ള ബന്ധവും കുറിച്യരുടെ (കുറ്റിക്കാടുകളിൽ താമസിക്കുന്നവർ) ഒളിഞ്ഞും തെളിഞ്ഞുമുള്ള യുദ്ധസമ്പ്രദായവും മനസ്സിലാക്കുവാൻ 'കേരളസിംഹം' വായിച്ചാൽ മതി. 'കുറിഞ്ചിപ്പൂക്കുമൊൻപോലവും' എന്ന തമിഴരുടെ ഉപമ പഴശിയുടെ കുറിച്യർക്കു് വളരെ യോജിക്കും. നാടുവാഴികളുടേയും കച്ചവടത്തലവന്മാരുടേയും സ്ഥിതിഗതികൾ ദൃഷ്ടാന്തീകരിക്കാൻ പറ്റിയവയാണു് ചന്ത്രോത്തേയും മൂസാമരയ്ക്കാരുടേയും കാര്യങ്ങൾ. കൈതേരിയിലെ കഥ നായർസമുദായത്തിലെ ജീവിതത്തിലേക്കൊരു കണ്ണോട്ടമായിട്ടുണ്ടു്. സഹോദരിമാരുടെ കിടമത്സരം ചിത്രീകരിച്ചതു് രസികനായിരിക്കുന്നു. കെട്ടിലമ്മമാരുടെ സാപത്ന്യദൂഷിതമല്ലാത്ത ജീവിതം അനുഭവത്തേക്കാൾ ആദർശമല്ലേ കാണിക്കുന്നതെന്നു തോന്നാം.

**പാത്രനിർമ്മാണമോ?**

ചരിത്രകഥകളിൽ പാത്രങ്ങളൊട്ടുമുക്കാലും നാമരൂപങ്ങൾകൊണ്ടു കഴിയും. യുദ്ധം വർണ്ണനീയമായിട്ടുണ്ടെങ്കിൽ കുറേപ്പേർ പരാക്രമ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ങ്ങൾ നടത്തിയവരായി കാണുകയും ചെയ്യും. 'കേരളസിംഹം' ആ ഉത്സർഗ്ഗത്തിനൊരു അപവാദംതന്നെ. ഉണ്ണിയമ്മയേയും മാക്കത്തിനേയും ഇക്കണ്ടൻനായരേയും മററും അത്രവേഗം ആരും മറക്കുകയില്ല. ചിരുതക്കുട്ടിയുടെ സൃഷ്ടി അഭിനന്ദനീയമായിരിക്കുന്നു. 'സുഭദ്ര'യെ അനുസ്മരിപ്പിക്കുന്ന അവളിൽ ഒന്നാന്തരമൊരു 'റിയലിസം' ഉണ്ടു്. എന്താണെന്നോ? വടക്കെ മലബാറിൽ വെള്ളപ്പട്ടാളത്തിൽനിന്നു വിളഞ്ഞ ആ 'അങ്ങുമിങ്ങും തൊടാത്ത' സമുദായത്തിന്റെ പ്രാഗ്രൂപം അവളിൽ പ്രതിബിംബിക്കുന്നതുതന്നെ. അമ്പുനായരും കുങ്കൻനായരും കേരളത്തിന്റെ അഭിമാനപാത്രങ്ങളായിരിക്കുന്നു. അനന്തപത്മനാഭനേയും വെല്ലുന്ന അമ്പുനായരുടെ ജീവിതത്തിൽ പൊൻകതിർവീശാനുപകരിക്കുന്നൊരു പാത്രമാണു് ഉണ്ണിനങ്ങ. പാറുക്കുട്ടിയുടെ വേറൊരു പതിപ്പായ ആ കന്യകാരത്നം വാളിനു പൊൻപിടിപോലെ വിളങ്ങുന്നു. കേരളവർമ്മയെ ഉൽഭാവനം ചെയ്യുന്നതിൽ മി. പണിക്കർ വളരെ മനസ്സിരുത്തിയിട്ടുണ്ടു്, നമ്പ്യാർ ഹതനായിട്ടും അദ്ദേഹം, കുലുങ്ങാതെ, ദിനചര്യകൾ മാററാതെ, പ്രത്യുല്പന്നമതിയായി പ്രതിവിധികണ്ടുവെച്ചു് ഒട്ടുനാൾ ഉദാസീനത നടിക്കുന്ന കാഴ്ച കാണേണ്ടതാണു്. പക്ഷേ ചൊക്കരായനോടുള്ള പെരുമാററത്തിൽ അദ്ദേഹം അത്രക്കു തന്ത്രവിശദീകരണത്തിന്നൊരുങ്ങേണ്ടിയിരുന്നുവോ ആവോ. ഏതായാലും 'പഴശിയുടെ 'കേരളസിംഹത്വം' ആ ഭാഗംകൊണ്ടൊന്നു് ഇടിയുകയല്ലേ ചെയ്യുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വെല്ലസ്ലിയുടെ സ്വഭാവം വേണ്ടുവോളം വിശദമായിട്ടുണ്ടു്. അതിൽ കരിതേക്കാഞ്ഞതു നായകോൽക്കർഷത്തിനുതന്നെ മാററു വർദ്ധിപ്പിച്ചിട്ടുണ്ടു്.

കല്യാണമല്ലിനോടുപമിച്ചാൽ —

മി. പണിക്കരുടെ കൃതികളെല്ലാം പൊടുന്നനവേ എഴുതപ്പെട്ടവ പോലെയിരിക്കുന്നു. 'Spontaniety'കൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും അവയ്ക്കുണ്ടു്. അത്ര ഉദ്ധർഷകരങ്ങളാണു് അവയെന്നു പറഞ്ഞുകൂടാ. എന്നിരുന്നാലും പറയത്തക്ക പോരായ്മകളൊന്നുമില്ലാത്ത സ്വതന്ത്രകൃതികളെന്ന നിലയിൽ അവയെല്ലാംതന്നെ മലയാളഭാഷയ്ക്കാഭരണങ്ങളാണു്. 'കല്യാണമൽ' വായിക്കുമ്പോൾ, മി.പണിക്കരുടെ ഭാവനക്കു് കുറെയേറെ ഉയർന്നുപറക്കാമെന്നു ബോദ്ധ്യമാകുന്നുണ്ടു്. അതിലെന്നപോലെ മററു കൃതികളിലും അദ്ദേഹം മനസ്സിരുത്തിയിരുന്നെങ്കിൽ—ഛെ, അങ്ങനെ പറയാൻ വയ്യ; നിരന്തരമായി മററു ജോലികളിരിക്കെ ഇത്രയും ചെയ്യുന്നതിനുതന്നെ, പാവപ്പെട്ട കൈരളി, അദ്ദേഹത്തോടു നന്ദി പറയുക.

കരക്കുനിന്നു കാണുന്നതിനു പകരം ഒഴുക്കിലിറങ്ങി നീന്താൻ നിരൂപകൻ ശ്രമിച്ചുനോക്കി. ഒപ്പമെത്തിയെന്നഭിമാനമില്ല.

കൈരളി.